# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ-670001

ഇ-മെയിൽ: corpknr.ksad@gov.in
ഫോൺ : 0497-2700581

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എൻ.സി/ബി1/361/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ-670001
തീയ്യതി: 12/07/2022
ഇ-മെയിൽ: corpknr.ksad@gov.in
ഫോൺ: 0497-2700581

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ബഹു.മേയർ (സെക്രട്ടറി മുഖേന)
കണ്ണൂർ കോർപ്പറേഷൻ

സർ,

വിഷയം : കണ്ണൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2.തദ്ദേശ സ്വയംഭരണ സെക്രട്ടറി,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

5.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എൻ.സി/ബി1/361/2022 തീയ്യതി: 12/07/2022

## കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 121 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജയരാജൻ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-03-2022 | 16-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2022 | 16-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.എ.ആർ.ജിതേന്ദ്രൻ (ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ))
2. ശ്രീ.കിരൺദാസ്.പി (ഓഡിറ്റ് ഓഫീസർ)
3. ശ്രീമതി.പത്മാസിനി നായർ (ഓഡിറ്റ് ഓഫീസർ)
4. ശ്രീമതി.ഷീല.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
5. ശ്രീ. സനിൽപ്രസാദ്.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
6. ശ്രീ.മനോഹരൻ.എ.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
7. ശ്രീ.ലതീഷ് കുമാർ.കെ.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

8. ശ്രീ.ബാബു കിഴക്കേവീട്ടിൽ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
9. ശ്രീമതി.ബിസ്മി എസ് നായർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
10.ശ്രീ.ജഗദീശ് ചന്ദ്ര.പി.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുമ ബാലകൃഷ്ണൻ | മേയർ | 01-04-2020 | 12-06-2020 |
| ശ്രീ രാഗേഷ്.പി.കെ(ഇൻ-ചാർജ്) | മേയർ | 13-06-2020 | 07-07-2020 |
| ശ്രീമതി.സി.സീനത്ത് | മേയർ | 08-07-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | മേയർ | 12-11-2020 | 27-12-2020 |
| അഡ്വ.ടി.ഒ.മോഹനൻ | മേയർ | 28-12-2020 | 31-03-2021 |
| ഡി.സാജു | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.യു.എസ്.സതീശൻ | അഡീഷണൽ സെക്രട്ടറി | 01-04-2020 | 13-08-2020 |
| ശ്രീമതി അനിത.ബി | അഡീഷണൽ സെക്രട്ടറി | 14-08-2020 | 23-08-2020 |
| ശ്രീ ആർ.രാഹേഷ് കുമാർ | അഡീഷണൽ സെക്രട്ടറി | 24-08-2020 | 31-03-2021 |
| ശ്രീ വത്സൻ പുതിയ പുരയിൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ രാകേഷ്.പി | എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ബിജു.പി.വി | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (സെക്ഷൻ-1) | 01-04-2020 | 31-03-2021 |
| ശ്രീ.രഞ്ജിത്ത്.പി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ-2) | 01-04-2020 | 31-03-2021 |
| ശ്രീ.പ്രകാശ് ബാബു.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ-3) | 01-04-2020 | 31-03-2021 |
| ശ്രീ.ഷജിൽ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-1) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ലിസിന പുതുശ്ശേരി | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-2) | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ ആർ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-3) | 01-04-2020 | 31-03-2021 |
| ശ്രീ.അലസ്റ്റർ ജോസഫ് വനരയ്ക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-4) | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ റോസ് ലിൻ | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-5) | 01-04-2020 | 05-10-2020 |
| ശ്രീ.ഗിരീഷ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-5) | 06-10-2020 | 16-10-2020 |
| ശ്രീമതി അമ്പിളി ആനന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-5) | 16-10-2020 | 31-03-2021 |
| ശ്രീ. അഖിൽ | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-6) | 01-04-2020 | 31-03-2021 |
| ശ്രീ. ഗിരീഷ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-7) | 01-04-2020 | 31-03-2021 |
| ശ്രീ.നൂറുദ്ദീൻ.എസ്.എം | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 01-04-2020 | 21-05-2020 |
| ശ്രീമതി ബേബി റീന | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 21-05-2020 | 22-05-2020 |
| ശ്രീ.കെ.വി.സുരേഷ് | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 22-05-2020 | 15-06-2020 |
| ശ്രീ.എ.സുരേഷ് നെൽസൺ | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 15-06-2020 | 23-07-2020 |
| ശ്രീ.ഹരികുമാർ.കെ.ജി | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 23-07-2020 | 16-12-2020 |
| ശ്രീ.എ.സുരേഷ് നെൽസൺ | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 17-12-2020 | 28-12-2020 |
| ശ്രീ.ഹരികുമാർ.കെ.ജി | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 28-12-2020 | 27-02-2021 |
| ശ്രീ.ജിതേഷ്.സി.വി | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 27-02-2021 | 03-03-2021 |
| ശ്രീ.ജോസഫ് ജോഷി വർഗീസ് | ഡെപ്യൂട്ടി ഡയരക്ടർ,അഗ്രിക്കൾച്ചർ | 03-03-2021 | 31-03-2021 |
| ഡോ.രാം മോഹൻ ഷെട്ടി | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 25-06-2020 |
| ഡോ.അനീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 25-06-2020 | 31-03-2021 |
| ശ്രീ.ബാബുരാജൻ.എം.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ ,കണ്ണൂർ | 01-04-2020 | 31-05-2020 |
| ശ്രീമതി രമ്യശ്രീ. പി. വി | ഫിഷറീസ് സബ് | 01-06-2020 | 30-06-2020 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ,കണ്ണൂർ | | |
| ശ്രീമതി സരിത. കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ,കണ്ണൂർ | 01-07-2020 | 04-11-2020 |
| ശ്രീ.രജീഷ്.ടി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ,കണ്ണൂർ | 05-11-2020 | 31-03-2021 |
| ഡോ.സാഹിറ ബാനു | മെഡിക്കൽ ഓഫീ സർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകല | മെഡിക്കൽ ഓഫീ സർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സജീഷ് ചന്ദ്രൻ (ഇൻ-ചാർജ്) | അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി (അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീമതി വിമ തെക്കമ്പേത്ത് | പ്രിൻസിപ്പൾ, ജി. വി. എച്ച്. എസ്. എസ്. കണ്ണൂർ | 01-04-2020 | 31-03-2021 |
| ശ്രീ.വേണു.എ | എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാധാകൃഷ്ണൻ.എം | ഹെഡ് മിസ്ട്രസ്, ജി.യു.പി.സ്കൂൾ, താവക്കര | 01-04-2020 | 31-03-2021 |
| ശ്രീ.വത്സൻ | ഹെഡ് മാസ്റ്റർ, ടൗൺ ജി.എച്ച്.എസ് | 01-04-2020 | 31-05-2020 |
| ശ്രീമതി അനിത | ഹെഡ് മാസ്റ്റർ, ടൗൺ ജി.എച്ച്.എസ് | 02-06-2020 | 31-03-2021 |
| ശ്രീ.മണിപ്രസാദ്.പി | പ്രൊജക്ട് ഓഫീസർ, അർബൻ ദാരിദ്ര്യ നിർമ്മാർജന സെ | 01-04-2020 | 11-03-2021 |
| ശ്രീ ശ്രീജിത്ത് | പ്രൊജക്ട് ഓഫീസർ, അർബൻ ദാരിദ്ര്യ നിർമ്മാർജന സെൽ | 12-03-2021 | 31-03-2021 |
| ശ്രീമതി രാജശ്രീ. കെ.മേനോൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 01-04-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ്. പി. വി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 04-11-2020 |
| ശ്രീ.ലിനീഷ്.ടി.കെ | വ്യവസായ വികസന ഓഫീസർ | 05-11-2020 | 23-12-2020 |
| ശ്രീ ജീനു ജോൺ | വ്യവസായ വികസന ഓഫീസർ | 24-12-2020 | 31-03-2021 |
| ശ്രീമതി സുധ.എം | സി.ഡി.പി.ഒ,അർബൻ(താളിക്കാവ്) | 01-04-2020 | 25-09-2020 |
| ശ്രീമതി കെ.ജി.ശോഭകുമാരി | സി.ഡി.പി.ഒ,അർബൻ(താളിക്കാവ്) | 26-09-2020 | 04-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി രേണുക പാറയിൽ | സി.ഡി.പി.ഒ,അർബൻ(താളിക്കാവ്) | 05-10-2020 | 31-03-2021 |
| ശ്രീമതി ജമീല.ടി | സി.ഡി.പി.ഒ,റൂറൽ(പള്ളിക്കുന്ന്) | 01-04-2020 | 30-04-2020 |
| ശ്രീമതി നിഷ പാലത്തടത്തിൽ | സി.ഡി.പി.ഒ,റൂറൽ(പള്ളിക്കുന്ന്) | 01-05-2020 | 15-09-2020 |
| ശ്രീമതി പ്രസന്ന.എ.പി | സി.ഡി.പി.ഒ,റൂറൽ(പള്ളിക്കുന്ന്) | 15-09-2020 | 09-10-2020 |
| ശ്രീമതി ദിവ്യ.സി | സി.ഡി.പി.ഒ,റൂറൽ(പള്ളിക്കുന്ന്) | 09-10-2020 | 31-03-2021 |
| ശ്രീ.അഹമ്മദ് ബഷീർ | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | 01-04-2020 | 30-09-2020 |
| ശ്രീ.മനോജ് കുമാർ. സി | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | 01-10-2020 | 17-11-2020 |
| ശ്രീ.രാംകുമാർ. എം. ആർ | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | 18-11-2020 | 04-02-2021 |
| ശ്രീ.മനോജ്കുമാർ. സി | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | 05-02-2021 | 07-02-2021 |
| ശ്രീ.എ.കെ. ദാമോദരൻ | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | 08-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Padmasini Nair (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 18-03-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Jithendran (Audit Officer, On 24-05-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Padmasini Nair (Audit Officer, On 18-03-2022)<br>Last Updated By: Padmasini Nair (Audit Officer, On 18-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sheela K (Senior Grade Auditor, On 05-05-2022)<br>Last Updated By: Sheela K (Senior Grade Auditor, On 05-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bismi S Nair (Senior Grade Auditor, On 18-03-2022)<br>Last Updated By: Kirandas P (Audit Officer, On 06-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Kirandas P (Audit Officer, On 27-05-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kirandas P (Audit Officer, On 18-03-2022)<br>Last Updated By: Sheela K (Senior Grade Auditor, On 05-05-2022) | 1-10 |
| 11 | വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 15-06-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-11 |
| 12 | സേവനങ്ങൾക്കുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കിയില്ല.നികുതിയേതര വരുമാനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം.<br>Written By: Jithendran (Audit Officer, On 16-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 11-07-2022) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി -ഒടുക്കിയതിൽ കുറവ്<br>Written By: Sheela K (Senior Grade Auditor, On 23-04-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 11-07-2022) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡി.സി.ബി രജിസ്റ്ററിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും ആകെ ഒടുക്കിയ തുകയും മാത്രം ചേർക്കുന്നു<br>Written By: Sheela K (Senior Grade Auditor, On 23-04-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-14 |
| 15 | എടക്കാട് സോണൽ ഓഫീസ്- ജീവനക്കാരുടെ തൊഴിൽ നികുതി – അപാകതകൾ<br>Written By: Sheela K (Senior Grade Auditor, On 16-05-2022)<br>Last Updated By: Sheela K (Senior Grade Auditor, On 16-05-2022) | 1-15 |

| | | |
|---|---|---|
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല<br>Written By: Sheela K (Senior Grade Auditor, On 24-04-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-16 |
| 17 | സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിർണയിച്ച തൊഴിൽ നികുതി തുകയിൽ നിന്നും വ്യത്യസ്തമായ നികുതി ഈടാക്കുന്നു.<br>Written By: Sheela K (Senior Grade Auditor, On 23-04-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-17 |
| 18 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി -പിരിച്ചെടുക്കാത്തത്- സംബന്ധിച്ച്-<br>Written By: Sheela K (Senior Grade Auditor, On 26-04-2022)<br>Last Updated By: Kirandas P (Audit Officer, On 11-07-2022) | 1-18 |
| 19 | സ്ഥാപനങ്ങളുടെ-തൊഴിൽ നികുതി- റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Sheela K (Senior Grade Auditor, On 23-04-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 11-07-2022) | 1-19 |
| 20 | തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ - സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Sheela K (Senior Grade Auditor, On 23-04-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 11-07-2022) | 1-20 |
| 21 | വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Sheela K (Senior Grade Auditor, On 26-04-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-21 |
| 22 | സോണൽ ഓഫീസ് പരിധിയിൽ ജോലി ചെയ്യുന്ന അഭിഭാഷകർ, കരാറുകാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരെ തൊഴിൽ നികുതി സംബന്ധിച്ച ഡി സി ബി രജിസ്റ്ററിൽ ഉൾപ്പെടുത്തണം<br>Written By: Sheela K (Senior Grade Auditor, On 26-04-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-22 |
| 23 | അഭിഭാഷകരിൽ നിന്നും നിശ്ചിത നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല- കോർപ്പറേഷന് വരുമാന നഷ്ടം<br>Written By: Sheela K (Senior Grade Auditor, On 26-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-23 |
| 24 | കണ്ണൂർ നഗരസഭ - ഹെഡ് ഓഫീസ് പരിധിയിൽ തൊഴിൽ ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.<br>Written By: Sheela K (Senior Grade Auditor, On 26-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-24 |
| 25 | കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ-അപാകങ്ങൾ<br>Written By: Sanil Prasad.K (Senior Grade Auditor, On 05-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-25 |
| 26 | ചട്ടത്തിൽ നിഷ്കർഷിച്ച നിരക്കിൽ അധികരിച്ച് ബിൽഡിംഗ് പെർമിറ്റ് ഫീ ഈടാക്കുന്നു.<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-26 |
| 27 | ചട്ടം നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിന്മേൽ തീർപ്പ്കൽപ്പിക്കുന്നില്ല.<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Sanil Prasad.K (Senior Grade Auditor, On 13-05-2022) | 1-27 |

| | | |
|---|---|---|
| 28 | പെർമിറ്റ് കാലാവധി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഫീൽഡ് തല പരിശോധനയിലൂടെ കണ്ടെത്തി അവയുടെ വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച്<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Sanil Prasad.K (Senior Grade Auditor, On 13-05-2022) | 1-28 |
| 29 | ബിൽഡിംഗ് പെർമിറ്റ് - റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ റജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 06-06-2022) | 1-29 |
| 30 | അപേക്ഷ/പ്ലാനിൽ നിന്ന് വ്യത്യസ്തമായി പെർമിറ്റ് അനുവദിക്കുന്നു.<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 05-07-2022) | 1-30 |
| 31 | പെർമിറ്റ് ഫീ/റെഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Sanil Prasad.K (Senior Grade Auditor, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-31 |
| 32 | ഡി & ഒ രജിസ്റ്റർ - സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Latheesh Kumar (Senior Grade Auditor, On 12-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-32 |
| 33 | ഡി & ഒ ട്രേഡ് ലൈസൻസ് സർട്ടിഫിക്കറ്റ് യഥാസമയം കൈമാറുന്നില്ല<br>Written By: Latheesh Kumar (Senior Grade Auditor, On 04-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-33 |
| 34 | സ്വകാര്യ ആശുപത്രിയുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നത് സംബന്ധിച്ച്.<br>Written By: Latheesh Kumar (Senior Grade Auditor, On 12-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-34 |
| 35 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Latheesh Kumar (Senior Grade Auditor, On 13-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-35 |
| 36 | സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ഭേദഗതിചട്ടങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച്.<br>Written By: Latheesh Kumar (Senior Grade Auditor, On 14-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-36 |
| 37 | കണ്ണൂർ നഗരസഭ സോണൽ ഓഫീസ് , പള്ളിക്കുന്ന് - വസ്തു നികുതി കുടിശ്ശികയായി വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 10-05-2022)<br>Last Updated By: Kirandas P (Audit Officer, On 15-06-2022) | 1-37 |
| 38 | കണ്ണൂർ നഗരസഭ എടക്കാട് സോണൽ ഓഫീസ് പരിധിയിൽ വസ്തുനികുതി ഒടുക്കാതെ അനധികൃത റിസോർട്ട് പ്രവർത്തിക്കുന്നു. നഗരസഭയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാവുന്നില്ല.<br>Written By: Manoharan A V (Senior Grade Auditor, On 09-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-38 |
| 39 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കാത്തതു കാരണം നഗരസഭാഫണ്ടിലേക്ക് ലഭിക്കേണ്ട തുക കാലഹരണപ്പെടുന്നു<br>Written By: Manoharan A V (Senior Grade Auditor, On 10-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-39 |
| 40 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Manoharan A V (Senior Grade Auditor, On 15-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-40 |
| 41 | സ്ഥിര നിക്ഷേപം-സ്ഥിര നിക്ഷേപ റജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക | 1-41 |

| | | |
|---|---|---|
| | ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sanil Prasad.K (Senior Grade Auditor, On 17-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | |
| 42 | ഡിവിഡന്റ് ഇനത്തിൽ ലഭ്യമാകുന്ന തുക വിവരം റജിസ്റ്ററിലോ വാർഷിക ധനകാര്യ പത്രികയിലോ ഉൾപ്പെടുത്തുന്നില്ല.<br>Written By: Sanil Prasad.K (Senior Grade Auditor, On 01-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-42 |
| 43 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 14-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-43 |
| 44 | നഗരസഭയുടെ കൈവശമുള്ള സെൻട്രൽ മാർക്കറ്റ് കെട്ടിടസമുച്ചയം നിർമ്മാണം പൂർത്തിയായിട്ടും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Manoharan A V (Senior Grade Auditor, On 13-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-44 |
| 45 | ഗവ.എച്ച്.എസ്.എസ്.കാന്റീൻ നടത്തിപ്പ് – കുടിശ്ശിക വാടക ഒടുക്കണമെന്നുള്ള കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല.<br>Written By: Jithendran (Audit Officer, On 24-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-45 |
| 46 | ടെണ്ടർ ഫോറങ്ങളുടെയും മറ്റ് ഫോറങ്ങളുടെയും സ്റ്റോക്ക് – സോണൽ ഓഫീസുകളിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Kirandas P (Audit Officer, On 16-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-46 |
| 47 | സകർമ്മ സോഫ്റ്റ് വെയർ നഗരസഭയിൽ ഉപയോഗിക്കാത്തത് സംബന്ധിച്ച്.<br>Written By: Jithendran (Audit Officer, On 27-05-2022)<br>Last Updated By: Kirandas P (Audit Officer, On 13-06-2022) | 1-47 |
| 48 | കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ല- ഭൂനികുതി കൃത്യമായി അടവാക്കുന്നില്ല.<br>Written By: Bismi S Nair (Senior Grade Auditor, On 24-05-2022)<br>Last Updated By: Kirandas P (Audit Officer, On 13-06-2022) | 1-48 |
| 49 | യോഗ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടോ എന്നത് തുടർന്നുള്ള കൌൺസിൽ യോഗം വിലയിരുത്തേണ്ടതാണ്.<br>Written By: Jithendran (Audit Officer, On 28-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-49 |
| 50 | പൗരാവകാശ രേഖ തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jithendran (Audit Officer, On 28-05-2022)<br>Last Updated By: Kirandas P (Audit Officer, On 13-06-2022) | 1-50 |
| 51 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിക്കുന്നില്ല- വിശദീകരിക്കേണ്ടതാണ്.<br>Written By: Jithendran (Audit Officer, On 30-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-51 |
| 52 | കോർപ്പറേഷന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങൾക്ക് ടൈഡ് ഫണ്ട് കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Babu Kizhakke Veetil (Senior Grade Auditor, On 25-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-52 |
| 53 | ഇ-ടോയിലറ്റുകൾ പൂട്ടിയിടാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.<br>Written By: Jithendran (Audit Officer, On 25-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-53 |

| | | |
|---|---|---|
| 54 | പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്താവിന് നൽകിയ തുക തിരിച്ച് പിടിച്ചോ എന്ന് വിശദീകരിക്കേണ്ടതാണ്.<br>Written By: Manoharan A V (Senior Grade Auditor, On 28-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-54 |
| 55 | സ്ഥലസൗകര്യം ലഭ്യമാക്കിയില്ല. ആധുനിക ഓട്ടോസ്റ്റാന്റ് പദ്ധതി റദ്ദ് ചെയ്തു.<br>Written By: Jithendran (Audit Officer, On 25-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-55 |
| 56 | 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച 12 ഇന പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കിയില്ല.<br>Written By: Jithendran (Audit Officer, On 30-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-56 |
| 57 | 2003 ലെ സർക്കാർ നിർദ്ദേശം ഇനിയും നടപ്പാക്കിയിട്ടില്ല. തെരുവ് വിളക്ക് ചാർജിനത്തിൽ നഗരസഭ ഫണ്ട് ചോരുന്നു.<br>Written By: Padmasini Nair (Audit Officer, On 30-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-57 |
| 58 | മഴക്കാല പൂർവ്വ ശുചീകരണം -സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Jithendran (Audit Officer, On 01-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-58 |
| 59 | ചേലോറ ഡമ്പിംഗ് ഗ്രൗണ്ടിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കംചെയ്യൽ- ഫയൽ അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Sheela K (Senior Grade Auditor, On 01-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-59 |
| 60 | ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങൽ-മരുന്ന് സ്റ്റോക്കിലെടുത്തില്ല -ചെലവ് തുക ₹18150/- നിരാകരിക്കുന്നു.<br>Written By: Bismi S Nair (Senior Grade Auditor, On 09-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-60 |
| 61 | ലാപ് ടോപ്പ് കുട്ടികൾക്ക് ലഭ്യമാക്കിയില്ല.<br>Written By: Sheela K (Senior Grade Auditor, On 10-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-61 |
| 62 | സിനിയർ വെറ്റിനറി സർജൻ - പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ<br>Written By: Kirandas P (Audit Officer, On 10-05-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-62 |
| 63 | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകൽ ബത്ത നൽകൽ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Latheesh Kumar (Senior Grade Auditor, On 13-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-63 |
| 64 | പോഷകാഹാരവിതരണം അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Latheesh Kumar (Senior Grade Auditor, On 11-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-64 |
| 65 | വിനിയോഗ സാക്ഷ്യപത്രവും കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടില്ല ₹2500000/- ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Latheesh Kumar (Senior Grade Auditor, On 12-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-65 |
| 66 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ - എൻജിനീയറുടെ വാലേഷൻ ഇല്ലാതെ അവസാന ഗഡു അനുവദിച്ചു.<br>Written By: Padmasini Nair (Audit Officer, On 10-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-66 |
| 67 | അപേക്ഷയോടൊപ്പം നൽകിയ ബാങ്ക് അക്കൗണ്ടിനു പകരം മറ്റൊരു അക്കൗണ്ടിലേക്ക് ധനസഹായം കൈമാറി- വിശദീകരണ രേഖകൾ | 1-67 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല.<br>Written By: Padmasini Nair (Audit Officer, On 10-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | |
| 68 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -വാലേ്വഷനില്ലാതെ അവസാന ഗഡു അനുവദിച്ചു<br>Written By: Padmasini Nair (Audit Officer, On 10-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-68 |
| 69 | പട്ടികജാതി വികസന പ്രൊജക്റ്റ്-വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ-കെട്ടിടത്തിന്റെ അവകാശം തെളിയിക്കുന്ന രേഖയില്ല.<br>Written By: Padmasini Nair (Audit Officer, On 10-06-2022)<br>Last Updated By: Kirandas P (Audit Officer, On 03-07-2022) | 1-69 |
| 70 | കിഴക്കേക്കര പട്ടിക ജാതി കോളനിയിൽ സാംസ്കാരിക നിലയം നിർമ്മാണം-വൈദ്യുതി ചാർജ്ജ് ഒടുക്കിയതിൽ അവ്യക്തത<br>Written By: Bismi S Nair (Senior Grade Auditor, On 10-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-70 |
| 71 | നമ്പ്യാർ മൊട്ട ബ്രാഞ്ച് റോഡ് ടാറിംഗ് റീ ടാറിംഗ് – കരാറുകാരനു അധിക തുക അനുവദിച്ചു.<br>Written By: Padmasini Nair (Audit Officer, On 16-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-71 |
| 72 | മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, എം ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Latheesh Kumar (Senior Grade Auditor, On 10-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-72 |
| 73 | കരാർ ചമയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: Sanil Prasad.K (Senior Grade Auditor, On 10-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-73 |
| 74 | വാർഷിക തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സുതാര്യമായി നടപ്പിലാക്കേണ്ടതാണ്.<br>Written By: Latheesh Kumar (Senior Grade Auditor, On 13-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-74 |
| 75 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.<br>Written By: Padmasini Nair (Audit Officer, On 13-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-75 |
| 76 | പയ്യാമ്പലം ശ്മശാനം അപാകതകൾ<br>Written By: Jithendran (Audit Officer, On 02-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-76 |
| 77 | നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.<br>Written By: Jithendran (Audit Officer, On 09-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-77 |
| 78 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്-നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.<br>Written By: Jithendran (Audit Officer, On 09-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-78 |
| 79 | കോൺഫിഡൻഷ്യൽ റിപ്പോർട്ട് നടപടികൾ പാലിക്കുന്നതായി വ്യക്തമല്ല.<br>Written By: Jithendran (Audit Officer, On 28-05-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-79 |
| 80 | ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Jithendran (Audit Officer, On 28-05-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-80 |

| | | |
|---|---|---|
| 81 | പി.എം.എ .വൈ നഗരം-ലൈഫ് പദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും പ്രവർത്തന പുരോഗതിയുടെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Manoharan A V (Senior Grade Auditor, On 13-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-81 |
| 82 | അമൃത് പദ്ധതി - പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം - പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോകുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 13-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-82 |
| 83 | നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ സേവന-വേതനങ്ങൾ ചട്ടപ്രകാരം കണക്കാക്കുന്നതിൽ വീഴ്ച<br>Written By: Manoharan A V (Senior Grade Auditor, On 14-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 1-83 |
| 84 | മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയില്ല ₹2247000 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Bismi S Nair (Senior Grade Auditor, On 14-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 1-84 |
| | **ഭാഗം 2** | |
| 1 | പെർമിറ്റ് ഫീ/റെഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Kirandas P (Audit Officer, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 2-1 |
| 2 | കരാർ ചമയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: Kirandas P (Audit Officer, On 14-06-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 2-2 |
| | **ഭാഗം 3** | |
| 1 | ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങൽ-മരുന്ന് സ്റ്റോക്കിലെടുത്തില്ല -ചെലവ് തുക ₹18150/- നിരാകരിക്കുന്നു.<br>Written By: Kirandas P (Audit Officer, On 13-05-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 3-1 |
| 2 | നമ്പ്യാർ മൊട്ട ബ്രാഞ്ച് റോഡ് ടാറിംഗ് റീ ടാറിംഗ് – കരാറുകാരന് അധിക തുക അനുവദിച്ചു.<br>Written By: Kirandas P (Audit Officer, On 14-06-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jithendran (Audit Officer, On 17-03-2022)<br>Last Updated By: Jithendran (Audit Officer, On 17-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Padmasini Nair (Audit Officer, On 16-05-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 4-4 |
| 5 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-5 |

| | | |
|---|---|---|
| | Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 17-03-2022) | |
| 6 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം<br>Written By: Kirandas P (Audit Officer, On 17-05-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jithendran (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 04-07-2022) | 4-7 |
| 8 | ഓഡിറ്റ് റിക്കവറി<br>Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 14-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Jithendran (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 04-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kirandas P (Audit Officer, On 17-03-2022)<br>Last Updated By: Jayarajan K (Senior Deputy Director, On 12-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jithendran (Audit Officer, On 17-03-2022)<br>Last Updated By: Kirandas P (Audit Officer, On 04-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 19.03.2020 തീയതിയിലെ തീരുമാനം നമ്പർ 01 പ്രകാരവും പുതുക്കിയ ബജറ്റ് 16.02.2021 തീയതിയിലെ തീരുമാനം നമ്പർ 01 പ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 37,18,34,511 | 26,80,02,947 |
| വരവ് | 3,71,90,78,500 | 1,40,75,28,287 |
| ആകെ | 4,09,09,13,011 | 16,75,5,31,234 |
| ചെലവ് | 3,78,74,90,000 | 1,21,56,70,794 |
| നീക്കിയിരിപ്പ് | 30,34,23,011 | 45,98,60,440 |

ബഡ്ജറ്റ് നിരീക്ഷണങ്ങൾ

എ) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 286(1) പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ സെക്രട്ടറിയും അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർ ദ്ദേശങ്ങളും ഈ ആക്റ്റിലെ എല്ലാ വിഷയങ്ങളും പരിഗണിച്ചുകൊണ്ട് അതിൽ നിന്നും അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കണക്കുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്.

16.03.2020 ലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 19-ാം നമ്പർ അജണ്ടയായി ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചുവെങ്കിലും യാതൊരുവിധത്തിലുള്ള ചർച്ചയും നടക്കാതെ ഏകപക്ഷീയമായാണ് ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചത് എന്ന് പറഞ്ഞ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിലെ അഞ്ച് അംഗങ്ങൾ വിയോജനക്കുറിപ്പ് എഴുതിയതായി കാണുന്നു.

(ബി)വകുപ്പ് 285 പ്രകാരം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനുവരി 15 നോ അതിനു മുമ്പോ അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല

സി) ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് മാർച്ച് ആദ്യവാരം കഴിയുന്നതിന് മുമ്പ് മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ മേയറുടെ ആമുഖ പ്രസംഗത്തിനു ശേഷം അംഗീകാരത്തിനായി വെയ്ക്കേണ്ടതാണ്. എന്നാൽ ഇവിടെ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ചത് തന്നെ ഇക്കാലാവധി കഴിഞ്ഞ് മാർച്ച് 16 നും കൗൺസിൽ പാസാക്കിയത് മാർച്ച് 19 നുമാണ്. വിശദ ചർച്ച നടത്താതെ സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് ബജറ്റ് പാസ്സാക്കാനുള്ള വകുപ്പ് 289 പ്രകാരമുള്ള

ഭരണഘടനാ ബാധ്യത നിർവഹിക്കുക മാത്രമാണ് കൗൺസിൽ ചെയ്തിട്ടുള്ളത്.

1-2 വാർഷികധനകാര്യപത്രിക

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 സെക്ഷൻ 9(1) പ്രകാരം ഒരു സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ആ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31നകം) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. ഇതനുസരിച്ച് 2020-21 വർഷത്തെ കണ്ണൂർ കോർപ്പറേഷന്റെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ട തീയതി 31.07.2021 ആയിരുന്നു. എന്നാൽ ആയത് സമർപ്പിച്ചത് 13/01/2022 ന് മാത്രമാണ്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 13/01/2022 | -------- | -------- |

വാർഷിക ധനകാര്യപത്രിക നിശ്ചിത സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 267224422.44 |
| വരവ് | 1827793442.00 |
| ആകെ | 2095017864.44 |
| ചെലവ് | 1672119549.00 |
| നീക്കിയിരിപ്പ് | 422898315.44 |

1-4 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 179367000 | 179367000 | 178505868 | 861132 | 99.51 |
| വികസനഫണ്ട് എസ്.സി.പി. | 0 | 46326000 | 46326000 | 45818451 | 507549 | 98.90 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2011300 | 2011300 | 41800 | 1969500 | 2.07 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 155058000 | 155058000 | 154436457 | 621543 | 99.59 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38494000 | 38494000 | 38395750 | 98250 | 99.74 |
| CFC Un-tied | 0 | 58553000 | 58553000 | 57141048 | 1411952 | 97.58 |
| CFC Tied | 0 | 46,00,00,000 | 46,00,00,000 | 355675424 | 104324576 | 77.32 |

(* വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 32095500 രൂപയും സംരക്ഷണ ഗ്രാന്റ് നോൺറോഡ് വിഹിതത്തിൽ നിന്നും 389340 രൂപയും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

ബി)ഫണ്ട് വിനിയോഗം (രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 146410368 | 146410368 | 146410368 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 45818451 | 45818451 | 45818451 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 41800 | 41800 | 41800 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 154436457 | 154436457 | 154436457 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38006410 | 38006410 | 38006410 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Un-tied | 0 | 57141048 | 57141048 | 57141048 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Tied | 0 | 355675424 | 355675424 | 355675424 | 0 |
| ബി ഫണ്ട് | | | | | |
| വാർദ്ധക്യകാല പെൻഷൻ | 0 | 333408100 | 333408100 | 333408100 | 0 |
| തൊഴിൽ രഹിത വേതനം | 0 | 90120 | 90120 | 90120 | 0 |

| | | | | | |
|---|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 0 | 13784800 | 13784800 | 13784800 | 0 |
| വിധവാ പെൻഷൻ | 0 | 159130400 | 159130400 | 159130400 | 0 |
| വികലാംഗ പെൻഷൻ | 0 | 40184800 | 40184800 | 40184800 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 36992600 | 36992600 | 36992600 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| Provident Fund | 6351128 | 25230237 | 31581365 | 31481365 | 100000 |
| LGTSB | 0 (General Purpose Fund) | 66193856 | 66193856 | 66193856 | 40972399 |
| | 42854545 | 99226364 | 142080909 | 101108510 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| NULM | 3408920 | 1161591 | 4570511 | 2615334 | 1955177 |
| PMAY | 67709 | 61419291 | 61487000 | 40714099 | 20772901 |
| AMRUT | 10239225 | 535844013 | 546083238 | 370679409 | 175403829 |
| സംസ്ഥാനാവിഷ്കൃതപദ്ധതി | | | | | |
| SUCHITWA MISSION | 811462 | 497178 | 1308640 | 1308640 | Nil |
| AUEGS | 1579684 | 10125108 | 11704792 | 10529460 | 1175332 |
| NULM | 2272614 | 774394 | 3047008 | 1743557 | 1303451 |
| തനത്ഫണ്ട് | | | | | |
| SBI OWN FUND | 52173460 | 89337775 | 141511235 | 85410458 | 56100777 |
| SBI E- MANAL | 2147920 | 528027 | 2675947 | 399544 | 2276403 |
| PNB BANK | 115202007 | 282293248 | 397495255 | 322401593 | 75093662 |
| SBI- E-PAYMENT | 8012107 | 15505874 | 23517981 | Nil | 23517981 |
| SIB- E-PAYMENT | 280685 | 891848 | 1172533 | 992 | 1171441 |
| DHANALAKSHMI BANK | 101976 | 3636 | 105612 | 96 | 105516 |
| മറ്റുള്ളവ | | | | | |
| AUEGS(അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി) | 1579684 | 10125108 | 11704792 | 10529460 | 1175332 |

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം ) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം ) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1085 | 1221022571 | 706 | 847833128 | 293 | 86 | 65.069 |

ഓഡിറ്റ് കാലയളവിൽ വാർഡ് കമ്മറ്റി യോഗം ചേർന്നില്ല.

കോവിഡ് മഹാമാരി രൂക്ഷമായതിനാൽ ഓഡിറ്റ് കാലയളവിൽ കണ്ണൂർ നഗരസഭയിൽ വാർഡ് കമ്മിറ്റി/സഭ യോഗം ചേരുകയുണ്ടായില്ല. പദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് 2019-20 കാലയളവിൽ സ്വീകരിച്ച അതേ നടപടിക്രമങ്ങൾ തുടരാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.04.20 ലെ സ.ഉ(സാ)794/20, 04.08.20 ലെ സ.ഉ(സാ)1450/20 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ അനുവദിച്ചതിനാലാണ് ഓഡിറ്റ് കാലയളവിൽ വാർഡ് കമ്മറ്റി ചേരാതിരുന്നത്.

2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വാർഡ് കമ്മിറ്റി/ഗ്രാമസഭകൾ ചേരുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.02.2021 ലെ സർക്കുലർ നം.ഡിഎ1/2021 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 446750 | 446750 | 446750 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 865602 | 10000000 + പലിശ 92706= | 10958308 | 10495223 | 463085 |

| | | | | | |
|---|---|---|---|---|---|
| | | 10092706 | | | |
| ആകെ | 865602 | 10539456 | 11405058 | 10941973 | 463085 |

1-7 ക്ഷേമപദ്ധതികൾ

കണ്ണൂർ നഗരസഭ 01.04.2020 മുതൽ 31.03.2021 വരെ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90120 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 10833400 | 732 |
| വിധവാപെൻഷൻ | 124008800 | 8150 |
| വാർദ്ധക്യകാലപെൻഷൻ | 259659100 | 20330 |
| വികലാംഗപെൻഷൻ | 31301300 | 2156 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 29008600 | 1890 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കണ്ണൂർ കോർപ്പറേഷൻ ഹെഡ് ഓഫീസിലും സോണൽ ഓഫീസുകളിലും സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഫീസിന്റെ പേര് | ക്യാഷ് വെരിഫിക്കേഷൻ നടത്തിയ തീയ്യതി | ക്യാഷ് വെരിഫിക്കേഷൻ നടത്തുമ്പോൾ ഉള്ള ക്യാഷ് ബാലൻസ് |
|---|---|---|
| ഹെഡ്ഓഫീസ് | 24.05.2022 | 1,28,135/- |
| ചേലോറ | 18.04.2022 | 41,342/- |
| എളയാവൂർ | 28.04.2022 | 20,901/- |
| പുഴാതി | 22.04.2022 | 92247/- |
| പള്ളിക്കുന്ന് | 19.04.2022 | 20045/- |

| | | |
|---|---|---|
| എടക്കാട് | 23.04.2022 | 31823/- |

പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർ (Staff Meeting) ഓഫീസ് യോഗം ചേർന്നത് സംബന്ധിച്ച2020-2021 വർഷത്തെ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ് കൂടാതെ യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ആയതിൽ കാലികമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്തിയിട്ടില്ല.ജോലി വിഭജനം സംബന്ധിച്ച ഉത്തരവുകളിൽ കാലികമായി മാറ്റം വരുത്തി ക്രമപ്പെടുത്തേണ്ടതാണ്.നഗരസഭയുടെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർങ്ങളും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും സെക്ഷൻ മേധാവികൾക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് . ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള എല്ലാ രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. . അഗ്നിബാധ, പ്രകൃതി ദുരന്തം, എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടത്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനം (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. . ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് നഗരസഭയിലും സോണൽ ഓഫിസുകളിലും പണം സ്വികരിച്ച വരുന്നത്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, എന്നിവ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഇത് വരവ് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.ഈ രജിസ്റ്ററുകൾ വരവ് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്ന വിധം ക്രമപ്പെടുത്തേണ്ടതാണ്. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

സ്ഥാപനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. കാലികമാക്കിയ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ പൂർണമാക്കി വെബ് അധിഷ്ഠിതമായ ഡാറ്റാ ബേസ് ഐ.കെ.എം ന് നൽകാൻ നിഷ്കർഷിച്ചിട്ടുള്ളതാണ്.ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് സമ്പ്രദായവുമായി താദാത്മ്യം പ്രാപിക്കും വിധവും സാംഖ്യ,സുലേഖ, സൂചിക എന്നി സോഫ്റ്റ് വെയറുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കും വിധമാണ് ആസ്തി രജിസ്റ്റർ രൂപകല്പന ചെയ്യേണ്ടത്.

വസ്തു നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. വസ്തു നികുതി ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ട്. വസ്തു നികുതി ഒഴികെയുള്ള മറ്റ് വരവുകൾ വരവുവെയ്ക്കുന്നതിനായി കൃത്യമായ രജിസ്ററുകൾ നഗരസഭയിലും സോണൽ ഓഫിസുകളിലും സൂക്ഷിക്കേണ്ടതാണ്.

വരവ് ചെലവ് പത്രികയിലെ ഓരോ നികുതി ഇനത്തിലുള്ള വരവുകളും, നഗരസഭയുടെ നികുതി വരവിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ (റവന്യൂ ഓഫിസർ/ഡെപ്യൂട്ടി സെക്രട്ടറി )മാസം തോറും നിരീക്ഷിക്കേണ്ടതും, കൺസോളിഡേഷൻ നടത്തേണ്ടതും, വരവ് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. . ഇതിനായി നഗരസഭാ ഹെഡ് ഓഫിസിലും, സോണൽ ഓഫിസുകളിലും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുന്ന ഡി സി ബി വരവു രജിസ്റ്ററുകളിൽ ചേർക്കുന്ന ഓരോ ഇനത്തിലുള്ള വരവുകളും പ്രതിമാസം നഗരസഭയുടെ നികുതി വരവിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ഓരോ സോണലിലും ഹെഡ് ഓഫിസിലും ഓരോനികുതി ഇനത്തിലും ലഭിച്ച വരവ് എത്രയാണ് എന്ന് തന്റെ കയ്യിൽ പ്രത്യേകമായി സൂക്ഷിക്കുന്ന നികുതി

വരവ്(കൺസോളിഡേഷൻ)രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് കൺസോളിഡേഷൻ നടത്തി ഓരോ നികുതി വരവിനത്തിലുള്ള കോർപ്പറേഷന്റെ ആകെ വരവ് കണ്ടെത്തി, വരവ് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.ലൈസൻസ് സംബന്ധിച്ച വരവുകളിൽ മാസം തോറും ഇപ്രകാരം കൺസോളിഡേഷൻ നടത്തി ഓരോ ഇനത്തിലുമുള്ള വരവുകൾ കോർപ്പറേഷന്റെ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടത് ഇതിന് മേൽ നോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഹെൽത്ത് ഓഫിസറുടെ ചുമതലയാണ്. ഇത്തരത്തിലുള്ള വരവുകളുടെ കൺസോളിഡേഷൻ നിലവിൽ കണ്ണൂർ കോർപ്പറേഷനിൽ നടക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) റൂൾസ് 2007 ചാപ്റ്റർ III റൂൾ 15(2) പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കുന്ന വരുമാനങ്ങൾക്ക് സ്ഥാപനമേധാവി ഡിമാന്റ് ,ഡിമാന്റിലെ വ്യത്യാസം /ഇളവ് എന്നിവയുടെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിന് നൽകി ഡിമാന്റ് പുതുക്കേണ്ടതായിട്ടുണ്ട്.എന്നാൽ ഇപ്രകാരം ഡിമാന്റ് ,ഡിമാന്റിലെ വ്യത്യാസം /ഇളവ് എന്നിവയുടെ സമ്മറി സ്റ്റേറ്റ് മെന്റ് തയ്യാറാക്കുന്നതായോ ആയതിനനുസരിച്ച് പ്രതിമാസം ഡിമാന്റിൽ മാറ്റം വരുത്തുന്നതായോ കാണുന്നില്ല.

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകളും വരവുകളും കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല എന്നത് പ്രധാനപ്പെട്ട ഒരു അപാകതയാണ് .ഹെഡ് ഓഫിസിലും സോണൽ ഓഫിസുകളിലും എഴുതി സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട ഡി.സി ബി രജിസ്റ്ററുകളായ ജിവനക്കാരുടെ തൊഴിൽ നികുതി ഡി.സി.ബി.രജിസ്റ്റർ,സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി.രജിസ്റ്റർ എന്നിവ പേരിന് മാത്രമായിട്ടാണ് ഹെഡ് ഓഫിസിലും സോണൽ ഓഫിസുകളിലും സൂക്ഷിച്ചിട്ടുള്ളത്. 2020-21വർഷത്തിൽ ഒടുക്കിയ തൊഴിൽ നികുതി സംബന്ധിച്ച വരവുകളുടെ ഒരു സമ്പൂർണ്ണ ചിത്രം ഈ രജിസ്റ്ററുകളിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നഗരസഭയിലെ നികുതി വരവുകൾക്ക് മേൽനോട്ടം വഹിക്കേണ്ടുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച മൂലം നിലവിൽ അപൂർണ്ണവും നികുതി സംബന്ധിച്ച വിവരങ്ങളെല്ലാം ഉൾപ്പെടുത്താതതും അവസാനഭാഗത്ത് കൂട്ടിയിട്ട് സംഗ്രഹമെഴുതി ആധികാരമാക്കാത്തതും അക്കൗണ്ടിന് യാതൊരു തരത്തിലും ഗുണം പ്രധാനം ചെയ്യാത്തതുമായ രജിസ്റ്ററുകളുമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ഈ വീഴ്ച ഗൗരവമേറിയതും അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുമാണ്.
പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഡി സി ബി രജിസ്റ്റർ,ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ ,കശാപ്പ് ശാല ലൈസൻസ് രജിസ്റ്റർ എന്നി രജിസ്റ്ററുകൾ നഗരസഭയിൽ തയ്യാറാക്കി സൂക്ഷിക്കാത്തത് ഉത്തരവാദപ്പെട്ട ഹെൽത്ത് ഓഫിസറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മേൽ അപാകങ്ങൾ ക്രമപ്പെടുത്തുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2022 | 2019-20, 2020-21 | 01.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2022 | 2018 മുതൽ 2020 വരെ | ലഭിച്ചിട്ടില്ല. |

## 1-11 വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) B4 ഷെഡ്യൂളിൽ "Fund For Transferred Institutions - Education- Capital" എന്ന ഇനത്തിൽ 13,83,502/- വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു.എയിംസിൽ ലഭ്യമായ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക മുതൽ ഈ തുക നിലനിൽക്കുന്നുണ്ട്.

2) B9 ഷെഡ്യൂളിൽ മറ്റ് ബാധ്യതകളിൽ "Other Employee Liability Payable" എന്ന ഇനത്തിൽ 40,200/- രൂപ വർഷങ്ങളായി നിലനിൽക്കുന്നു.എയിംസിൽ ലഭ്യമായ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക മുതൽ ഈ തുക നിലനിൽക്കുന്നുണ്ട്.മേൽ തുക ചെലവഴിക്കാതെ നിലനിൽക്കുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമല്ല.

3) B 18 ഷെഡ്യൂളിൽ അഡ്വാൻസ് / ഡെപ്പോസിറ്റ് ഇനത്തിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി

നില നിൽക്കുന്നു.

| ഇനം(കോഡ്) | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|
| അഡ്വാൻസ്-കോൺട്രാക്ടേഴ്സ് (460400201) | 4429495 | 4429495 | 4429495 | 4429495 | 4429495 | 4429495 | 4429495 |
| അഡ്വാൻസ്-ബെനിഫിഷറി കമ്മിറ്റികൺവീനർ (460500101) | 450000 | 450000 | 450000 | 450000 | 450000 | 450000 | 450000 |
| അഡ്വാൻസ്-ഇംപ്ലിമെന്റിംഗ് ഏജൻസീസ് (460500203) | 3075797 | 3075797 | 3075797 | 3075797 | 3075797 | 3075797 | 3075797 |
| മറ്റ് ഡെപ്പോസിറ്റ് (460609900) | 44654 | 44654 | 44654 | 44654 | 44654 | 44654 | 44654 |

മേൽ തുകകൾ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

4) B 17 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ പറയുന്ന അക്കൌണ്ടുകൾ ഉപയോഗ്യശൂന്യമായി നിലനിൽക്കുന്നു.

| അക്കൌണ്ട് (കോഡ്) | 2014-15 നീക്കി യിരിപ്പ് | 2015-16 നീക്കി യിരിപ്പ് | 2016-17 നീക്കി യിരിപ്പ് | 2017-18 നീക്കി യിരിപ്പ് | 2018-19 നീക്കി യിരിപ്പ് | 2019-20 നീക്കി യിരിപ്പ് | 2020-21 നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| കാനറബാങ്ക് ഡെഡ്അക്കൗണ്ട് (450220500) | 10552.70 | 10552.70 | 10552.70 | 10552.77 | 10552.77 | 10552.77 | 10552.77 |
| പള്ളിക്കുന്ന് സർവ്വീസ്- കോ -ഓപ്പറേറ്റീവ്ബാങ്ക് (450230300) | 10758036.67 | 61791.67 | 4000.67 | 4000.67 | 4000.67 | 4000.67 | 4000.67 |
| 6 | ഡോ.ശാലിനി മേവാഡ ഒണ്ടേൻ റോഡ്,കണ്ണൂർ | മലബാർ ഡെന്റൽ ക്ലിനിക് | TV 33/132 |
| 7 | ഡോ.എ.കെ.വേണുഗോപാലൻ ,സാരംഗ്,തളാപ്പ് | വെസ്റ്റ്കോസ്റ്റ് നഴ്സിംഗ് ഹോം | Tv 33/328 |
| 8 | റിയാസ് .പി,പാറപ്പുറത്ത് ഹൗസ് ,അഴീക്കോട് | തപസ്യ ആയുർവേദിക് ക്ലിനിക് | 33/421 |
| 9 | ഡോ.കെ.ഹാരിസ് ,ഫോർട്ട് റോഡ് ,കണ്ണൂർ | ഡയബറ്റിക് സെന്റർ | 33/652 |
| 10 | ഇമ്മാനുവൽ ജോസഫ്, മടപ്പള്ളി, മേലാട്ടു റോഡ്, മുണ്ടയാട് | ഹോമിയോപ്പതിക് ക്ലിനിക് | 33/876 |
| 11 | ശകുന്തള തെക്കൻ, ശ്രീനാരായണ റോഡ്പി.ഒ.പള്ളിക്കുന്നു | ലാബ് | 33/881 |
| 12 | ഡോ.രാജ് ഐസക് ഉമ്മൻ ,ഒപ്റ്റിക്സ്,പയ്യാമ്പലം | ഐ ഹോസ്പിറ്റൽ | 33/881 |
| 13 | ഇബ്രാഹിം.കെ.പി, അയിഷ മൻസിൽ,വേങ്ങാട് | മെഡിക്കൽ ലാബ് | 1206 349 |
| 14 | റിസ്ലീന മജീദ്, സെനീർ ,പയ്യാമ്പലം | ക്ലിനിക് | 40/287 |
| 15 | ഡോ.രാജൻ തോമസ്, ആലുക്കൽ,താളിക്കാവ് | നഴ്സിംഗ് ഹോം | 36/109 |
| 16 | ഡോ.അബ്ദുൾ റഹിമാൻ, പൊയിലിൻ ,ചാലാട് | ആയുർവേദിക് മെഡിസിൻ | 36/134 |

എളയാവൂർ സോണൽ ഓഫീസ്

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് വിവരം | പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് /കെട്ടിട നമ്പർ |
|---|---|---|---|
| 1 | അർഷിദ്.എം | ആയുർവേദ ക്ലിനിക്ക് | 22/1159 |
| 2 | വസുദേവ് ടി കാദർ | ആയുർവേദ ക്ലിനിക്ക് | 28/647 |
| 3 | വാരം ഹോസ്പിറ്റൽ | ഹോസ്പിറ്റൽ | ലഭ്യമല്ല |

പള്ളിക്കുന്ന് സോണൽ ഓഫീസ്

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് വിവരം | പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് /കെട്ടിട നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡോ.ഭാഗ്യ | സ്മൈൽ ഡെന്റൽ കെയർ | ലഭ്യമല്ല |
| 2 | സൌമ്യ | ഹോമിയോ ക്ലിനിക്ക് | ലഭ്യമല്ല |
| 3 | ഡോ.അജിത്ത് | സ്മാർട്ട് ലേസർ സെന്റർ | ലഭ്യമല്ല |
| 4 | പ്രഭാത് രാമകൃഷ്ണൻ | സ്പെഷ്യാലിറ്റി സെന്റൽ ക്ലിനിക്ക് | ലഭ്യമല്ല |
| 5 | സ്മിത ഹരീഷ് | ഹോമിയോ ക്ലിനിക്ക് | ലഭ്യമല്ല |
| 6 | പ്രമോദ്.എ.പി | ന്യൂറോ സെന്റർ, തളാപ്പ് | ലഭ്യമല്ല |
| 7 | സജ്ന | സ്മോൾ വണ്ടേഴ്സ്, ക്ലിനിക്ക് തെറാപ്പി സെന്റർ | ലഭ്യമല്ല |
| 8 | മുഹമ്മദ് റസീഫ് | ഡെന്റൽ ക്ലിനിക്ക് | ലഭ്യമല്ല |
| 9 | ഡോ.ബിന്ദു | Canddle Appartment | 5/735 |
| 10 | ബാബുരാജ് . സി | ക്ലിനിക്ക് | 4/537 |
| 11 | മിനി പ്രദീപ്കുമാർ | ട്യൂട്ടോറിയൽ | ലഭ്യമല്ല |
| 12 | ഡോ.അനഘ പ്രശാന്ത് | മാഗ്ലൂർ ഹോമിയോ ഫാർമ,ചാലാട് | LIV/287 |
| 13 | ഉണ്ണികൃഷ്ണൻ.സി | വേളാപുരം,പാപ്പിനിശ്ശേരി | V/913 |
| 14 | ഡോ.വി.എ.ജയ്സൺ | ജ്യോതിസ്, ഐ കെയർ | IV/806 |
| 15 | Haleath.C.P | Wood Lands Apparment, Podikkund | IV/160,161 |
| 16 | പ്രീത കൊയിലി | കൊയിലി ഹോസ്പിറ്റൽ, ലബോറട്ടറി | V/872 |
| 17 | നവീൻ പവിത്രൻ | അശോക, താളിക്കാവ് റോഡ് | I/1299 |
| 18 | ഡോ.അമ്പിളിആയില്യത്ത് | ക്ലിനിക്ക് | IV/798 |
| 19 | ദിവ്യ.കെ | മെഡി ടെക് ഹെൽത്ത് കെയർ | IV/439(1) |
| 20 | പ്രീത കൊയിലി | കൊയിലി ഹോസ്പിറ്റൽ | V/870.,877to879,888 To 899 |
| 21 | പ്രീത കൊയിലി | കൊയിലി ഹാർട്ട് സെന്റർ | V/902 |
| 22 | ഷബ്നം ഇസ്മയിൽ | ചിൽഡ്രൻ ഫാമിലി ഡെന്റൽ ക്ലിനിക്ക് | LIV/1498(28,29,30) |

മേൽ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെയും രജിസ്ട്രേഷൻ പുതുക്കാതെയുമാണ് പ്രവർത്തിച്ചതെങ്കിൽ 1994 ലെ കേരള മുനിസിപ്പിസാറ്റി ആക്ട് സെക്ഷൻ 314 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്

1999ലെ കേരള മുൻസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1)അനുസരിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടില്ല എന്നും ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി ആയവ പുതുക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് വിവരം | പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് / കെട്ടിട നമ്പർ |
|---|---|---|---|
| 1 | പ്രമോദ്.പിപി. | ബ്രട്ടീഷ് ഇഗ്ലീഷ് അക്കാഡമി | 69450/259 |
| 2 | എം.സജിവൻ | പാരലൽ കോളേജ് | 50/641 |
| 3 | അനിൽകുമാർ | കോളേജ് ഓഫ് കോമേഷ്സ് | 47/684 , |
| 4 | മാനേജർ | ഇൻഡ്യൻ അക്കാഡമി | 46/1394 |
| 5 | രമിത.സി | കൈറ്റ് കോളേജ് | 46/1805 |
| 6 | സലാഹുദ്ദീൻ | കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് | 49/435 |

| | | | |
|---|---|---|---|
| 7 | മാനേജർ | ബൈജ്യൂസ് ലേർണിങ് അപ്ലിക്കേഷൻ സെന്റർ | 49/519,524 |
| 8 | നൂറിന്നീസ്സ | സി.ഡോട്ട് കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് | 49/402 |
| 9 | മാനേജർ | കണ്ണൂർ ഏവിയേഷൻ അക്കാമി | 46/248 |

രജിസ്ട്രേഷൻ അനുവദിക്കാതെയും പുതുക്കാതെയുമാണ് മേൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചതെങ്കിൽ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതും 3ാം ചട്ടത്തിൽ ഉപചട്ടം (6) പ്രകാരമുള്ള 2ാം നമ്പർ ഫാറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-36 സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ഭേദഗതിചട്ടങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച്.

2011 ലെ കേരളമുൻസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്ത് സ.ഉ. (പി) നമ്പർ 62/2020 /തസ്വഭവ,എസ് ആർ.ഒ. നമ്പർ-857/2020 തീയ്യതി.30/10/2020 പ്രകാരം നിലവിൽ വന്ന കേരളമുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതിചട്ടങ്ങളിലെ ക്രമ.നം(5)ലെ 4-ാം ചട്ടത്തിലെ മാർജിനൽ ശീർഷകത്തിലും താഴെപ്പറയുന്ന ഉപചട്ടപ്രകാരമുള്ള വ്യസ്ഥകളായ (1)കൗൺസിലിന് അതിന്റെ ഭൂപ്രദേശത്തിൽ പെട്ട യാതൊരു സ്ഥലവും (1)ാം പട്ടികയിലോ 2 ാം പട്ടികയിലോ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലെന്ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു ഔദ്യോഗിക വിജ്ഞാപനം മുഖേനയും, മുൻസിപ്പാലിറ്റിയുടെ ആഫീസിലെ നോട്ടീസ് ബോർഡിലും, മുൻസിപ്പൽ പ്രദേശത്തെ പ്രധാന പൊതു സ്ഥലങ്ങളിലും, നോട്ടീസ് പതിച്ചും പരസ്യം ചെയ്യാവുന്നതാണ് എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി നഗരസഭ ഡെപ്യൂട്ടി സെക്രട്ടറിക്ക് നൽകിയ അന്വേഷണ കുറിപ്പിന് (നം.AE.104/B1/2020-21/തീയതി.06.06.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-37 കണ്ണൂർ നഗരസഭ സോണൽ ഓഫീസ് , പള്ളിക്കുന്ന് - വസ്തു നികുതി കുടിശ്ശികയായി വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു.

കണ്ണൂർ നഗരസഭ പള്ളിക്കുന്ന് സോണൽ ഓഫീസിൽ 2020-21 വർഷം വസ്തുനികുതി പിരിച്ചെടുത്തതിൽ ഭീമമായ തുക കുടിശ്ശിക ഉള്ളതായി സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2020-21 വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ നിന്ന് വ്യക്തമാവുന്നു. മുൻകുടിശ്ശിക ഉൾപ്പെടെ 2020-21 വർഷം പിരിച്ചെടുക്കുവാനുള്ള വസ്തു നികുതി 1,06,62,997/-രൂപയാണ്.എന്നാൽ പിരിച്ചെടുത്തതാകട്ടെ 34,29,552/- രൂപ മാത്രം.ആകെ പിരിഞ്ഞ്കിട്ടുവാനുള്ള തുകയുടെ 32% മാത്രമാണ് വരവ് വന്നത് 68% തുകയും പിരിച്ചെടുത്തിട്ടില്ല . പള്ളിക്കുന്ന് സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന നഗരസഭ വാർഡുകളിൽ നിന്ന് 2020-21 വർഷം വസ്തു നികുതിയിനത്തിൽ മുൻകുടിശ്ശികയും തൻവർഷത്തെ തുകയും ചേർത്ത് ആകെ പിരിഞ്ഞ് കിട്ടാനുള്ള തുക,മുൻകുടിശ്ശികയും തൻവർഷത്തെ തുകയും ചേർത്ത് ആകെ പിരിഞ്ഞ് കിട്ടിയ തുക, ബാക്കി പിരിഞ്ഞ് കിട്ടുവാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| വാർഡ് നം | മുൻകുടിശ്ശികയും | മുൻകുടിശ്ശികയും | ബാലൻസ് |
|---|---|---|---|

| പേര് | തൻവർഷത്തെ തുകയും ചേർത്ത് ആകെ പിരിഞ്ഞ് കിട്ടാനുള്ള തുക | തൻവർഷത്തെ തുകയും ചേർത്ത് ആകെ പിരിഞ്ഞ് കിട്ടിയ തുക | |
|---|---|---|---|
| 1.പള്ളിയാമൂല | 16,56,354/- | 4,33,979/- | 12,22,375/- |
| 2.കുന്നാവ് | 14,25,092/- | 4,98,778/- | 9,26,314/- |
| 3.കൊക്കൻപാറ | 14,20,318/- | 4,72,021/- | 9,48,297/- |
| 4.പള്ളിക്കുന്ന് | 19,04,582/- | 8,39,456/- | 10,65,126/- |
| 5. തളാപ്പ് | 15,01,240/- | 3,77,420/- | 11,23,820/- |
| 54.ചാലാട് | 15,75,200/- | 4,78,568/- | 10,96,632/- |
| 55.പഞ്ഞിക്കൽ | 11,80,211/- | 3,29,330/- | 8,50,881/- |
| ആകെ | 1,06,62,997/- | 34,29,552/- | 72,33,445/- |

നഗരസഭയുടെ തനത് വരുമാനത്തിന്റെ മുഖ്യ സ്രോതസ്സായ വസ്തുനികുതി പിരിച്ചെടുക്കാതെയിരിക്കുന്നത് നഗരസഭയുടെ വികസനപ്രവർത്തനങ്ങളെയും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള /ദൈനം ദിനചെലവുകളെ സാരമായി ബാധിക്കുന്നതിന് കാരണമായേക്കാം.വസ്തു നികുതി സമയ ബന്ധിതമായി പിരിച്ചെടുക്കാതെ ഭീമമായ തുക കുടിശ്ശിക വരുത്തിയതിന് സോണൽ ഓഫീസർ പള്ളിക്കുന്ന് സോണലിന് നൽകിയ ഓഡിറ്റ് എൻക്വയറി നം നമ്പർ AE30-/2020-21 ബി.1 തീയ്യതി 20.4.2022 ന് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-38 കണ്ണൂർ നഗരസഭ എടക്കാട് സോണൽ ഓഫീസ് പരിധിയിൽ വസ്തുനികുതി ഒടുക്കാതെ അനധികൃത റിസോർട്ട് പ്രവർത്തിക്കുന്നു. നഗരസഭയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാവുന്നില്ല.

കണ്ണൂർ നഗരസഭയുടെ എടക്കാട് സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന നഗരസഭ വാർഡുകളായ34ഏഴര, 36കിഴുന്ന, 37തോട്ടട, 38 ആദികടലായി എന്നിവിടങ്ങളിലെ കോസ്റ്റൽ റെഗുലേഷൻ സോണിൽപ്പെടുന്ന പ്രദേശത്ത് അനധികൃതമായി കെട്ടിടങ്ങളുണ്ടെന്ന് കണ്ടെത്തുകയും (റിസോർട്ടുകൾ) ഈ അനധികൃത കെട്ടിടങ്ങൾക്ക് യു.എ.സി നമ്പർ നൽകി വസ്തുനികുതി കണക്കാക്കി യു.എ.സി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം യു.എ.സി നമ്പർ നൽകി നികുതി കണക്കാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | വാർഡ് നം | യു.എ.സി കെട്ടിടനം | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം/ തരം | കണക്കാക്കിയ വസ്തു നികുതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 34 ഏഴര | 34/278/1 | എം.പി ശ്രീനിവാസൻ ചേരറോക്ക് റിസോർട്ട് | 105 M2 | 28,196/- | അനധികൃത നിർമ്മാണം കണ്ടെത്തി യു.എ.സി നമ്പർ |

| | | | | | | |
|---|---|---|---|---|---|---|
| | | | എടക്കാട് | റിസോർട്ട് | | നൽകി.2019-20 ഒന്നാം അർദ്ധ വർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല |
| 2 | 34 ഏഴര | 34/278/2 | എം.പി .ശ്രീനിവാസൻ ചേരറോക്ക് റിസോർട്ട്,എടക്കാട് | 40.8 M2 റിസോർട്ട് | 9,742/- | ,, |
| 3 | 34 ഏഴര | 34/278/3 | എം.പി.ശ്രീനിവാസൻ ചേരറോക്ക് റിസോർട്ട് ,എടക്കാട് | 144.42 M2 റിസോർട്ട് | 34,474/- | ,, |
| 4 | 36 കീഴുന്ന | 36/12 | ഡോ.പുളുക്കൽ ജിതേന്ദ്രനാഥ് | 199.67M2 റിസോർട്ട് | 47,660/- | അനധികൃത നിർമ്മാണം കണ്ടെത്തി യു.എ.സി നമ്പർ നൽകി. 2015-16 രണ്ടാം വർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല |
| 5 | 36 കീഴുന്ന | 36/13 | ഡോ.പുളുക്കൽ ജിതേന്ദ്രനാഥ് | 60.67 M2 റിസോർട്ട് | 14,483/- | ,, |
| 6 | 36 കിഴുന്ന | 36/14 | ഡോ.പുളുക്കൽ ജിതേന്ദ്രനാഥ് | 153.70 M2 റിസോർട്ട് | 41,275/- | ,, |
| 7 | 36 കിഴുന്ന | 36/15 | ഡോ.പുളുക്കൽ ജിതേന്ദ്രനാഥ് | 209.56 M2 റിസോർട്ട് | 56,273/- | ,, |
| 8 | 37 തോട്ടട | 37/621/1 | സുനിൽകുമാർ പുത്തൻപുര പി.ഒ തോട്ടട | 316.07 M2 റിസോർട്ട് | 99,018/- | അനധികൃത നിർമ്മാണം കണ്ടെത്തി യു.എ.സി നമ്പർ നൽകി. 2015-16 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതു വരെ നികുതി ഒടുക്കിയിട്ടില്ല |
| 9 | 37 തോട്ടട | 37/621/2 | സുനിൽകുമാർ പുത്തൻപുര പി.ഒ തോട്ടട | 48.18 M2 റിസോർട്ട് | 12,939/- | ,, |
| 10 | 37 തോട്ടട | 37/621/3 | സുനിൽകുമാർ പുത്തൻപുര പി.ഒ തോട്ടട | 167.28 M2 റിസോർട്ട് | 44,919/-/- | ,, |
| 11 | 37 തോട്ടട | 37/621/4 | സുനിൽകുമാർ പുത്തൻപുര പി.ഒ തോട്ടട | 177.45 M2 റിസോർട്ട് | 47,650/- | ,, |
| 12 | 37 | 37/621/5 | സുനിൽകുമാർ | 193.54 M2 | 46,197/- | ,, |

| | | | | | | |
|---|---|---|---|---|---|---|
| | തോട്ടട | | പുത്തൻപുര<br>പി.ഒ തോട്ടട | റിസോർട്ട് | | |
| 13 | 37<br>തോട്ടട | 37/621/6 | പറക്കാട്ട് മുസ്തഫ | 93 M2<br>റിസോർട്ട് | 24,975/- | അനധികൃത നിർമ്മാണം കണ്ടെത്തി യു.എ.സി നമ്പർ നൽകി. 2015-16 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതു വരെ നികുതി ഒടുക്കിയിട്ടില്ല |
| 14 | 37<br>തോട്ടട | 37/621/7 | പറക്കാട്ട് മുസ്തഫ | 4.84 M2<br>റിസോർട്ട് | 1,072/- | ,, |
| 15 | 37<br>തോട്ടട | 37/621/8 | പറക്കാട്ട് മുസ്തഫ | 32.09M2<br>റിസോർട്ട് | 8,619/- | ,, |
| 16 | 37<br>തോട്ടട | 37/621/9 | പറക്കാട്ട് മുസ്തഫ | 45.44M2<br>റിസോർട്ട് | 12,206/- | ,, |
| 17 | 37<br>തോട്ടട | 37/621/10 | പറക്കാട്ട് മുസ്തഫ | 44.46 M2<br>റിസോർട്ട് | 11,943/- | ,, |
| 18 | 37<br>തോട്ടട | 37/621/11 | പറക്കാട്ട് മുസ്തഫ | 44.46 M2<br>റിസോർട്ട് | 11,943/- | ,, |
| 19 | 37<br>തോട്ടട | 37/621/12 | പറക്കാട്ട് മുസ്തഫ | 87.48M2<br>റിസോർട്ട് | 23,493/- | ,, |
| 20 | 37<br>തോട്ടട | 37/621/13 | പറക്കാട്ട് മുസ്തഫ | 18.05M2<br>റിസോർട്ട് | 4,849/- | ,, |
| 21 | 38<br>ആദി<br>കട<br>ലായി | 38/777/1 | കോട്ടയംകണ്ടി<br>പുതുക്കടിശോഭന | 49.94M2<br>റിസോർട്ട് | 13,414/- | അനധികൃത നിർമ്മാണം കണ്ടെത്തി യു.എ.സിനമ്പർ നൽകി. 2015-16 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതുവരെ നികുതിഒടുക്കിയിട്ടില്ല |
| 22 | 38ആദി<br>കട<br>ലായി | 38/777/2 | കോട്ടയംകണ്ടി<br>പുതുക്കടിശോഭന | 49.94M2<br>റിസോർട്ട് | 13,414/- | ,, |
| 23 | 38ആദി<br>കട<br>ലായി | 38/523/1 | ഇ.വി.ഹാരിസ് ,<br>ശീതൾ,കടലായി ,<br>കണ്ണൂർ | 235.72M2<br>റിസോർട്ട് | 63,296/- | അനധികൃത നിർമ്മാണം കണ്ടെത്തി യു. എ. സി നമ്പർ നൽകി. 2015-16 രണ്ടാം അർദ്ധ വർഷം മുതലുള്ള നികുതി നിർണ്ണയിച്ചു. നാളിതു വരെ നികുതി ഒടുക്കിയിട്ടില്ല |
| 24 | 38ആദി<br>കട | 38/523/2 | ഇ.വി.ഹാരിസ് ,<br>ശീതൾ,കടലായി | 40.28M2<br>റിസോർട്ട് | 9,618/-/- | ,, |

| | | | | | | |
|---|---|---|---|---|---|---|
| | ലായി | | ,കണ്ണൂർ | | | |
| 25 | 38ആദി കട ലായി | 38/523/3 | ഇ.വി.ഹാരിസ് , ശീതൾ,കടലായി ,കണ്ണൂർ | 241.13M2 റിസോർട്ട് | 64,751/- | „ |
| 26 | 38 ആദി കട ലായി | 38/523/4 | ഇ.വി.ഹാരിസ് , ശീതൾ,കടലായി , കണ്ണൂർ | 327.61M2 റിസോർട്ട് | 1,02,633/- | „ |
| 27 | 38ആദി കട ലായി | 38/523/5 | ഇ.വി.ഹാരിസ് , ശീതൾ,കടലായി , കണ്ണൂർ | 51.60M2 റിസോർട്ട് | 12,318/- | „ |
| 28 | 38 ആദി കടലായി | 38/523/6 | ഇ.വി.ഹാരിസ് ശീതൾ,കടലായി, കണ്ണൂർ | , 140.16M2 റിസോർട്ട് | 33,455/- | „ |

മുകളിൽ കാണിച്ച 1 മുതൽ 28 വരെയുള്ള യു.എ.സി നമ്പർ നൽകിയ കെട്ടിടങ്ങൾ തീരദേശ നിയന്ത്രണ മേഖലയിൽ നിർമ്മിച്ചിട്ടുള്ളവയാണ്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തില വകുപ്പ്3 പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 6.1.2011 ൽ സി.ആർ.ഇസഡ് അന്തിമ വിജ്ഞാനം പുറപ്പെടുവിക്കുകയും, ഇതിൽ ചില ഭേദഗതികൾ വരുത്തി 18.1.2019 ന് ജി.എസ്.ആർ 37 (ഇ) നമ്പറായി പുതിയ വിജ്ഞാപനം നിലവിൽ വരികയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപനങ്ങൾ പ്രകാരം കടൽമുഖത്ത് വേലിയേറ്റ രേഖമുതൽ കരഭാഗത്തെ 500 മീറ്റർ വരെയുള്ള പ്രദേശം തീരദേശ നിയന്ത്രണ മേഖലയാണ്. തീരദേശമേഖലയിലുള്ള എല്ലാ നിയന്ത്രിത പ്രവർത്തനങ്ങൾക്കും സംസ്ഥാനതല കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിയിറ്റിയുടെ ക്ലീയറൻസ് സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.തീരദേശത്ത് നിർമ്മിച്ച മുകളിൽ പട്ടികയിൽ കാണിച്ച എല്ലാ കെട്ടിടങ്ങളും നിയമാനുസൃത നിർമ്മിതിയല്ലെന്ന് നഗരസഭ കണ്ടെത്തിയതിനെ തുടർന്ന് അവയെ അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി നഗരസഭ യു.എ നമ്പർ നൽകിയിട്ടുണ്ട്. ഇവയെല്ലാം റിസേർട്ടുകളായി പ്രവർത്തിക്കുന്നുണ്ടെന്നും യു.എ.സി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണങ്ങൾ അനധികൃതമാണെന്നും നിയമപരമായ സാധുതയില്ലെന്നും ബോധ്യമുണ്ടായിട്ടും ചട്ടപ്രകാരമുള്ള നടപടിസ്വീകരിച്ച് റിസോർട്ടുകളുടെ പ്രവർത്തനം നിർത്തുന്നതിനും കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും നഗരസഭ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല . 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 406 ,515,കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ അനുസരിച്ച് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും അതിനുള്ള ചെലവ് ഉടമയിൽ നിന്ന് ഈടാക്കുന്നതിനും, അനധികൃത നിർമ്മാണത്തിന് കെട്ടിട ഉടമയിൽ നിന്ന് പിഴ ഈടാക്കുന്നതിനും സെക്രട്ടറിക്ക് അധികാരം ഉണ്ടെന്നിരിക്കെ, അനധികൃതമായി നിർമ്മിച്ച് വർഷങ്ങളായി പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് ക്രമപ്രകാരമുള്ള നടപടിയല്ല. കൂടാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ(യു.എ.സി ) അനുവദിച്ചാൽ അവിടെ വ്യാപാരത്തിനോ ,കച്ചവടത്തിനോ , വ്യവസായത്തിനോ ,മറ്റ് ഏതെങ്കിലും ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്നതിന് അനുമതിയോ ലൈസൻസോ മുൻസിപ്പാലിറ്റി നൽകാൻ പാടില്ലെന്ന് 2011ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 ൽ 4 ൽ പറഞ്ഞിരിക്കെ മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങൾ റിസോർട്ടുകളായി പ്രവർത്തിക്കുന്നത് ലൈസൻസ് ചട്ടങ്ങളുടെ ലംഘനവുമാണ്.

അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വസ്തുനികുതി കണക്കാക്കുന്നതിൽ 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 242 ൽ ഉപവകുപ്പ് 1 ,2011ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ അനുസരിച്ച് നിയമാനുസൃതമായി

നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്ത കെട്ടിടങ്ങൾക്ക് ആ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതാടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കെട്ടിട ഉടമയിൽ നിന്ന് വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. മുകളിൽ പട്ടികയിൽ കാണിച്ച ക്രമനം നം 1 മുതൽ 3 വരെയുള്ള കെട്ടിടങ്ങൾക്ക് യു.എ.സി നമ്പർ നൽകി 2019-20 ഒന്നാം അർദ്ധ വർഷം മുതൽ വസ്തു നികുതി നിജപ്പെടുത്തിയെങ്കിലും ആയതും അതിന് ശേഷമുള്ള കാലയളവിലും നികുതി ഈടാക്കിയതായി കാണുന്നില്ല. ക്രമനം 4 മുതൽ 28 വരെയുള്ള കെട്ടിടങ്ങൾക്ക് 2015-16 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി നിജപ്പെടുത്തിയെങ്കിലും ആയതും അതിന് ശേഷമുള്ള കാലയളവിലും നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് സോണൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എ.ഇ നം 41/2020-21ബി1. തീയ്യതി 26.4.2022)ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കാത്തതു കാരണം നഗരസഭാഫണ്ടിലേക്ക് ലഭിക്കേണ്ട തുക കാലഹരണപ്പെടുന്നു

സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കി കാണുന്നില്ല. വിശദവിവരം ചുവടെ നൽകുന്നു.

ചേലോറ സോണൽ ഓഫീസ്

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2020 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി കുടിശ്ശിക | വസ്തു നികുതി 2020-21 വർഷം |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| 1 | 15/576 | എയർടെൽ ടവർ | 1,03,275 | 14,850 |
| 2 | 15/656 | സുദേവൻ.വി.ഡി, മാനേജർ, വയർലെസ് ടി ടി ഇൻഫോ സർവീസസ് | 30,853 | 9,900 |
| 3 | 16/687 | ജനറൽ മാനേജർ, ബി.എസ്.എൻ. എൽ | 18,980 | 3,803 |
| 4 | 18/515 | ജയപാൽ മേനോൻ | 44,353 | 7,426 |
| 5 | 19/409 | ബിജു പദ്മനാഭൻ, റിലയൻസ് കമ്മ്യൂണി ക്കേഷൻസ് | 68,258 | 9,900 |
| 6 | 19/584 | ജനറൽ മാനേജർ, ബി.എസ്.എൻ. എൽ | 18,980 | 3,803 |
| 7 | 20/778 | ജനറൽമാനേജർ, ബി.എസ്.എൻ. എൽ | 60,439 | 12,110 |
| | | ആകെ | 3,45,138 | 61,792 |

എളയാവൂർ സോണൽ ഓഫീസ്

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ ഉടമസ്ഥന്റെ പേര് | 31.03.2020 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2020-21 വർഷം |
|---|---|---|---|---|
| 1 | 21/547 | വയോംസ് നെറ്റ് വർക്ക് ലിമിറ്റഡ് | 66,960 | 9,630 |
| 2 | 23/1155 | റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് | 3,957 | 1,284 |
| 3 | 24/609 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ | 13,230 | 10,530 |
| | | ആകെ | 84,147 | 21,444 |

പുഴാതി സോണൽ ഓഫീസ്

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ ഉടമ സ്ഥന്റെ പേര് | 31.03.2020 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2020-21 വർഷം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 6/329 A | സുദേവൻ വിഢി, വയർലെസ്സ് ടി ടി ഇൻഫോ സർവീസ് ലിമിറ്റഡ് | 1,75,824 | 25,272 |
| 2 | 6/1193 | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് | 39,865 | 9,945 |
| 3 | 8/203 A | ബിജു പദ്മനാഭൻ, മാനേജർ റിലയൻസ് ഇൻഡസ്ട്രീസ് | 1,88,734 | 38,084 |
| 4 | 11/701 | ബിജു പദ്മനാഭൻ, മാനേജർ റിലയൻസ് ഇൻഡസ്ട്രീസ് | 44,480 | 38,083 |
| 5 | 11/686 | ജയപാൽ മേനോൻ, ഭാരതി ടെലി വെൻചേഴ്സ് ലിമിറ്റഡ് | 8,18,050 | 8,775 |
| 6 | 13/42 | റിലയൻസ് ജിയോഇൻഫോ കോംലിമിറ്റഡ് | 5,265 | 1,755 |
| | | ആകെ | 4,72,218 | 1,21,914 |

പള്ളികുന്ന് സോണൽ ഓഫീസ്

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ ഉടമ സ്ഥന്റെ പേര് | 31.03.2020 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി | വസ്തു നികുതി 2020-21 വർഷം |
|---|---|---|---|---|
| 1 | 54/697 | ടവർ വിഷൻഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സി.വി.സന്തോഷ് | 26,617 | 7,605 |
| 2 | 54/836 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 16,380 | 2,340 |
| | | ആകെ | 42,997 | 9,945 |

എടക്കാട് സോണൽ ഓഫീസ്

| ക്രമനം | സ്ഥാപനം/ഉടമ | കെട്ടിട നം | കുടിശ്ശികതുക 31.3.2020 വരെ | 2020-21 ലെ തുക |
|---|---|---|---|---|
| 1 | മാനേജർ വയർലെസ് ടി.ടി ഇൻഫ്രോ സർവ്വീസ് ലിമിറ്റഡ് | 32/953 | 2,08,750/- (2013-14 മുതൽ 2019-20 വരെ) | 30,000/- |
| 2 | എസ്സ്കോട്ടൽ മോബൈൽ | 33/108 | 40,080/- | 5,760/- |

| | | | | |
|---|---|---|---|---|
| 3 | എസ്കോട്ടൽ മോബൈൽ കമ്മ്യൂണിക്കേഷൻസ് | 33/109 | 40,080/- | 5,760/- |
| 4 | എസ്കോട്ടൽ മോബൈൽ കമ്മ്യൂണിക്കേഷൻസ് | 33/110 | 40,080/- | 5,760/- |
| 5 | എസ്കോട്ടൽ മോബൈൽ കമ്മ്യൂണിക്കേഷൻസ് | 33/111 | 26,720/- | 3,840/- |
| 6 | എം.എസ്/ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് ജയ് പാൽ മേനോൻ | 33/587 | 30,100/- | 7,509/- |
| 7 | എം.എസ്/ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 33/1257 | 30,560/- | 3,840/- |
| 8 | എസ്.ആർ ടെലികോം ടവർ | 35/733 | 25,785/- | 3,240/- |
| 9 | എം.എസ്/ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് . ജയ് പാൽ മേനോൻ | 37/1942 | 33,854/- | 8,446/- |
| 10 | എം.എസ്/ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് .ജയ് പാൽ മേനോൻ | 37/1943 | 30,099/- | 7,509/- |
| 11 | മാനേജർ ഐഡിയ മൊബൈൽ കമ്മ്യൂണി ക്കേഷൻ ലിമിറ്റഡ് | 38/1186 | 30,100/- | 7,509/- |
| 12 | മാനേജർ റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റ് , ബിജു പദ്മനാഭൻ | 38/155 | 2,08,750/- | 30,000/- |
| 13 | എം.എസ്/ഭാരതി എയർടെൽ | 39/994 | 22,366/- | 6,695/- |
| ആകെ | | | 7,67,324/- | 1,25,868/- |

മുകളിൽ കാണിച്ച മൊബൈൽ ടവർ കമ്പനികളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം വരെ മൊബൈൽ ടവർ വസ്തുനികുതിയിനത്തിൽ 1711824/-രൂപ കുടിശ്ശികതുകയും,2020-21 വർഷം 340963/-രൂപ തൻവർഷ വരവും പിരിച്ചെടുക്കാനുണ്ട്. 2013-14 വർഷം മുതലുള്ള കുടിശ്ശികയാണ്പിരിച്ചെടുക്കാനുള്ളത് .

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 233 ൽ ഉപവകുപ്പ്13 ,2011ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 , 19 എന്നിവ അനുസരിച്ച് സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും വസ്തു നികുതി ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും നികുതി അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന ബാധ്യത സംബന്ധിച്ച് അറിയിപ്പ് നൽകേണ്ടതുമാണ്. ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയശേഷം കെട്ടിടഉടമ നോട്ടീസിൽ രേഖപ്പെടുത്തിയ സമയ പരിധിക്കകം നികുതി ഒടുക്കിയില്ലായെങ്കിൽ നികുതി ഈടാക്കുന്നതിന് സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ ,വ്യവഹാരം എന്നിവ സ്വീകരിക്കേണ്ടതാണ്. 2013-14 മുതൽ മൊബൈൽ ടവർ ഉടമകൾ നികുതി ഒടുക്കാത്തതിനെ സംബന്ധിച്ച് സോണൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം എ.ഇ 39/2020-21 ബി1.തീയ്യതി 23.4.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശിക തുക ഉൾപ്പെടെ പിരിച്ചെടുത്ത് നഗരസഭ ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-40 വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ഇ-ഗവേണൻസ് പ്ലാറ്റ്ഫോമാണ് സഞ്ചയ. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളെയും സംബന്ധിക്കുന്ന മുഴുവൻ വിശദാംശങ്ങളും സൂക്ഷിക്കുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനെയാണ്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ കോർപറേഷനിലെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ പ്യൂരിഫിക്കേഷൻ പോലുള്ള നടപടികൾ പൂർണ്ണമായി പൂർത്തിയാകാത്തതിനാൽ കോർപറേഷനിലെ മുഴുവൻ കെട്ടിടങ്ങളുടെയും 100% നികുതി പിരിച്ചെടുക്കുവാൻ പര്യാപ്തമല്ല എന്ന് കാണാവുന്നതാണ്.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഫാറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി വിവരങ്ങൾ ഫാറം 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

കണ്ണൂർ കോർപറേഷനിൽ മെയിൻ ഓഫീസ്, 5 സോണൽ ഓഫീസുകൾ എന്നിവിടങ്ങളിലായി 55 ഡിവിഷനുകൾ നഗരസഭയിലുണ്ട്. നഗരസഭയിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി, വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഡിമാന്റ്, കളക്ഷൻ,ബാലൻസ് വിവരങ്ങൾ ആധികാരികമല്ല. ഡിമാന്റ്, കളക്ഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ തയ്യാറാക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയുണ്ടാകുന്നില്ല. വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ കെട്ടിടങ്ങളുടെ കലക്ഷൻവിവരങ്ങൾ മുഴുവനായും രേഖപ്പെടുത്താത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും കൃത്യമല്ല.

2020 –21 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ് 198246029/- രൂപയും കളക്ഷൻ 96658708/- രൂപയാണ്. ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുക തന്നെയാണോ യഥാർത്ഥ ഡിമാന്റ് എന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റിനാകുന്നില്ല.

കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾ ഡിമാന്റായി മാറുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്റെയും വസ്തുനികുതി കളക്ഷൻ കുടിശിക വിവരങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന നഗരസഭയിലെ നിലവിലെ സംവിധാനം 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13 പ്രകാരമായിരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർണ്ണയിക്കപ്പെടുന്ന വസ്തുനികുതി ഡിമാന്റായി മാറുന്നുവെന്ന് ഉറപ്പാക്കുന്ന സംവിധാനത്തിന്റെ അഭാവം തിട്ടപ്പെടുത്താനാകാത്ത നികുതി നഷ്ടത്തിന് കാരണമാകും.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ നിശ്ചിത സമയത്തിനകം പിരിച്ചെടുത്തില്ലെങ്കിൽ കാലാഹരണപ്പെടുമെന്നതിനാൽ വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി പിരിച്ചെടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിലെ അലംഭാവം, ബന്ധപ്പെട്ട രജിസ്റ്റർ പരിപാലനത്തിലെ ഉദാസീനത അടിയന്തിരമായി പരിഹരിച്ച് വസ്തുനികുതി ഇനത്തിലുള്ള തനതുവരുമാനം (നികുതി കടിശ്ശിക ഉൾപ്പെടെ)പൂർണ്ണമായും കോർപ്പറേഷന് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും നഗരസഭാ കൗൺസിലിന്റേയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-41 സ്ഥിര നിക്ഷേപം-സ്ഥിര നിക്ഷേപ റജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

കണ്ണൂർ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ,ദേശസാൽകൃത ബാങ്കുകളിലായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് 23 സ്ഥിര നിക്ഷേപങ്ങൾ ഉണ്ട്.മേൽ സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചുവരുന്നു.എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥിര നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, നിക്ഷേപം,നീക്കിയിരിപ്പ് എന്നീ തുകകൾ 2020-21 വാർഷിക ധനകാര്യ പത്രികയിലെ പ്രസ്തുത തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വിവരണം | നിക്ഷേപ രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,26,52,030 | 18,22,95,259 |
| തൻവർഷം നിക്ഷേപിച്ച തുക (നിക്ഷേപം + പലിശ) | 87,97,068 | 76,42,140(I-7) |
| ആകെ | 19,14,49,098 | 18,99,37,399 |
| തന്നാണ്ടിൽ പിൻവലിച്ച തുക | രേഖപ്പെടുത്തിയിട്ടില്ല. | 26,71,613(RP-34) |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19,14,49,098 | 18,72,65,786(B-12) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു (സ്ഥിര നിക്ഷേപ രജിസ്റ്റർ പ്രകാരം)

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.ഐ ,സിവിൽ സ്റ്റേഷൻ | 1,29,42,048 |

| | |
|---|---|
| (67306367363/39829703800തീയതി.22.12.2016) | |
| എസ്.ബി.ഐ ,സിവിൽ സ്റ്റേഷൻ (67303052426/39502156835 തീയതി.26.11.2017) | 82,98,556 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പുതിയ തെരു,ഈവനിംഗ് (1042513007917/2 തീയതി.19.03.2018) | 19,43,055 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പുതിയ തെരു,ഈവനിംഗ് (1042513007916/2 തീയതി.19.03.2018) | 27,56,560 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(998/2018-19 തീയതി.05.04.2018) | 1,79,03,241 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(999/2018-19 തീയതിയ05.04.2018) | 79,58,527 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്(1000/2018-19 തീയതിയ05.04.2018) | 6,93,255 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ടൗൺ (102751200007/1) | 6,46,548 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ടൗൺ (1047505000950/1) | 14,22,718 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, തളാപ്പ് ബ്രാഞ്ച് (1047505000951/1) | 21,81,071 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, തളാപ്പ് ബ്രാഞ്ച് (1047505000952/1) | 8,61,170 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021513000004/2) | 34,24,270 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021513000004/1) | 14,04,743 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008433/1) | 2,44,74,606 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,ഈവനിംഗ് (1010504007741/1) | 2,44,74,606 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ ലേഡീസ് (1021504012481/1) | 2,44,74,606 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008620/1) | 1,06,39,300 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008621/1) | 1,06,39,300 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008619/1) | 1,05,46,435 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008620/1) | 1,05,46,435 |
| കണ്ണൂർ ജില്ലാ സഹകരണ ബേങ്ക്, കണ്ണൂർ മെയിൻ (1001512008621) | 1,05,46,435 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്,ചാലാട് ഈവനിംഗ് ശാഖ(0220111800911) | 11,40,648 |
| പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക്,ചാലാട് ഈവനിംഗ് ശാഖ(0220111800912) | 15,30,965 |
| ആകെ | 19,14,49,098 |

ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിലെ I-7 ഷെഡ്യൂളിൽ പലിശ ഇനത്തിൽ 76,42,140 രൂപ ലഭ്യമായതായും റസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-34 ഷെഡ്യൂൾ പ്രകാരം 26,71,613 രൂപ സ്ഥിര നിക്ഷേപത്തിൽ നിന്നും പിൻവലിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ തുകകളുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.മേൽ പറഞ്ഞ 23 സ്ഥിര നിക്ഷേപങ്ങളിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഓരോന്നിലും ലഭ്യമായ യഥാർത്ഥ പലിശയുടെയും 2020-21 വർഷത്തിൽ

പിൻവലിച്ച തുകകളുടെയും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നീക്കിയിരിപ്പ് പത്രികയിലെ B-12 ഷെഡ്യൂൾ (18,72,65,786), സ്ഥിര നിക്ഷേപ രജിസ്റ്റർ (19,14,49,098) എന്നിവ പ്രകാരമുള്ള സ്ഥിര നിക്ഷേപ നീക്കിയിരിപ്പിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-42 ഡിവിഡന്റ് ഇനത്തിൽ ലഭ്യമാകുന്ന തുക വിവരം റജിസ്റ്ററിലോ വാർഷിക ധനകാര്യ പത്രികയിലോ ഉൾപ്പെടുത്തുന്നില്ല.

കണ്ണൂർ നഗരസഭയ്ക്ക് സംസ്ഥാന സർക്കാറിന്റെ സെക്യൂരിറ്റികളിലും മറ്റു സ്ഥാപനങ്ങളിലെ ഇക്യുറ്റി ഷെയേഴ്സകളിലും നിക്ഷേപങ്ങൾ ഉണ്ട്.വർഷങ്ങളായുള്ളതും ചുവടെ കൊടുക്കുന്നതുമായ ഇത്തരം നിക്ഷേപങ്ങളിലെ ഡിവിഡന്റ് ഇനത്തിൽ ലഭ്യമാകുന്ന തുക വിവരം ഇൻവെസ്റ്റ്മെന്റ് റജിസ്റ്ററിലോ വാർഷിക ധനകാര്യ പത്രികയിലോ രേഖപ്പെടുത്തുന്നില്ല.നിക്ഷേപങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം (സ്ഥാപനം /സർട്ടിഫിക്കറ്റ് നമ്പർ /തീയതി) | നിക്ഷേപ തുക |
|---|---|
| I.സംസ്ഥാന സർക്കാർ സെക്യൂരിറ്റി . | 5,000 |

| | |
|---|---|
| കണ്ണൂർ കോ.ഓപ്പററ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ./സർട്ടിഫിക്കറ്റ് നം .70തീയതി ലഭ്യമല്ല. | |
| ആകെ | 5,000 |
| II.ഇക്വിറ്റി ഷെയേഴ്സ് .<br>1.കേരള അർബൻ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് - കോഴിക്കോട്.<br>1)നമ്പർ 8441 മുതൽ 8540 വരെ-(തീയതി.05-06-1972.) 100 രൂപ വിലയുള്ള 100 എണ്ണം. | 10,000 |
| 2)നമ്പർ 16622 മുതൽ 16741 വരെ-(തീയതി.7-3-1974.)100 രൂപ വിലയുള്ള 120 എണ്ണം. | 12,000 |
| 3)നമ്പർ 17867 മുതൽ 17896 വരെ-(തീയതി.19-4-1974.)100 രൂപ വിലയുള്ള 30 എണ്ണം. | 3,000 |
| 4)നമ്പർ 50692 മുതൽ 51105 വരെ-(തീയതി.6-4-1990.)100 രൂപ വിലയുള്ള 414എണ്ണം. | 41,400 |
| 5)നമ്പർ 38607 മുതൽ 39086വരെ-(തീയതി.8-11-1982.)100 രൂപ വിലയുള്ള 480 എണ്ണം. | 48,000 |
| 6)നമ്പർ 2391 മുതൽ 2460 വരെ-(തീയതി.7-9-1970.)100 രൂപ വിലയുള്ള 70 എണ്ണം. | 7,000 |
| ആകെ | 1,21,400 |
| 2.ക്ലീൻ കേരള കമ്പനി ലിമിറ്റഡ്. സർട്ടിഫിക്കറ്റ് നം .030 തീയതി. 26-05-2014<br>1000 രൂപയുടെ 2000 എണ്ണം | 20,00,000 |
| ആകെ | 20,00,000 |
| 3.മലബാർ ടൂറിസം ഡെവലപ്പ്മെന്റ്കോ . ഓപ്പററ്റീവ്സൊസൈറ്റ I പറശ്ശിനിക്കടവ്. കണ്ണൂർ. സർട്ടിഫിക്കറ്റ് നം .4739 തീയതി.30-01-2017 | 20,000 |
| ആകെ | 20,000 |
| ആകെ നിക്ഷേപം | 21,46,400 |

കണ്ണൂർ നഗരസഭയ്ക്ക് സർക്കാർ സെക്യൂരിറ്റികൾ,മറ്റു സ്ഥാപനങ്ങളിലെ ഷെയറുകൾ എന്നിവയിൽ 21,46,400 (21,41,400 + 5,000) രൂപയുടെ നിക്ഷേപമുണ്ടായിട്ടും ഇതിൽനിന്നും ഡിവിഡന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ട തുക വിവരം വാർഷിക ധനകാര്യ പത്രികയിൽ വരവ് വയ്ക്കാത്തതിന്റെ കാരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മേൽ ഡിവിഡന്റ് വഴി ലഭ്യമാകേണ്ട വരവുകൾ നഗരസഭയ്ക്ക് യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭാ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE.94/20-21 /ബി1/തീയതി.31.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-43 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു

കോർപറേഷനിൽ വസ്തുനികുതി ഇ-പേയ്മെന്റ്, അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളാണ്. വസ്തുനികുതി ഇ-പേയ് മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ കോർപറേഷന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ് | |
|---|---|---|
| | 31-03-2020 | 31-03-2021 |
| എസ് ബി ഐ (അക്കൗണ്ട് നമ്പർ -5769) | 8012107 | 23517981 |
| എസ്.ബി.ടി ഇ.പേയ്മെന്റ് | 171326 | 180578 |

മേൽ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളായാണോ നിലനിർത്തുന്നത് എന്നറിയുന്നതിനും,അക്കൗണ്ടിലെ തുകകൾക്ക് പലിശ ലഭിക്കുന്നുണ്ടോ എന്നറിയുന്നതിന് വേണ്ടി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം കോർപറേഷന് നഷ്ടമാവുന്നുണ്ട്. ഈ രീതിയിൽ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയ കോർപറേഷന്റെ തനത് വരുമാനം സ്ഥിരനിക്ഷേപമാക്കുന്നതിനോ സേവിംഗ്സ് ബാങ്ക് അക്കൗണ്ടി ലേക്ക് മാറ്റുന്നതിനോ വേണ്ട നടപടി കൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.
[മേൽ വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എഇ.121/20-21/ബി1/തീയതി.10.06.2022) മറുപടി ലഭ്യമാക്കിയില്ല.]

## 1-44 നഗരസഭയുടെ കൈവശമുള്ള സെൻട്രൽ മാർക്കറ്റ് കെട്ടിടസമുച്ചയം നിർമ്മാണം പൂർത്തിയായിട്ടും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല

നഗരസഭയുടെ കൈവശമുള്ള സെൻട്രൽ മാർക്കറ്റ് കെട്ടിടസമുച്ചയം നിർമ്മാണം പൂർത്തിയായിട്ടും പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു.

സെൻട്രൽ മാർക്കറ്റിൽ ആകെ ഉള്ള 85 റൂമുകളിൽ നാമമാത്രമായ റൂമുകൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് . ബാക്കിയുള്ള റൂമുകൾ വാടകയ്ക്ക് നൽകാത്തതിനാൽ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. റൂമുകൾ ഉപയോഗിക്കാത്തതിനാൽ ഷട്ടറുകളും ഇലക്ട്രിക്ക് ഉപകരണങ്ങളും തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയാണുള്ളത്. വാടകയ്ക്ക് നൽകാൻ സജ്ജമായ മുറികൾ (ഹാളുകൾ ഉൾപ്പെടെ) വാടകയ്ക്ക് നൽകാത്തതിന് കാരണം വ്യക്തമല്ല.

സെൻട്രൽ മാർക്കറ്റ് കെട്ടിട നിർമ്മാണത്തിനായി 2020-21 വരെ കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് 2,52,35,872 രൂപ വായ്പയും നഗരസഭ വിഹിതമായി 39,33,882/- രൂപയും ചെലവായിട്ടുണ്ട്. ഭീമമായ തുക വായ്പയെടുത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും, സെൻട്രൽ മാർക്കറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തത് നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യതയ്ക്ക് ഇടവരുത്തുന്നു.

സർക്കാർ ഉത്തരവ് എം.എസ് നം 147/2009/ത.സ്വ.ഭ.വ തീയ്യതി 29.9.2009 അനുസരിച്ച് വായ്പയെടുത്ത് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വായ്പാതിരിച്ചടവ് സൃഷ്ടിക്കപ്പെടുന്ന ആസ്തികളിൽ നിന്ന് ആകേണ്ടതാണ്.

സെൻട്രൽ മാർക്കറ്റ് കെട്ടിട സമുച്ചയത്തിന്റെ വായ്പാ തിരിച്ചടവ് കെട്ടിട സമുച്ചയത്തിൽ നിന്ന് ലഭിക്കുന്ന വരവിന്റെ അടിസ്ഥാനത്തിലാണോ എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

റൂമുകൾ വാടകയ്ക്ക് നൽകുന്നതിനും, കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും സുരക്ഷിതമായി പ്രവർത്തിക്കാനും കെട്ടിടത്തിന് ചുറ്റുമതിൽ, ക്യാമറ പോലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടത് നഗരസഭയുടെ കടമയാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് കൈക്കൊണ്ട നടപടിയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം AE.105/2020-21/ബി.1 തീയ്യതി 6.6.2022) ന് മറുപടി ഹാജരാക്കിയിട്ടില്ല.

## 1-45 ഗവ.എച്ച്.എസ്.എസ്.കാന്റീൻ നടത്തിപ്പ് – കുടിശ്ശിക വാടക ഒടുക്കണമെന്നുള്ള കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല.

| | |
|---|---|
| ഫയൽ | എ5 24685/15 |
| കൗൺസിൽ തീരുമാനം | 41/27.05.20, 37/25.8.20. |

സർക്കാർ സ്ഥലം ഉപയോഗിച്ച് ജി.വി.എച്ച്.എസ്.എസ് കാന്റീൻ നടത്തുന്നവർ സ്ഥലം/കെട്ടിട വാടകയായി 2010-11 ൽ 3550/- രൂപ ഒടുക്കിയിരുന്നു. തുടർന്ന് 2019-20 വരെ 9 വർഷം തുക ഒന്നും തന്നെ ഒടുക്കുകയുണ്ടായില്ല. വിഷയം ഓഡിറ്റിൽ പരാമർശിച്ചതിനെ തുടർന്ന് പരാതി കൗൺസിൽ പരിശോധിക്കുകയും 9 വർഷത്തേക്ക് പ്രതിവർഷം 3550/- രൂപ വീതം വാടക ഒടുക്കാനും 2020-21 വർഷത്തിൽ 7,000/- രൂപ വാടകയും 10,000/- രൂപ ഡിപ്പോസിറ്റും വാടകക്കാരിൽ നിന്ന് ഈടാക്കുവാൻ തീരുമാനിക്കുകയുംചെയ്തിരുന്നു. കൂടാതെ കാന്റീനിന്റെ വൈദ്യുതി ചാർജ് നിലവിൽ സ്കൂൾ ഒടുക്കുന്നത് ഒഴിവാക്കി പ്രത്യേക മീറ്റർ വയ്ക്കാനും നിർദ്ദേശിച്ചിരുന്നു.

കൗൺസിൽ തീരുമാനം നടപ്പാക്കിയതിന്റെ വിശദവിവരം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എഇ70/30.04.22) 12.05.22 ന് റവന്യൂ ഓഫീസർ നൽകിയ മറുപടിയിൽ ഈവർഷം 7,750/- രൂപ വാടകയും , 10,000/- രൂപ ഡിപ്പോസിറ്റും ഒടുക്കിയ കാര്യം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. 9വർഷത്തെ വാടക കുടിശ്ശിക ഒടുക്കിയ കാര്യം മറുപടിയിൽ പരാമർശിച്ചിട്ടില്ല. കൂടാതെ പ്രത്യേക മീറ്റർ വച്ച് വൈദ്യുതി ചാർജ് കാന്റീൻ തന്നെ ഒടുക്കാനാവശ്യമായ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചതായി കാണുകയുണ്ടായിട്ടില്ല.നഗരസഭാ കൗൺസിൽ എടുത്ത തീരുമാനം നടപ്പിൽ വരുത്തുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായ വീഴ്ചയിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 ടെണ്ടർ ഫോറങ്ങളുടെയും മറ്റ് ഫോറങ്ങളുടെയും സ്റ്റോക്ക് – സോണൽ ഓഫീസുകളിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കണ്ണൂർ കോർപ്പറേഷൻ ഓഫീസിൽ നിന്നും സോണൽ ഓഫീസുകളിലേക്ക് ലഭ്യമാക്കുന്ന ടെണ്ടർ ഷെഡ്യൂൾ ഫോറങ്ങളും മറ്റ് പണമൂല്യമുള്ള ഫോറങ്ങളും സ്റ്റോക്കിലെടുക്കുന്നതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 147,150 എന്നിവ പ്രകാരം ഫോറങ്ങൾ സ്റ്റോക്കിലെടുത്ത് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. കൂടാതെ വിതരണം ചെയ്യുന്ന സമയത്ത് തന്നെ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കുകയും ചെയ്യണം. ഫോറങ്ങൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും കണക്ക് സൂക്ഷിക്കാത്തത് മേൽ വ്യവസ്ഥകളുടെ ലംഘനമാണ്. പള്ളിക്കുന്ന് സോണൽ ഓഫീസിന്റെ 01.04.2020 മുതൽ 31.03.21 വരെയുള്ള അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ സ്റ്റേറ്റ്മന്റിൽ രേഖപ്പെടുത്തിയ ടെണ്ടർ ഫോറം വരവ് കൃത്യമല്ല. ഹെഡ് മാറി Sale Of Scraps എന്ന

ഹെഡിലും ടെണ്ടർ ഫോറം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

അതുപോലെ തന്നെ പുഴാതി, എളയാവൂർ, ചേലോറ എന്നീ സോണൽ ഓഫീസുകളിൽ നിന്നും കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ നിന്നും മേൽ പറഞ്ഞ പ്രകാരമുള്ള ടെൻഡർ ഫോറം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-47 സകർമ്മ സോഫ്റ്റ് വെയർ നഗരസഭയിൽ ഉപയോഗിക്കാത്തത് സംബന്ധിച്ച്.

കൗൺസിൽ/കമ്മിറ്റി മീറ്റിങ്ങുകളുടെ അജണ്ട, മിനിട്സ് എന്നിവ കൈകാര്യം ചെയ്യുന്നതിനായി ഐ.കെ.എം വികസിപ്പിച്ച ഒരു സോഫ്റ്റ് വെയറാണ് സകർമ്മ. കേരളത്തിലെ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൗൺസിൽ മീറ്റിങ്ങുകളുടെ അജണ്ട, മിനുട്സ് എന്നിവ കൈകാര്യം ചെയ്യുന്നത് ഈ സോഫ്റ്റ് വെയർ ഉപയോഗിച്ചിട്ടാണ്. എന്നാൽ കണ്ണൂർ നഗരസഭയിൽ ഇപ്പോഴും കൗൺസിൽ മീറ്റിങ്ങുകളുടെ അജണ്ട, മിനിട്സ്, തീരുമാനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നത് മാന്വലായിട്ട് രജിസ്റ്റർ ഉപയോഗിച്ചിട്ടാണ്. സാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ ആധുനിക കാലഘട്ടത്തിൽ സാങ്കേതികവിദ്യയുടെ ഗുണഫലം ലഭ്യമാകുന്ന എല്ലാ മേഖലകളിലും ആയത് ഉപയോഗിക്കേണ്ടതായിട്ടുണ്ട്. ആയതുകൊണ്ട് തന്നെ സകർമ്മ സോഫ്റ്റ് വെയർ നഗരസഭയിൽ കൗൺസിൽ മിനുട്സ് രേഖപ്പെടുത്തുന്നതിനായി പ്രയോജന പ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-48 കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ല- ഭൂനികുതി കൃത്യമായി അടവാക്കുന്നില്ല.

ഫയൽ നമ്പർ ഇ4-10859/17

കണ്ണൂർ കോർപ്പറേഷന്റെ 2020-21വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി ഫിക്സഡ് അസറ്റ് പ്രകാരം കോഡ് നം.410100100 ൽ 5,11,09,297/- (അഞ്ചു കോടി പതിനൊന്ന് ലക്ഷത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയുടെ ഭൂമി കൈവശമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 4807739 (കോഡ് 410100102) രൂപ വിലമതിക്കുന്ന പാർക്കും 2437965 (കോഡ് 410900200) വിലമതിക്കുന്ന കൈമാറ്റം ചെയ്യപ്പെട്ട മറ്റ് സ്ഥാപനങ്ങളിലെ ഭൂമിയുമായി ആകെ 5,83,54,992/- രൂപ വിലമതിക്കുന്ന ഭൂമി കൈവശമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.മേൽ ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കൈവശമുള്ള ബഹുഭൂരിപക്ഷം സ്ഥലങ്ങളുടെയും ഭൂനികുതി വർഷങ്ങളായി അടവാക്കുന്നില്ല എന്നു കാണുകയുണ്ടായി. അവസാനമായി കരം ഒടുക്കിയ വർഷമോ ഭൂമി ആർജിച്ച രീതിയോ ഫയലിൽ പൂർണ്ണമായി ലഭ്യമല്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | സർവേ നമ്പർ | വിസ്തീർണം |
|---|---|---|---|
| 1 | നഗരസഭാ സ്റ്റാഫ് കോട്ടേഴ്സ്, കക്കാട് റോഡ് | 915/2 | 34 Are |
| 2 | മുനിസിപ്പൽ പച്ചക്കറി മാർക്കറ്റ്, അശോക മൈതാനം | 788/2 | വിവരം ലഭ്യമല്ല |
| 3 | സൗത്ത് ബസാർ മാർക്കറ്റ് (ഫിഷ് മാർക്കറ്റ് ബിൽഡിംഗ്) | 788/2 | 8 Are 94.00 M2 |
| 4 | ആയിക്കര ഫിഷ് മാർക്കറ്റ് | 1073 | 40 Are 47.00$M^2$ |
| 5 | കാമ്പസാർ മാർക്കറ്റ് | 266 | 4Are47.00 $M^2$ |

| | | | |
|---|---|---|---|
| 6 | കാമ്പസാർ മാർക്കറ്റ് | 267,216 | 33.590 $M^2$ |
| 7 | കാമ്പസാർ മാർക്കറ്റ് | 277 | 70.000 $M^2$ |
| 8 | കാമ്പസാർ മാർക്കറ്റ് | 287 | 83.000 $M^2$ |
| 9 | കാമ്പസാർ മാർക്കറ്റ് | 287 | 37.230 $M^2$ |
| 10 | കാമ്പസാർ മാർക്കറ്റ് | 289 | 92.670 $M^2$ |
| 11 | കാമ്പസാർ മാർക്കറ്റ് | 290 | 8 Are 72 $M^2$ |
| 12 | കാമ്പസാർ മാർക്കറ്റ് | 291 | 32 $M^2$ |
| 13 | കാമ്പസാർ മാർക്കറ്റ് | 292 | 5 Are 70.600$M^2$ |
| 14 | കാമ്പസാർ മാർക്കറ്റ് | 293 | 4Are37.00 $M^2$ |
| 15 | കാമ്പസാർ മാർക്കറ്റ് | 280/1 | 29.000 $M^2$ |
| 16 | കാമ്പസാർ മാർക്കറ്റ് | 271 | 1 Are 21$M^2$ |
| 17 | കാമ്പസാർ മാർക്കറ്റ് | 280/2 | 8 Are292.000 $M^2$ |
| 18 | കാമ്പസാർ മാർക്കറ്റ് | 216 | 0.200 $M^2$ |
| 19 | കാമ്പസാർ മാർക്കറ്റ് | 282/1 | 44.920 $M^2$ |
| 20 | കാമ്പസാർ മാർക്കറ്റ് | 282/2 | 8.090 $M^2$ |
| 21 | കാമ്പസാർ മാർക്കറ്റ് | 272/3 | 16.940$M^2$ |
| 22 | കാമ്പസാർ മാർക്കറ്റ് | 473 | 352.000$M^2$ |
| 23 | കാമ്പസാർ മാർക്കറ്റ് | 478/56 | 3.120$M^2$ |
| 24 | കാമ്പസാർ മാർക്കറ്റ് | 283 | 24.680$M^2$ |
| 25 | കാമ്പസാർ മാർക്കറ്റ് | 284 | 1Are 87.000$M^2$ |
| 26 | കാമ്പസാർ മാർക്കറ്റ് | 285 | 14.470 $M^2$ |
| 27 | കാമ്പസാർ മാർക്കറ്റ് | 285/2 | 15.780 $M^2$ |
| 28 | ബസ്റ്റാന്റ് | 886/A, 786/1 | വിവരം ലഭ്യമല്ല |
| | | 840/1 | വിവരം ലഭ്യമല്ല |
| | | 836/1,815/2 | വിവരം ലഭ്യമല്ല |
| | | 842,826/1 | വിവരം ലഭ്യമല്ല |
| | | 839/2A, 837 | വിവരം ലഭ്യമല്ല |
| | | 817, 816 | വിവരം ലഭ്യമല്ല |
| | | 840/2, 783/1 | വിവരം ലഭ്യമല്ല |
| | | 844, 807 | വിവരം ലഭ്യമല്ല |
| | | 846, 886/1A | വിവരം ലഭ്യമല്ല |
| | | 810,786,886/1A | വിവരം ലഭ്യമല്ല |
| | | 811, 808, 886A | വിവരം ലഭ്യമല്ല |
| | | 828/1 | വിവരം ലഭ്യമല്ല |
| | | 807/1 | വിവരം ലഭ്യമല്ല |
| | | 841/1 | വിവരം ലഭ്യമല്ല |
| | | 844 | വിവരം ലഭ്യമല്ല |
| | | 818/1 | വിവരം ലഭ്യമല്ല |
| | | 837 | വിവരം ലഭ്യമല്ല |
| | | 840 | വിവരം ലഭ്യമല്ല |
| | | 844 | വിവരം ലഭ്യമല്ല |
| | | 810 | വിവരം ലഭ്യമല്ല |
| | | 886/1A | വിവരം ലഭ്യമല്ല |
| | | 840/1 | വിവരം ലഭ്യമല്ല |

| | | | |
|---|---|---|---|
| | | 811 | വിവരം ലഭ്യമല്ല |
| | | 816 | വിവരം ലഭ്യമല്ല |
| 29 | അപ്രോച്ച് റോഡ് | 816,811,815/2 | വിവരം ലഭ്യമല്ല |
| 30 | ഫ്രൂട്ട് മാർക്കറ്റ് ബസ്സ്റ്റാന്റ് | 269 | 46 Are 46 $M^2$ |
| 31 | ഫ്രൂട്ട് മാർക്കറ്റ് ബസ്സ്റ്റാന്റ് | 267/1 | 1Are 14$M^2$ |
| 32 | ഫ്രൂട്ട് മാർക്കറ്റ് ബസ്സ്റ്റാന്റ് | 275/1 | 80.600$M^2$ |
| 33 | ഫ്രൂട്ട് മാർക്കറ്റ് ബസ്സ്റ്റാന്റ് | 272/1 | 1Are 79$M^2$ |
| 34 | മുനിസിപ്പൽ ബസ്സ്റ്റാന്റ് | 270 | 40.470$M^2$ |
| 35 | സത്രം | 272 | 4 Are 8.00$M^2$ |
| 36 | ട്രാവലേഴ്സ് ബംഗ്ലാവ് | 273 | 11Are33.00 $M^2$ |
| 37 | ബസ്സ്റ്റാന്റ് | 961/1 | 9 Are M2 |
| 38 | ബസ്സ്റ്റാന്റ് | 965/1 | 12Are |
| 39 | ബസ്സ്റ്റാന്റ് ആയിക്കര | 206 | 20 Are10.00 M2 |
| 40 | മദർ ആന്റ് ചൈൽഡ് ഹോസ്പിറ്റൽ സ്ഥലം | | 16Are19.00 M2 |
| 41 | അറവു ശാല | 734, | 40Are47.000 M2 |
| 42 | പഴയ അറവു ശാല, ആയിക്കര | 1069/ | 9Are |
| 43 | അപ്രോച്ച് റോഡ് | 783,786 | 1.000 M2 |
| 44 | ഒതയോത്ത് ബറിയൽ ഗ്രൗണ്ട് | 825/1,6 | 1Hect 19 Are 386 M2 |
| 45 | ക്രിസ്ത്യൻ ബറിയൽ ഗ്രൗണ്ട് | 614 | 26Are |
| 46 | അഹമ്മദീയ ബറിയൽ ഗ്രൗണ്ട് | 603 | 20 Are |
| 47 | ആദിദ്രാവിഡ ബറിയൽ ഗ്രൗണ്ട് | 615 | 1Hect 20Are 81.00 M2 |
| 48 | കണ്ണൂക്കര ബറിയൽ ഗ്രൗണ്ട് | 659 | 2Hect 33 Are 39.00M2 |
| 49 | പയ്യാമ്പലം ക്രിമിറ്റോറിയം | 72/1,2,3, | 61Are514.00 M2 |
| 50 | താവക്കര ബസ്സ്റ്റാന്റ് | 832,883,886,898, 899 | 2Hect 57 Are 19.00M2 |
| 51 | മൈതാനപ്പള്ളി പബ്ലിക് ലാട്രിൻ | വിവരം ലഭ്യമല്ല | 1Are15.00 M2 |
| 52 | ചന്ദ്രശേഖര സാംസ്കാരിക മന്ദിരം | വിവരം ലഭ്യമല്ല | 18 Are 98 M2 |
| 53 | മിനി സ്റ്റേഡിയം മരയ്ക്കാർകണ്ടി | വിവരം ലഭ്യമല്ല | 60Are6.000 M2 |
| 54 | മരയ്ക്കാർകണ്ടി സൗത്ത് അംഗനവാടി | വിവരം ലഭ്യമല്ല | 1Are50 M2 |
| 55 | മരയ്ക്കാർ കണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | വിവരം ലഭ്യമല്ല | 50 Are 10.00M2 |
| 56 | മരയ്ക്കാർ കണ്ടി വർക്കേഴ്സ് ക്വാട്ടേഴ്സ് | വിവരം ലഭ്യമല്ല | 24 Are 48.00M2 |
| 57 | അംഗനവാടി സ്ഥലം ചൊവ്വ വെസ്റ്റ് | വിവരം ലഭ്യമല്ല | 85Are |
| 58 | ചൊവ്വ അംഗനവാടി | വിവരം ലഭ്യമല്ല | 4 Are45.00 M2 |
| 59 | ശ്രമിക് ഭവന് സമീപം, ശവവണ്ടി പാർക്കിംഗ് | വിവരം ലഭ്യമല്ല | 1 Are 21.00 M2 |
| 60 | പൊതു കക്കൂസ് | വിവരം ലഭ്യമല്ല | 35.00 M22 Are 57.00 M2 |
| 61 | അംഗനവാടി കൊടപ്പറമ്പ് | വിവരം ലഭ്യമല്ല | 1 Are |
| 62 | ആനയിടുക്ക് റയിൽവേഗേറ്റിന് സമീപം | വിവരം ലഭ്യമല്ല | 1 Are |
| 63 | ഐറ്റാണ്ടി പൂവളപ്പ് പറമ്പ് | വിവരം ലഭ്യമല്ല | 4 Are75.00 M2 |
| 64 | കണ്ടിജന്റ് കോട്ടേഴ്സ് ആറാട്ട് റോഡ് | 53/666 | 37 Are 64.00M2 |
| 65 | എസ് എൻ പാർക്ക് | 169/3, 764 | 10 Are 92.00 M2 |
| 66 | പീതാംബര പാർക്ക് | 150/1 | 19 M2 |
| 67 | മോട്ടിലാൽ പാർക്ക് | 72/73 | 14 Hect 58 M2 |
| 68 | എച്ച് ഐ എ ഡിവിഷൻ ഓഫീസ് | 113/1 | 19 Are 2M2 |
| 69 | ലോറി സ്റ്റാന്റ് താളിക്കാവ് | 127/1 | 8 Are90.00 M2 |
| 70 | റബ്ബിഷ് ഡിപ്പോ, താളിക്കാവ് | 172 | 35.00 M24 Are45.00 M2 |
| 71 | മീറിനൻസ് താളിക്കാവ് | 259/2 | 40.470 M2 |
| 72 | പബ്ലിക് ടോയ്ലറ്റ് താളിക്കാവ് | 134 | 3 Are |

| | | | |
|---|---|---|---|
| 73 | പാറക്കണ്ടി സ്കൂൾ പാർക്ക് | 114 | 30 Are |
| 74 | പടന്നത്തോടിന് സമീപം നഗരസഭ ലാൻഡ് | 50 | 40 Are47.00 M2 |
| 75 | ചെട്ട്യാർ കുളം | 18 | 55 Are85.000 M2 |
| 76 | തളാപ്പ് മിക്സഡ് യു പി സ്കൂൾ | 423 | 8 Are9.000 M2 |
| 77 | തളാപ്പ് മിക്സഡ് യു പി സ്കൂൾ | 432 | 12 Are 95.000M2 |
| 78 | ബാബു രാജേന്ദ്ര പാർക്ക് | 520 | 13 Are |
| 79 | മുനിസിപ്പൽ ഹൈസ്കൂൾ | 582 | 23 Are6.000 M2 |
| 80 | മുനിസിപ്പൽ ഹൈസ്കൂൾ | 583 | 1Hect 25 Are 45.00 M2 |
| 81 | മുനിസിപ്പൽ ലാടിൻ | 625 | 2 Are |
| 82 | കാങ്കോ, ടൂറിസ്റ്റ് ഹോം ബിൽഡിംഗ് | 620 | 16 Are |
| 83 | മുനിസിപ്പൽ എഞ്ചിനീയർ സെക്രട്ടറി ക്വാട്ടേഴ്സ് | 788/2 | 16 Are13.000 M2 |
| 84 | മുനിസിപ്പൽ ഗസ്റ്റ് ഹൗസ് | 803 | 12Are60.000 M2 |
| 85 | സൗത്ത് ബസാർ ഷോപ്പിംഗ് കോംപ്ലക്സ് | 788/2 | 30 Are75.000 M2 |
| 86 | ആനക്കുളം | 755 | 80 Are 960.000 M2 |
| 87 | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് | 4/2 | 5Hect47.00Are 96.000M2 |
| 88 | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് | 6/1എ | 91.00 Are |
| 89 | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് | 6/1ബി | 5Hect23.00Are,594.000M2 |
| 90 | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് | 6/2 | 80.00 Are |
| 91 | ഏച്ചൂർ കിണർ, പമ്പ് ഹൗസ് | 220/1 | 1Are |
| 92 | ആനയിടുക്ക് എൽ പി സ്കൂൾ | 525 | 21 Are 97 M2 |
| 93 | കണ്ണൂക്കര കുളം | 715/2 | 80 M2 |
| 94 | കണ്ണൂക്കര എൽ പി സ്കൂൾ | 672/2 | 35.00Are70.000 M2 |
| 95 | കണ്ണൂക്കര അംഗനവാടി | 566/2 | 1 Are 44 M2 |
| 96 | പൂവളപ്പ് പറമ്പ് | 237 | 4 Are85.000 M2 |
| 97 | മുഴത്തടം സ്കൂൾ | 363/1 | 21 Are 4.000 M2 |
| 98 | കണ്ടിജന്റ് ക്വാട്ടേഴ്സ് താണ | 616 | 47Are 75.00 M2 |
| 99 | ഇ ഡിവിഷൻ ഓഫീസ് | 615 | 23 Are 67.000 M2 |
| 100 | താഴത്തെരു സ്കൂൾ | 315 | 6Are 47.00 M2 |
| 101 | താഴത്തെരു സ്കൂൾ കളിസ്ഥലം | 318/2 | 11 Are 33.160 M2 |
| 102 | ഇൻഡോർ സ്റ്റേഡിയം താവക്കര | 656 | 2 Hect 52Are 937M2 |
| 103 | താവക്കര യു പി സ്കൂൾ | 645/1 | 52 Are 206M2 |
| 104 | ഗാന്ധി സർക്കിൾ | 610 A1C1 | 32Are376.00 M2 |
| 105 | ഗാന്ധി സർക്കിൾ | 610/2 A1C1 | 32Are 376.000 M2 |
| 106 | ഗാന്ധി സർക്കിൾ | 610/2A1D1 | 44Are |
| 107 | ഗാന്ധി സർക്കിൾ | 610/2A1C1 | 1Are |
| 108 | ഗാന്ധി സർക്കിൾ | 610/2B1A | 1Are |
| 109 | ഗാന്ധി സർക്കിൾ | 610/2BA | 40.470 M2 |
| 110 | ഗാന്ധി സർക്കിൾ | 610/2C1 | 20.230 M2 |
| 111 | ഗാന്ധി സർക്കിൾ | 610/1A | 40.470 M2 |
| 112 | ഗാന്ധി സർക്കിൾ | 610/1D | 23.760 M2 |
| 113 | ഗാന്ധി സർക്കിൾ | 610/1E | 10.110 M2 |
| 114 | ഗാന്ധി സർക്കിൾ | 610/1C | 7Are486 M2 |
| 115 | മരയ്ക്കാർകണ്ടി എസ് സി ഫ്ലാറ്റ് സ്ഥലം | 730,732,733,7345 | 1.0794 Hect |

കോർപറേഷന്റെ കൈവശമുള്ള ഭൂമി കൈയ്യേറുകയോ അന്യാധീനപ്പെടുകയോ ചെയ്താൽ അത് മനസ്സിലാക്കി തുടർ നടപടി സ്വീകരിക്കാനാവശ്യമായ നിയമപ്രാബല്യമുള്ള രേഖകൾ ഒന്നും തന്നെ കോർപ്പറേഷന്റെ കൈവശമില്ല എന്നത് ഗുരുതര പ്രശ്നമായി ഓഡിറ്റ് വിലയിരുത്തുന്നു.നഗരസഭാ

കൗൺസിൽ ഈ വിഷയംഅതീവ ഗൗരവമായി പരിഗണിക്കേണ്ടതും, പ്രശ്ന പരിഹാരത്തിനും, നിയമപ്രകാരമുള്ള നികുതി ഒടുക്കാനും, ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ കാലികമായി തയ്യാറാക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-49 യോഗ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടോ എന്നത് തുടർന്നുള്ള കൗൺസിൽ യോഗം വിലയിരുത്തേണ്ടതാണ്.

1997- ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1995 കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടി ക്രമങ്ങൾ) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിക്കുംവിധം കൗൺസിൽ യോഗനടപടികൾ പാലിക്കുന്നുണ്ടെങ്കിലും കൗൺസിൽ എടുത്ത തീരുമാനങ്ങളുടെ ഫലപ്രാപ്തി തുടർന്നുള്ള യോഗങ്ങളിൽ വിലയിരുത്തി ഫലപ്രാപ്തി ആയില്ലെങ്കിൽ ആയതിനുള്ള തുടർ നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകുന്നതായി കാണുന്നില്ല. ഇത് കാരണം പലതീരുമാനങ്ങളും ലക്ഷ്യപ്രാപ്തിയില്ലാതെ പോകുകയാണ്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1)- കൗൺസിൽ തീരുമാനം. 23/19.02.2020 ഫയൽ.സി.ഡി.എസ് 20938/09

ഇ.എം.എസ് ഭവന പദ്ധതിക്കുവേണ്ടി നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ജനറൽ വിഭാഗത്തിനായി 85,89,420/- രൂപയും എസ്.സി വിഭാഗത്തിനായി 97,50,000/- രൂപയും നിക്ഷേപിച്ചിരുന്നു. ഗുണഭോക്താക്കൾ പലരും പദ്ധതി ഉപേക്ഷിച്ചതിനാൽ 30/11/2019 ന് അക്കൗണ്ടിൽ 1,55,15,704/- രൂപ നീക്കിയിരിപ്പുണ്ട്.

മേൽ കൗൺസിൽ തീരുമാന പ്രകാരം തുക ലൈഫ് പദ്ധതിയിലേക്ക് വകമാറ്റാൻ സർക്കാർ അനുമതി തേടാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ഒരു തുടർനടപടിയും നഗരസഭ കൗൺസിൽ പിന്നീട് ചർച്ച ചെയ്തിട്ടില്ല.

2) കൗൺസിൽ റിപ്പോർട്ട്. 4/04.11.19 ഫയൽ.ഇ2 17479/14

07.09.19 ന് ചേർന്ന താലൂക്ക് വികസന സമിതി യോഗനടപടിക്രമ കുറിപ്പ് പ്രകാരം ടൗൺ സ്ക്വയറിനടുത്ത് ടോയ് ലറ്റ് സൗകര്യം ഏർപ്പെടുത്താൻ നഗരസഭയോട് അഭ്യർത്ഥിച്ചതിൻ പ്രകാരം ടൗൺ സ്ക്വയറിനടുത്ത സ്ഥലം അനുവദിക്കാൻ റവന്യൂ വകുപ്പിനോടും പോലീസ് മൈതാനിയിൽ കംഫർട്ട് സ്റ്റേഷന് സ്ഥലം ലഭ്യമാക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിനോടും അഭ്യർത്ഥിച്ച് കത്തയക്കാൻ മേൽ കൗൺസിൽ യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇത്രയും വർഷമായിട്ടും രണ്ടും നടന്ന് കാണുന്നില്ല. കൗൺസിൽ യോഗം ഈ വിഷയം പിന്നീട് ചർച്ച ചെയ്തതായും കാണുന്നില്ല.

3) കൗൺസിൽ തീരുമാനം.49/30.04.19

ഐഡിയൽ ഇസ്ലാമിക് ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെ ചൊവ്വ ഗവ. എൽ.പി.സ്കൂളിന് 01.04.2017 പ്രാബല്യത്തിൽ പ്രതിമാസം 14,369/- രൂപ വാടക നിശ്ചയിച്ചിട്ടുണ്ട്.

സ്കൂൾ കെട്ടിടത്തിന് ആവശ്യമായ മുഴുവൻ അറ്റകുറ്റപ്പണികളും നടത്തിയ ശേഷമേ പുതുക്കിയ വാടക നൽകാവൂ എന്ന് മേൽ കൗൺസിൽ തീരുമാന പ്രകാരം നിശ്ചയിച്ചിരുന്നു. എന്നാൽ താൽക്കാലിക അറ്റകുറ്റപ്പണികൾ മാത്രം നടത്തിയാണ് വാടക നൽകിയതെന്ന് ഫയലിൽ കാണുന്നു. കൗൺസിൽ തീരുമാനം നടപ്പാക്കിയോ എന്നത് സംബന്ധിച്ച് കൗൺസിൽ പിന്നീട് പരിശോധിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

4) കൗൺസിൽ തീരുമാനം.6/19.02.20 ഫയൽ PZ /ബി2/1462/19

മേൽ കൗൺസിൽ തീരുമാന പ്രകാരം അനർഹമായി സാമൂഹ്യ ക്ഷേമ പെൻഷൻ കൈപ്പറ്റിയ ചിലരിൽ നിന്ന് (ആദായ നികുതി ഒടുക്കുന്നവർ അടക്കം) അനധികൃതമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചു പിടിക്കാൻ തീരുമാനമെടുത്തിരുന്നു. എന്നാൽ വർഷങ്ങൾ പിന്നിട്ടിട്ടും തുക തിരിച്ചു പിടിച്ചതായി കാണുന്നില്ല. ഈ ഗുരുതരമായ പ്രശ്നം കൗൺസിൽ പിന്നീട് ചർച്ച ചെയ്തിട്ടുമില്ല.

കൗൺസിൽ തീരുമാനം കൃത്യമായി നടപ്പിൽ വരുത്തുന്നുണ്ടെന്നുള്ള സൂക്ഷ്മപരിശോധന കൗൺസിലിന് അത്യാവശ്യമാണ് എന്നതിന് മേൽ കാണിച്ച ഉദാഹരണങ്ങൾ തെളിവാണ്. കൃത്യമായ തുടരന്വേഷണം

ഇത്തരം കാര്യങ്ങളിൽ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം നഗരസഭ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE.65/20-21, തീയതി.30.04.2022) മറുപടി ഹാജരാക്കിയില്ല. ഇക്കാര്യത്തിൽ കൗൺസിലിന്റെ സത്വര ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

1-50 പൗരാവകാശ രേഖ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 563 എ പ്രകാരം (ജനങ്ങളുടെ അറിയാനുള്ള അവകാശം (വകുപ്പ് 517) ഉയർത്തിപ്പിടിച്ച്) നഗരസഭ പൗരന്മാർക്ക് ലഭ്യമാക്കുന്ന സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും സമയപരിധികളെയും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ പലതും നഗരസഭ ഇക്കാര്യത്തിൽ പാലിച്ചതായി കാണുന്നില്ല. ചട്ടം 4(2), 4(3) ,9(2) 9 എന്നിവയുടെ തുടർനടപടി പ്രത്യേകം വിലയിരുത്തേണ്ടതുണ്ട്.

കൂടാതെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച കാലഘട്ടത്തിനുശേഷം എല്ലാ വർഷവും ജനോപകാരപ്രദമായ നിരവധി മാറ്റങ്ങൾ സർക്കാർ ഉത്തരവുകളും സർക്കുലറുകളും വഴി പ്രസിദ്ധീകരിക്കുന്നത് ജനസമക്ഷം അറിയുന്നതിലേക്കായി, ചട്ടം 9 ൽ നിർദ്ദേശിച്ചവിധം പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ കൗൺസിൽ ചർച്ച ചെയ്ത് കാലാനുസൃതമാക്കേണ്ടതുണ്ട്. പുതുക്കലുകൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും പകർപ്പുകൾ അച്ചടിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. പൗരാവകാശ രേഖ പുതുക്കാൻ ഓഡിറ്റ് കാലയളവിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് 368 പ്രകാരം 2,00,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കുകയുണ്ടായില്ല. ആയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് AE66/20-21 തീയതി.30.04.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല. നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-51 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിക്കുന്നില്ല- വിശദീകരിക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 22-ാം വകുപ്പിൽ (ഐ) ഉപവകുപ്പ് (Ii) (Iv) എന്നിവ പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മുനിസിപ്പൽ കോർപ്പറേഷന്റെ അക്കൗണ്ടുകൾ കൂടെ കൂടെ പരിശോധിക്കേണ്ടതും അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും, തൊട്ടു മുമ്പത്തെ മാസത്തെ വരവ്- ചെലവ് കണക്കുകളുടെ സംക്ഷിപ്തം പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

2020-21 കാലയളവിലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി മിനുട്സ് ബുക്ക് പരിശോധിച്ചപ്പോൾ കണ്ട അവസ്ഥ താഴെ ചേർക്കുന്നു.

| മാസം | തീരുമാനം നമ്പർ | റിമാർക്സ് |
|---|---|---|
| 4/20 മുതൽ 6/20 വരെ | 64/20.08.20 | വിശദപരിശോധനക്ക് മാറ്റിവച്ചു. |
| 07/20 മുതൽ 11/20 വരെ | 08/20.01.21 | വിശദ പരിശോധനക്ക് മാറ്റിവച്ചു. |
| 12/20 മുതൽ 03/21 വരെ | വിവരം ലഭ്യമല്ല. | - |

പ്രതിമാസ കണക്കുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കണമെന്നിരിക്കെ മേൽ പട്ടിക പ്രകാരം ഗുരുതരമായ ചട്ട ലംഘനമാണ്. നഗരസഭയിൽ

നടന്നത് എന്ന് കാണാവുന്നതാണ്. സമർപ്പിക്കാൻ വൈകി എന്നത് മാത്രമല്ല സമർപ്പിച്ച കണക്കുകൾ അംഗീകരിച്ചതായി പോലും കാണുന്നില്ല.

ഇത്തരം അപാകതകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാവണം എല്ലാ മാസവും 10-ാം തീയ്യതിക്കകം തൊട്ടു മുമ്പിലെ മാസത്തെ കണക്കുകൾ സമിതി മുമ്പാകെ ഹാജരാക്കണമെന്ന് നിർ ദ്ദേശമുണ്ടായിട്ടും ആയത് പാലിക്കാത്തത് എന്തുകൊണ്ട് എന്ന് അക്കൗണ്ട് ഓഫീസറോട് വീശദീകരണം ചോദിക്കാൻ 42/16.10.20 തീരുമാന പ്രകാരം എഫ്.എസ്. സി തീരുമാനിച്ചിരുന്നു.

എന്നാൽ തുടർന്നുള്ള മാസങ്ങളിലും പ്രതിമാസ കണക്കുകൾ ഒന്നും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും വ്യക്തമാകുന്നത് അക്കൗണ്ട്സ് ഓഫീസറോട് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല എന്നതാണ്. വിശദവിവരം ലഭ്യമാക്കുന്നതിനായി AE.76/20-21 തീയതി.30.04.2022 പ്രകാരം നഗരസഭാ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല . കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-52 കോർപ്പറേഷന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങൾക്ക് ടൈഡ് ഫണ്ട് കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഫയൽ നമ്പർ | സി4-16726/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡി.സാജു, സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ. |

| നഗരസഭയുടെ പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | വകയിരുത്തിയ തുക(ലക്ഷം) | ചെലവ് തുക (ലക്ഷം) |
|---|---|---|---|
| 1346/2021 | കുടിവെള്ളം | 471.8 | 410.69465 |
| 1347/2021 | ശുചിത്വം | 2192.7 | 1940.90865 |
| 1348/2021 | ജലസംരക്ഷണം | 1166.78 | 857.78 |

പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30/06/2020 ലെ സ.ഉ(കൈ)103/20 ഉത്തരവ് പ്രകാരം നഗര മേഖലക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായ 784 കോടിയിൽ, ആറ് കോർപ്പറേഷനുകളും മലപ്പുറം നഗരസഭയും ഉൾപ്പെടെ 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള 7 നഗരസഞ്ചയങ്ങൾക്കായി 339 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രത്യേക ഉദ്ദേശ ഗ്രാന്റ് (ടൈഡ് ഫണ്ട്)മാത്രമാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളത്. കുടിവെള്ളം, ശുചിത്വം, ജലസംരക്ഷണം എന്നീ മേഖലകളിലുള്ള പ്രോജക്റ്റുകൾക്ക് മാത്രമേ തുക വിനിയോഗിക്കാൻ പാടുള്ളൂ.

2020-25 കാലയളവിൽ ഓരോ വർഷവും തദ്ദേശ ഭരണ സ്ഥാപനം കൈവരിക്കേണ്ട പ്രവർത്തന മികവ് സംബന്ധിച്ച ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 2020-21 കാലയളവ് ഒഴികെ ബാക്കി വർഷങ്ങളിൽ പ്രവർത്തന മികവ് അനുസരിച്ച് മാത്രമായിരിക്കും തുടർന്ന് തുക അനുവദിക്കുക.16.4 ലക്ഷം ജനസംഖ്യയുള്ള കണ്ണൂർ കോർപ്പറേഷന് 4,600 ലക്ഷം രൂപയാണ് 2020-21 ൽ അനുവദിച്ചിട്ടുള്ളത്. ഇതിൽ 3831.28 ലക്ഷം രൂപ മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിൽ വിനിയോഗിക്കുവാൻ വേണ്ടിയാണ്.

42 ഗ്രാമപഞ്ചായത്തുകളും 6 നഗരസഭകളുമാണ് കണ്ണൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ട നഗര സഞ്ചയ പ്രദേശങ്ങളിൽ ഉൾപ്പെടുന്നത്. ഇതിൽ 23 ഗ്രാമപഞ്ചായത്തുകളും 6 നഗരസഭകളുമാണ് 2020-21 ൽ

പദ്ധതികൾ സമർപ്പിച്ചിട്ടുള്ളത്. 10 ഗ്രാമപഞ്ചായത്തുകളുടെയും 6 നഗരസഭകളുടെയും പ്രോജക്ടിനു മാത്രമാണ്ജോയന്റ് പ്ലാനിങ്ങ് കമ്മിറ്റി യോഗം അനുമതി നൽകിയിട്ടുള്ളത്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത്/ നഗരസഭകളുടെ പ്രൊജക്ട് നമ്പർ | തദ്ദേശ ഭരണ സ്ഥാപന ത്തിന്റെ പേര് | കുടിവെള്ളം (ലക്ഷത്തിൽ) | ശുചിത്വം (ലക്ഷ ത്തിൽ) | ജല സംരക്ഷണം (ലക്ഷ ത്തിൽ) | ആകെ (ലക്ഷ ത്തിൽ) |
|---|---|---|---|---|---|
| ലഭ്യമായിട്ടില്ല | മാങ്ങാട്ടിടം | 75 | --- | --- | 75 |
| 9 | ചെറുതാഴം | 4.99465 | 4.48865 | --- | 9.4833 |
| 10 | കീഴല്ലൂർ | 41.4 | | --- | 41.4 |
| 2 | കുറ്റ്യാട്ടൂർ | 6.00 | 6.00 | --- | 12.00 |
| 4 | പാട്യം | 85.00 | 5.00 | --- | 90.00 |
| 1 | കൂടാളി | 8.00 | --- | --- | 8.00 |
| 4 | ഇരിക്കൂർ | --- | 4.72 | --- | 4.72 |
| 1 | കടന്നപ്പള്ളി പാണപ്പുഴ | --- | 45.00 | --- | 45.00 |
| 1 | പാപ്പിനിശ്ശേരി | --- | 25.00 | --- | 25.00 |
| 1 | ചൊക്ളി | --- | --- | 8.00 | 8.00 |
| 5 | കൂത്തുപറമ്പ് | 190.3 | 70.7 | --- | 261.00 |
| 17 | മട്ടന്നൂർ | --- | 325.00 | 566.78 | 891.78 |
| 5 | പാനൂർ | --- | 80.00 | 80.00 | 160.00 |
| 1 | തലശ്ശേരി | --- | 600.00 | --- | 600.00 |

| | | | | | |
|---|---|---|---|---|---|
| 4 | തളിപ്പറമ്പ് | --- | 775.00 | --- | 775.00 |
| 1 | പയ്യന്നൂർ | --- | --- | 203.00 | 203.00 |
| | ആകെ | 410.69465 | 1940.90865 | 857.78 | 3209.38330 |

കണ്ണൂർ നഗരസഭയിൽ നിന്നും മേൽ പറഞ്ഞ നഗരസഞ്ചയ പ്രദേശങ്ങൾക്ക് (ഗ്രാമ പഞ്ചായത്തുകൾ /നഗരസഭകൾ) തുക അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക |
|---|---|
| 1588/31.03.2021 | 666000 |
| 1592/31.03.2021 | 600000 |
| 1597/31.03.2021 | 520000 |
| 1598/31.03.2021 | 500000 |
| 1599/31.03.2021 | 500000 |
| 1593/31.03.2021 | 540000 |
| 1594/31.03.2021 | 480000 |
| 1595/31.03.2021 | 500000 |
| 1596/31.03.2021 | 500000 |
| 1600/31.03.2021 | 196656 |
| 1601/31.03.2021 | 472000 |
| 1602/31.03.2021 | 19030000 |
| 1603/31.03.2021 | 173568 |
| 1604/31.03.2021 | 556500 |
| 1605/29.03.2021 | 499465 |
| 1606/29.03.2021 | 78641 |
| 1573/30.03.2021 | 405828 |
| 1570/30.03.2021 | 5000000 |
| 1590/31.03.2021 | 187207672 |
| 1591/31.03.2021 | 85778000 |
| 1607/31.03.2021 | 16734000 |
| ആകെ | 320938330 |

തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഗരസഭക്ക് നൽകേണ്ടതുണ്ട്. എന്നാൽ തുക അനുവദിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാന കാലഘട്ടത്തിലായതിനാൽ ഓഡിറ്റ് കാലയളവിൽ വനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ മേൽ പ്രതിപാദിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3209.38330/- ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-53 ഇ-ടോയിലറ്റുകൾ പൂട്ടിയിടാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

| | |
|---|---|
| കൗൺസിൽ തീരുമാനം നമ്പർ. | 35/27.05.2020 |

| | |
|---|---|
| ഫയൽ നമ്പർ | എച്ച്9(എച്ച്1)-2573/14 |

കൃത്യമായി പരിപാലിക്കാത്തതിനാൽ നഗരസഭയിൽ പ്രവർത്തിക്കുന്ന 3 ഇ - ടോയിലറ്റുകൾ പൂട്ടിയിടാൻ മേൽ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. 2012-13, 2013-14 വർഷങ്ങളിലെ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഒരെണ്ണം നഗരസഭാകാര്യാലയത്തിനു മുമ്പിലും ഓരോന്ന് വീതം ഓഫീസേഴ്സ് ക്ലബ്ബിനു സമീപവും പീതാംബര പാർക്കിനു സമീപവും ആയി നഗരത്തിൽ 3 വനിതാ ഈ ടോയിലറ്റ് സ്ഥാപിക്കുകയുണ്ടായി. അക്രഡിറ്റഡ് ഏജൻസികൾ ആയ ഷോർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസും കെൽട്രോണുമാണ് പദ്ധതികൾ നടപ്പിലാക്കിയത്. 2013-14 ൽ 11,90,564/- രൂപ(മെറ്റൽ ഇൻഡസ്ട്രീസിന് 2 യൂനിറ്റിന് നൽകിയിട്ടുണ്ട്. കെൽട്രോണിന് എത്ര നൽകി എന്ന് ഫയലിൽ വ്യക്തമല്ല.)

സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം 6 മാസം വാറന്റിയും തുടർന്ന് 7 വർഷത്തേക്ക് എ.എം.സി പ്രകാരമുള്ള തുക ഒടുക്കിയാലും മാത്രമേ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനാകൂ എന്ന് എഗ്രിമെന്റിൽ പറഞ്ഞിരുന്നു. നഗരസഭ കൃത്യമായി എ.എം.സി ഒടുക്കുമെന്നും മെറ്റൽ ഇൻഡസ്ട്രീസ് നേരിട്ടോ അവർ നിയമിക്കുന്ന അംഗീകൃത ഏജൻസികളോ സേവനം നടത്തുമെന്നും വ്യവസ്ഥ ചെയ്തിരുന്നു.ഇ-ടോയിലറ്റിന്റെ പ്രവർത്തനം നോക്കി നടത്താനും കോയിൻ ഇനത്തിൽ ലഭിക്കുന്ന തുക നഗരസഭാ ഫണ്ടിൽ വരവ് വെക്കാനും രണ്ട് ബിൽകലക്ടർമാരെ നഗരസഭ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ഇ-ടോയിലെറ്റ് തകരാറിലായപ്പോൾ അവർ അവസരത്തി നൊത്തുയർന്ന് പ്രവർത്തിച്ച് പ്രസ്തുത വിവരം അധികാരികളെ അറിയിച്ചതായും കാണുകയുണ്ടായില്ല.

ഫയൽ പരിശോധന പ്രകാരം നിരവധി തവണ എ.എം.സി ഒടുക്കാൻ മെറ്റൽ ഇൻഡസ്ട്രീസ് കത്തു നൽകിയെങ്കിലും തുക ഒരിക്കലും ഒടുക്കിയിട്ടില്ല എന്നു കാണുകയുണ്ടായി.ഇ- ടോയിലറ്റിന് സമയബന്ധിതമായ പരിശോധനയും റിപ്പയറും അത്യാവശ്യമാണെന്നിരിക്കെ വൻ തുക ചെലവഴിച്ച് നിർമിച്ച ടോയിലെറ്റ് വളരെ ചെറിയ കാലയളവിൽ മാത്രം പ്രവർത്തിപ്പിച്ച് പൂട്ടേണ്ടി വന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ ആസൂത്രണത്തിലെ ഗുരുതരമായ വീഴ്ച മൂലമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച് AE.No.74/20-21 തീയ്യതി.30.04.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹെൽത്ത് സൂപ്പർവൈസർ നൽകിയ മറുപടിയിൽ എ.എം.സിതുക കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തി ഇ-ടോയിലറ്റ് പരിപാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് 7 വർഷ എ.എം.സി കാലാവധി ഉണ്ടായിട്ടും അതിന് എത്രയോ വർഷം മുമ്പ് ഇ-ടോയിലറ്റ് പ്രവർത്തന രഹിതമായതെന്ന് സമ്മതിക്കുന്നുണ്ട്.

കൃത്യമായി തുക ഒടുക്കാത്തതിനാൽ ഇ-ടോയിലറ്റ് പെട്ടെന്ന് തന്നെ തകരാറാവുകയും തുടർപ്രവർത്തനം അസാധ്യമാവുകയുമാണ് ഉണ്ടായത്. തകരാറായ ശേഷം പരിഹരിക്കാൻ ഏജൻസികളെ സമീപിച്ചപ്പോൾ അവർ വലിയ തുക ആവശ്യപ്പെടുകയും ഈ തുക നൽകി റിപ്പയർ ചെയ്താലും സ്ഥാപിച്ച് 7 വർഷം കഴിഞ്ഞതിനാൽ എ.എം.സി ലഭിക്കില്ല എന്നും ഉള്ളതിനാലാണ് ഇ-ടോയിലറ്റ് പൂട്ടാൻ തീരുമാനിച്ചതെന്നും അറിയിക്കുകയുണ്ടായി. അതായത് വാർഷിക മെയിന്റനൻസ് തുക കൃത്യമായി ഒടുക്കിയിരുന്നുവെങ്കിൽ ഇ-ടോയിലറ്റ് പൂട്ടേണ്ടിവരില്ലായിരുന്നു.

നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ കൃത്യവിലോപമാണ് ലക്ഷക്കണക്കിനു രൂപ ഉപയോഗിച്ച് നിർമിച്ച ടോയിലറ്റുകൾ ഉപയോഗശൂന്യമായി മാറാൻ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇ-ടോയിലറ്റ് സ്ഥാപിച്ചപ്പോൾ കൃത്യമായ ശുദ്ധജല വിതരണം ഉറപ്പുവരുത്താൻ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാപ്പുകൾ സ്ഥാപിച്ചത് ഇപ്പോഴും നിലവിലുണ്ടോ ആയതിന് വെള്ളക്കരം ഒടുക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതാണ്. വാട്ടർ കണക്ഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുവാനും പ്രവർത്തനം നിലച്ച ഇ-ടോയിലറ്റുകൾ ഒഴിവാക്കുന്നതിനായി ലേല നടപടി സ്വീകരിക്കുവാനും എൻജിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടിയിൽ അറിയിക്കുകയുണ്ടായി. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-54 പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്താവിന് നൽകിയ തുക തിരിച്ചു പിടിച്ചോ എന്ന് വിശദീകരിക്കേണ്ടതാണ്.

| | |
|---|---|
| കൗൺസിൽ തീരുമാനം നം. | 42/25.08.20 |
| ഫയൽ എച്ച് | 16175/20 |

പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്താവായ കുന്നത്ത് പ്രസാദ് (ആറ്റടപ്പ) എന്ന വ്യക്തി പദ്ധതിയിൽ തുടരാൻ താത്പര്യമില്ല എന്നറിയിച്ചതിനാൽ ഒന്നാം ഗഡുവായി നൽകിയ 30,000/- രൂപ 18 ശതമാനം പലിശ സഹിതം തിരിച്ചു പിടിക്കാൻ മേൽ കൗൺസിൽ യോഗം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തുക തിരിച്ചു പിടിച്ചതായ വിവരങ്ങൾ ഒന്നും ഫയലിൽ കാണുകയുണ്ടായില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരിക്കേണ്ടതും തുക തിരിച്ചു പിടിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച AE.69/2020-21 തീയതി.30.04.2022 പ്രകാരം സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കുകയുണ്ടായില്ല. കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയായി ഇത് കാണാവുന്നതാണ്. കഴിഞ്ഞ കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കിയതിലെ പുരോഗതി കൗൺസിൽ അജണ്ടയായി വച്ച് പരിശോധിക്കേണ്ട ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

1-55 സ്ഥലസൗകര്യം ലഭ്യമാക്കിയില്ല. ആധുനിക ഓട്ടോസ്റ്റാന്റ് പദ്ധതി റദ്ദ് ചെയ്തു.

| | |
|---|---|
| കൗൺസിൽ തീരുമാനം നമ്പർ | 5/08.06.2020 |
| ഫയൽ നമ്പർ | ഇ7.3028/19 |

ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എയുടെ, എം.എൽ.എ എഡിഎസ്/2018-19 പദ്ധതിയുടെ ഭാഗമായി 30 ലക്ഷം രൂപ അനുവദിച്ച് കണ്ണൂർ പഴയ ബസ് സ്റ്റാന്റിൽ ഒരു ആധുനിക ഓട്ടോ സ്റ്റാന്റ് നിർമിക്കാൻ എം.എൽ.എ ഓഫീസ് നഗരസഭയോട് സ്ഥല അനുമതി തേടിയിരുന്നു. 2018-19 ലെ നഗരസഭയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സ്ഥലത്ത് ആധുനിക കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിനാൽ മേൽ പറഞ്ഞ ഓട്ടോസ്റ്റാന്റിന് അനുയോജ്യമായ മറ്റൊരു സ്ഥലം അനുവദിച്ചു നൽകാമെന്നും (കൗൺസിൽ തീരുമാനം.5/08.06.20) പ്രകാരം 24.06.20 ന് നഗരസഭ എം.എൽ.എയുടെ ഓഫീസിനെ അറിയിക്കുകയുണ്ടായി.

ഇതിന്റെ തുടർനടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE.73/20-21 /B1/തീയതി.30.04.2022) നഗരസഭ നൽകിയ മറുപടിയിൽ ഓട്ടോ സ്റ്റാന്റ് സംബന്ധിച്ച നടപടി അടിയന്തിരമായി അറിയിക്കണമെന്ന എ.ഡി.സി(ജനറൽ)ന്റെ നിർദ്ദേശ പ്രകാരം വേറെ സ്ഥലം ലഭ്യമാക്കാൻ നഗരസഭ പരിശ്രമിച്ചെങ്കിലും, സ്ഥലം ലഭ്യമായില്ല എന്നും പ്രസ്തുത പ്രവൃത്തി ക്യാൻസൽ ചെയ്യാവുന്നതാണെന്നും കാണിച്ച് 23.10.2020 ന് കത്ത് നൽകുകയും ചെയ്തു എന്നറിയിക്കുകയുണ്ടായി.

2018-19 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെട്ട ആധുനിക കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നഗരസഭ തുടങ്ങിയിട്ടില്ല എന്നതിനു പുറമെ നഗരസഭക്ക് യാതൊരു ചെലവുമില്ലാതെ അടിയന്തിരമായി നടപ്പിലാക്കാനാവുമായിരുന്നു; നഗരസൗന്ദര്യത്തിന് മുതൽക്കൂട്ടാവുമായിരുന്ന, ആധുനിക ഓട്ടോ സ്റ്റാന്റിന് സ്ഥലം പോലും കണ്ടെത്താനാവാതെ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത് നഗരാസൂത്രണ സമിതിയുടെ വ്യക്തമായ ദീർഘദർശിത്വത്തിന്റെ അഭാവം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-56 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച 12 ഇന പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.03.2020 ലെ സ.ഉ(കൈ/)45/2020 പ്രകാരം 2020-21 കാലയളവിൽ വാർഷിക പദ്ധതിയുടെ ഭാഗമായി നിർബന്ധമായി ഉൾപ്പെടുത്തേണ്ട 12 ഇന കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ഹാജരാക്കാനായി AE.77/2020-21 തീയതി.30.04.2022 പ്രകാരം സെക്രട്ടറിക്ക് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

1) വിശപ്പുരഹിത കേരളം – ജനകീയ ഹോട്ടൽ

കണ്ണൂർ നഗരസഭയിൽ 25 രൂപക്ക് ഉച്ചയൂണ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോർപ്പറേഷന്റെ 10 ഡിവിഷനുകളിൽ കുറഞ്ഞത് ഒന്നു വീതം ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കേണ്ടതുണ്ട്. ആയത് എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നതിന്റെ വിശദ വിവരം അറിയിക്കുകയുണ്ടായില്ല.

2) വയോക്ലബ്ബുകൾ

വയോ സൗഹൃദ തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം മുൻ നിർത്തി 10 വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ കുറഞ്ഞത് 5 വയോക്ലബ്ബുകൾ നഗരസഭയിൽ പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. ആയത് എവിടെയൊക്കെ പ്രവർത്തിക്കുന്നു. എന്നതു സംബന്ധിച്ച് മറുപടി ഹാജരാക്കുകയുണ്ടായില്ല.

3)ശുചിത്വ കേരളം

2020 ആഗസ്റ്റിനു മുമ്പ് തദ്ദേശ ഭരണ സ്ഥാപനത്തിന് സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കണമെന്നത് സമയബന്ധിതമായി നടപ്പിലാക്കാനുള്ള മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കുകയുണ്ടായില്ല.

4) പൊതു ടോയിലറ്റുള്ള ടെയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ

2020 ലെ ലോക് ശുചിത്വദിനമായ നവംബർ 19 ന് മുമ്പ് പൂർത്തീകരണം എന്ന ലക്ഷ്യത്തോടെ (സ.ഉ(സാ)1401/2020 തസ്വഭവ 27.07.20 കൂടി കാണുക) സംസ്ഥാനത്ത് വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള 12000 ജോഡി ശുചിമുറികളും സ്ത്രീ സുരക്ഷയും, യാത്രക്കാരുടെ താത്പര്യവും മുൻനിർത്തി ടെയ്ക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രവും, സംസ്ഥാനത്തെ പാതയോരങ്ങളിലും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ ഓഫീസ് പരിസരത്ത് ഒന്നും പാതയോരങ്ങളിലും മറ്റ് പ്രധാനപ്പെട്ട കേന്ദങ്ങളിലുമായി 8 ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക എന്ന ലക്ഷ്യം. പൂർത്തീകരിക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുകയുണ്ടായില്ല.

5) തോടുകളുടെ ശുചീകരണം

തെളിനീരൊഴുകും നവകേരളം – എന്ന പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ ജലസ്രോതസ്സ് സംരക്ഷിക്കുന്നതും മാലിന്യമുക്തമാക്കുന്നതുമായ പദ്ധതി എവിടെയക്കെ എങ്ങിനെയൊക്കെ നടപ്പിലാക്കി എന്നതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

6)ഫലവൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ

സാധാരണയുള്ള വൃക്ഷത്തൈ വിതരണ പരിപാടിയിൽ നിന്നും വ്യതിചലിച്ച് പ്രതിവർഷം ഒരു കോടിവീതം ഫലവൃക്ഷത്തൈകൾ നട്ട് വളർത്തുന്ന ദശവത്സര പദ്ധതിയാണിത്. ജനകീയ സംരംഭമായി പൊതു സ്ഥലങ്ങളിലും, സ്വകാര്യ സ്ഥലങ്ങളിലും തരിശുഭൂമികളിലും വൃക്ഷത്തൈ നട്ട് പച്ചതുരുത്ത് സൃഷ്ടിക്കാനുള്ള ഈ പദ്ധതിയിൽ നഗരസഭയുണ്ടാക്കിയ നേട്ടങ്ങൾ സംബന്ധിച്ച വിശദവിവരം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

7) പട്ടിക വിഭാഗ വികസനം

എസ്.സി/എസ്.ടി വിഭാഗത്തിലെ പ്രതിഭകളെ ആദരിക്കൽ (സ.ഉ(കൈ) 22/18 തസ്വഭവ.14.02.18 ഖ.7.2.16 കൂടി കാണുക) എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർബന്ധമായി ഏറ്റെടുത്തു

ചെയ്യണമെന്നിരിക്കെ ഇക്കാര്യത്തിൽ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

8) ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ

സംസ്ഥാനം കഴിഞ്ഞ വിവിധ വർഷങ്ങളായി വിവിധ ദുരന്തങ്ങൾക്ക് സാക്ഷിയായ സാഹചര്യത്തിൽ ജനങ്ങൾ ദുരന്തമുഖത്ത് പകച്ച് നിൽക്കുന്ന അവസ്ഥ ഒഴിവാക്കി, അതിനെ നേരിടാൻ നമ്മൾ നമുക്കായ് എന്ന പദ്ധതി നഗരസഭയുടെ പ്രോജക്ടിൽ ഉൾ പ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയുടെ വിശദവിവരം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

കൂടാതെ ജൈവപച്ചക്കറി കൃഷി, ലോക്കൽ എംപ്ലോയ് മെന്റ് അഡ്വാൻസ് പ്രോഗ്രാം, പൊതുവിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം എന്നിങ്ങനെയാണ് 12 ഇന പരിപാടികളിലെ മറ്റിനങ്ങൾ.

ജില്ലാ ആസൂത്രണ സമിതിയുടെ മേൽ നോട്ടത്തിൽ കൃത്യമായ അവലോകനം നടത്തി ആഗസ്തിനുമുമ്പ് പുരോഗതി പത്രിക പുറത്തിറക്കി പദ്ധതി നടപ്പിലാക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.

സംസ്ഥാനത്തിന്റെ പൊതുവായ വികസനം, നേട്ടം എന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതി പ്രധാനമായ പങ്ക് വഹിക്കാനുണ്ട് എന്നിരിക്കെ സർക്കാർ നിർദ്ദേശിച്ച ഈ ബൃഹത്തായ പദ്ധതിയിൽ കണ്ണൂർ നഗരസഭയുടെ പങ്ക് എത്രമാത്രം കാര്യക്ഷമമായിരുന്നു എന്നത് സംബന്ധിച്ച് ഓഡിറ്റ് നടത്തിയ അന്വേഷണത്തിന് നഗരസഭയുടെ ഭാഗത്ത് നിന്ന് പ്രതികരണം ഒന്നുമുണ്ടായില്ല എന്നത് കൗൺസിലിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

1-57 2003 ലെ സർക്കാർ നിർദ്ദേശം ഇനിയും നടപ്പാക്കിയിട്ടില്ല. തെരുവ് വിളക്ക് ചാർജിനത്തിൽ നഗരസഭ ഫണ്ട് ചോരുന്നു.

| | |
|---|---|
| ഫയൽ നമ്പർ | ഇ2എ 1695/16 |
| കൺസ്യൂമർ നമ്പർ | 1166571001152 |

അഞ്ച് സോണൽ ഓഫീസ് പരിധിയിലും മുനിസിപ്പൽ പ്രദേശ പരിധിയിലുമായി പ്രതിമാസം 15 ലക്ഷത്തിനുമേൽ രൂപ നഗരസഭ തെരുവ് വിളക്ക് ചാർജായി ഒടുക്കി വരുന്നുണ്ട്. ഇത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണെങ്കിലും പണത്തിന്റെ ദുർവിനിയോഗം തടയാൻ സർക്കാർ കാലാ കാലങ്ങളിലായി നഗരസഭക്കു നൽകിയ നിർ ദ്ദേശങ്ങൾ ഒന്നും തന്നെ നടപ്പിലാക്കിയതായി കാണുന്നില്ല.

വൈദ്യുതി വകുപ്പിന്റെ 02.12.2003 ലെ ജി.ഒ(എംഎസ്)34/2003 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. കാലമേറെകഴിഞ്ഞിട്ടും ഒരു നടപടിയും സ്വീകരിക്കാതെ 2022 ൽ പോലും വർഷങ്ങൾക്കു മുമ്പുള്ള ഇൻ വോയിസ് (ബൾബ്, ട്യൂബ് എന്നിവ ഒഴിവാക്കി എൽ.ഇ.ഡി ആക്കി വൈദ്യുതിയുടെ ഉപഭോഗം പരമാവധി കുറച്ചുവെങ്കിലും ഇപ്പോഴും ബൾബിനും ട്യൂബിനും തന്നെ ചാർജ് നൽകുന്ന അവസ്ഥ) അടിസ്ഥാനമാക്കിയാണ് ചാർജ് ഒടുക്കിവരുന്നത്.

ഒരു 40 W ട്യൂബിന് പ്രതിമാസ ചാർജ് 73 രൂപ വരുമ്പോൾ അതേ വെളിച്ചം തന്നെ 12 WLED ക്ക് കേവലം 14 രൂപ മാത്രമാണ് ചാർജ്. പരമാവധി ബൾബ്/ട്യൂബ് ഒഴിവാക്കിയിട്ടും ചാർജ് അതിന് തന്നെ ഒടുക്കുന്ന നിലവിലെ അവസ്ഥക്ക് അടിയന്തിര മാറ്റം വരുത്താൻ ഭരണസമിതി മുൻ കൈ എടുക്കേണ്ടതാണ്.

ഇപ്രകാരം ഉണ്ടാകുന്ന ഫണ്ട് ചോർച്ച സംബന്ധിച്ചും ആയതിന് അടിയന്തിര പരിഹാരം കാണണം എന്നും നിർദ്ദേശിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നൽകിയെങ്കിലും നടപടി ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതിലേക്കായി AE.75/20-21, തീയതി.30.04.2022 പ്രകാരം സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഒന്നും തന്നെ ഉണ്ടായിട്ടില്ല. നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-58 മഴക്കാല പൂർവ്വ ശുചീകരണം -സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| ഫയൽ നമ്പർ | എച്ച്4- 12273/16 |
| വൗച്ചർ നമ്പർ | 286/21.05.2020 |
| ചെലവ് തുക | 13,75,000/- |

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മഴക്കാലപൂർവ്വ ശുചീകരണവും കൊതുക നിർമ്മാർജനവും ജനകീയ പങ്കാളിത്തത്തോട് കൂടി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ താഴെ പറയുന്ന പ്രധാന സർക്കുലറുകൾ വഴി സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

| | |
|---|---|
| I | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.02.2020 ലെ 46/ഡിസി1/20 |
| Ii | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.05.2020 ലെ 191/ഡിസി1/20 |
| Iii | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2020 ലെ237/ഡിസി1/20 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി 2020 ലെ ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ സുരക്ഷക്ക് മാലിന്യ വിമുക്ത പരിസരം എന്ന മുദ്രാവാക്യം ഉയർത്തി നടപ്പിലാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

മേൽ പറഞ്ഞതിലെ മൂന്നാമത് സർക്കുലർ പ്രകാരം 30/05/2020, 31/05/2020, 06/06/2020, 07/06/2020 എന്നീ നാലു ദിവസങ്ങളിലായി വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ ഓരോ വാർഡിലും സജീവമായി പ്രവർത്തനം നടത്താനാണ് നിർദ്ദേശിച്ചിരുന്നത്.

മെയ് 30, 31 തീയ്യതികളിൽ പൊതുജന പങ്കാളിത്തത്തോടെ വാർഡ് തലത്തിലെ പൊതുസ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവ ശുചീകരിക്കാനും ജലനിർഗമന വഴികളിലെ തടസ്സങ്ങൾ/മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങൾ എന്നിവ ഒഴിവാക്കാനും കൊതുകുനശീകരണ പ്രവർത്തനങ്ങൾ നടത്താനും ജൂൺ 6, 7 തീയ്യതികളിൽ എല്ലാവരും അവനവന്റെ വീടും പരിസരവും ശുചിയാക്കി കൊതുകുനിവാരണ-മാലിന്യമുക്ത പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തനം വൻവിജയകരമാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്.കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നടന്ന മേൽ പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കിയപ്പോൾ സർക്കുലറിൽ നിർദ്ദേശിച്ച ജനകീയ ഇടപെടലുകൾ ഒന്നും തന്നെ നടന്നതായോ, പ്രവർത്തനങ്ങൾ നടത്തിയതായോ കാണുകയുണ്ടായില്ല.

സർക്കാർ അനുവദിച്ച 25,000/- രൂപ ചെലവഴിക്കുക എന്ന പരിപാടിക്കു വേണ്ടി വർഷങ്ങളായി എന്താണോ നടന്നത് അതേപോലെയുള്ള പ്രവർത്തനങ്ങൾ മാത്രമാണ് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾ അവഗണിച്ച് നഗരസഭയിൽ നടപ്പാക്കിയതായി കാണുന്നത്. നടന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായിരുന്നില്ല എന്ന് മാത്രമല്ല ഡിവിഷൻ കൗൺസിലറുടെ നേതൃത്വം ഉണ്ടായിരുന്നു എന്നതിന്റെ തെളിവുകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് വേണ്ടി കോർപ്പറേഷനിലെ 55 ഡിവിഷനുകൾക്കായി 25,000/- രൂപ വീതം ഓരോ ഡിവിഷനിലെയും വാർഡ് തല ശുചിത്വ കൺവീനർ/ചെയർമാൻ എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് മേൽ വൗച്ചർ പ്രകാരം കൈമാറിയിട്ടുണ്ട്.20,000/- രൂപ ശുചിത്വമിഷൻ ഫണ്ടും 5,000/- രൂപ തനതു ഫണ്ടുമായാണ് 25,000/- രൂപ നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തുകയുണ്ടായി.

1) പ്രവർത്തനം നടത്തിയത് പെരുമഴക്കാലത്ത്

ഡിവിഷനുകളിലെ പ്രവർത്തനം വിലയിരുത്തിയപ്പോൾ ഏതാനും ചില) ഡിവിഷൻ) ഒഴിച്ച് ബാക്കി

പലതിലും പെരുമഴക്കാലത്താണ് ഈ പ്രവർത്തനം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ഡിവിഷൻ | പ്രവർത്തനം നടത്തിയ മാസം |
|---|---|
| 9 കിഴുത്തള്ളി | സെപ്റ്റംബർ |
| 25 അതിരകം | ആഗസ്റ്റ്, നവംബർ |
| 43 അറക്കൽ | ജൂൺ |
| 41 വെറ്റിലപ്പള്ളി | മെയ്, ജൂൺ, ജൂലൈ . |
| 52 താളിക്കാവ് | ജൂലൈ,സെപ്റ്റംബർ, ഡിസംബർ . |

എന്നാൽ പള്ളിക്കുന്ന്, പള്ളിയാം മൂല, ചാലാട്, കൊക്കൻ പാറ തുടങ്ങിയ ചില ഡിവിഷനുകളിൽ മെയ് മാസത്തിൽ തന്നെ പ്രവർത്തനം പൂർത്തീകരിച്ചത് മാതൃകാപരമാണ്.

2) കൂലി നിരക്കിലെ വ്യ ത്യാസം

കോർപ്പറേഷന്റെ വിവിധ ഡിവിഷനുകളിൽ പ്രവൃത്തി ചെയ്യുന്ന ജീവനക്കാരുടെ പ്രതിദിന വേതനം വളരെയധികം വ്യത്യാസപ്പെട്ടുകാണുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ഡിവിഷന്റെ പേര് | നൽകിയ പ്രതിദിന വേതനം |
|---|---|
| പൊടിക്കുണ്ട് | ₹300 |
| തുളിച്ചേരി, അത്താഴക്കുന്ന് | ₹400 |
| കക്കാട്, അത്താഴക്കുന്ന്,ഉദയം കുന്ന് | ₹450 |
| ചാല, കുറുവ, കടലായി | ₹500 |
| അറക്കൽ, ആയിക്കര | ₹600 |
| ടെമ്പിൾ, തായത്തെരു | ₹630 |
| കുന്നാവ്, പള്ളീയാംമൂല, പഞ്ഞിക്കയിൽ | ₹700 |
| തളാപ്പ് | ₹750 |

പ്രതിദിന വേതനം ഇരട്ടിയിലേറെ വ്യത്യാസം വരുന്നത് ഗുരുതരമായ വിഷയമായി ഓഡിറ്റ് കരുതുന്നു. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ മേൽനോട്ടം വഹിച്ച് നിരക്കിൽ ഏകീകൃതരൂപം വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

3) എൻ.എം.ആർ ഹാജരാക്കാതെ വേതനം നൽകിയത് ശരിയായ നടപടിയല്ല .

താളിക്കാവ്, കാനത്തൂർ തുടങ്ങിയ ചില വാർഡുകളിൽ പരിശോധനക്ക് ഹാജരാക്കിയ ചെലവ് വൗച്ചറുകളിൽ ജോലി ചെയ്ത ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്ന എൻ.എം.ആർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇവർ ഏതെല്ലാം ദിവസമാണ് പ്രവർത്തി ചെയ്തത് എന്നും വ്യക്തമല്ല. ഇത് ശരിയായ നടപടിയല്ല. പി.ഭരതൻ, എ.രവീന്ദ്രൻ, ടി.ലക്ഷ്മണൻ, കെ.സുബ്രഹ്മണ്യൻ എന്നീ പേരുകാരാണ് ഈ 2 വാർഡിലും ജോലി ചെയ്ത് തുക കൈപ്പറ്റിയതായി കാണുന്നത്. കൃത്യമായി ജോലി നടന്നോ എന്നത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

4) ഡിവിഷൻ തല ചെയർമാൻ പല വൗച്ചറിലും ഒപ്പിട്ട് കാണുന്നില്ല .

ഡിവിഷൻ തല ശുചിത്വ കൺവീനറായ കൗൺസിലർ എല്ലാ വൗച്ചറുകളിലും ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും പലതിലും ഒപ്പിട്ടതായി കാണുന്നില്ല. (ഉദാ-കാനത്തൂർ , പള്ളിയാൻമൂല) ചെയർമാൻ പാസാക്കാത്ത ചെലവ് വൗച്ചറുകൾ വഴി ചെലവ് നടത്തുന്നത് ശരിയായ രീതിയല്ല.കാനത്തൂർ വാർഡിൽ പഞ്ചാബ് നാഷണൽ ബാങ്ക് ചെക്ക് നമ്പർ.476241/20.05.2020 പ്രകാരം 2,400/- രൂപ മാത്രം പിൻവലിച്ച് വൗച്ചർ.3/21, തീയതി20.05.2020 പ്രകാരം 3,000/- രൂപ ചെലവ് ചെയ്തതായി കാണുന്നു. ഡിവിഷൻ ചെയർമാൻ വൗച്ചർ പാസാക്കിയില്ല എന്ന് കൂടി കണക്കിലെടുക്കുമ്പോൾ ചെലവിന്റെ സാധുത സംശയാസ്പദമാണ്.

5)താളിക്കാവ് ഡിവിഷനിൽ ചെലവ് 66,000/- രൂപ

ഒരു ഡിവിഷന് പരമാവധി ഒരു വർഷം ചെലവഴിക്കാവുന്നത്പരമാവധി 35,000/-രൂപയാണ് (25000 ശുചിത്വമിഷന് + തനത് ഫണ്ട് 10000 (NRHM) . എന്നാൽ താളിക്കാവ് ഡിവിഷനിലെ കണക്കുകൾ പ്രകാരം 66,200/- രൂപ ചെലവഴിച്ചതായി കാണുന്നു. കഴിഞ്ഞവർഷം തുക ചെലവഴിക്കാതെ സർക്കാറിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതിനാൽ ബാക്കി വന്ന തുക അടുത്തവർഷം ഒരുമിച്ച് ചെലവഴിച്ചതാണ് ഈ ഇരട്ടചെലവിന് കാരണം. ബന്ധപ്പെട്ടവർ കൃത്യമായി മേൽനോട്ടം വഹിക്കുന്നില്ല എന്നതിന്റെ തെളിവായി ഇത് കാണാവുന്നതാണ്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമേ ശുചിത്വമിഷൻ തുക തിരിച്ചുതരൂ എന്നിരിക്കെ തുക ചെലവഴിക്കാതെ വിനിയോഗ സാക്ഷ്യപത്രം നൽകി, തിരിച്ചു വാങ്ങി എന്ന ഗുരുതരമായ തെറ്റും ഇവിടെ നടന്നിട്ടുണ്ട്.

6) രേഖകൾ പരിശോധിക്കാതെ ഡിവിഷൻ കൗൺസിലർ സാക്ഷ്യപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പഞ്ചാബ് നാഷണൽ ബാങ്ക് ചെക്ക് നമ്പർ.476264/10.09.2020-3,600, 476265/10.09.20-4,800 എന്നിവ പ്രകാരം ചൊവ്വ ഡിവിഷനിൽ മേൽ പ്രവൃത്തിക്ക് 8,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് ദിവസങ്ങളിലായി 7 ദിവസം വീതം ജോലി ചെയ്ത 2 പേർക്ക് പ്രതിദിനം 600/- രൂപ വീതം നൽകിയത് വഴിയാണ് 8,400/- രൂപ ചെലവ് വന്നത്. ജോലി ചെയ്ത തീയ്യതികൾ, ചെയ്ത പ്രവൃത്തി രേഖപ്പെടുത്തുന്ന എൻ.എം.ആർ ഫയലിൽ ഉണ്ടായിരുന്നില്ല. ആവശ്യമായ രേഖകൾ പോലും ഇല്ലാതെ ചെലവ് ഡിവിഷൻ കൺവീനറായ കൗൺസിലർ അംഗീകരിച്ച് നൽകിയത് ശരിയായ നടപടിക്രമമല്ല.

മഴക്കാലപൂർവ്വ ശുചീകരണം സർക്കാർ നിർദ്ദേശിച്ച സമയത്ത് തന്നെ നടന്നു എന്ന് ഉറപ്പുവരുത്തുന്നതിലേക്ക് ഡിവിഷൻ കൗൺസിലറുടെ കൃത്യമായ അവലോകന റിപ്പോർട്ട് എല്ലാ പ്രവൃത്തി പ്രദേശങ്ങളുടെയും പ്രതിദിന ഫോട്ടോ, ചെലവ് ചെയ്ത ചെക്കിന്റെ ഫോട്ടോകോപ്പി എന്നിവ കൂടി ഫയലിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ ഭാവിയിൽ സ്വീകരിക്കാൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

7) പടന്ന ഡിവിഷൻ – പ്രവൃത്തി ഒന്നും നടന്നില്ല.

പടന്ന ഡിവിഷന്റെ ബാങ്ക് പാസ് ബുക്ക് പ്രകാരം 2020-21 ന്റെ തുടക്കത്തിൽ 33,907/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. കോർപ്പറേഷൻ ഫണ്ടും പലിശയുമായി 26,679/- രൂപ ഓഡിറ്റ് വർഷം വരവുണ്ടായിരുന്നു. ആകെ വരുമാനമായ 60,596/- രൂപയിൽ ഒരു രൂപ പോലും ഇക്കാലയളവിൽ ചെലവ് ചെയ്തതായി കാണുന്നില്ല. (50,000 മേൽ ബാക്കിയുള്ളതിനാൽ രണ്ട് വർഷം ചെലവൊന്നും നടന്നില്ല എന്നത് തീർച്ചയാണ്.) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ വിശദീകരണ പ്രകാരം കോവിഡ്-19

പടർന്നതിനാൽ പടന്ന ഡിവിഷൻ പൂർണ്ണമായും അടച്ചിട്ടിരുന്നുവെന്നും ആയതിനാൽ ജോലിക്ക് പോലും ആളെ ലഭിക്കാത്ത സാഹചര്യം വന്നതാണ് ചെലവുകൾ ഒന്നും നടക്കാതിരുന്നത് എന്നാണ്. ഇത് തൃപ്തികരമായ വിശദീകരണമല്ല. ആരോഗ്യ-ശുചിത്വ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മുമ്പിൽ ഈ വിഷയം എത്തിയിരുന്നെങ്കിൽ എന്ത്കൊണ്ട് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിച്ചില്ല എന്നത് വിശദീകരിക്കേണ്ടതാണ്.

10/02/2021-ന് ചേർന്ന ഡിവിഷൻതല ആരോഗ്യ ശുചിത്വ കമ്മിറ്റി 2021-22 ൽ മുഴുവൻ തുകയും ചെലവഴിക്കാൻ തീരുമാനിച്ചതായി യോഗനടപടിക്കുറിപ്പിൽ കാണുന്നു.

ഓരോ ഡിവിഷൻ തലത്തിലും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടും രണ്ട് വർഷമായി ഒന്നും ചെയ്യാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

## 1-59 ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കംചെയ്യൽ-ഫയൽ അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 284/21 |
| പ്രൊജക്റ്റിന്റെപേര് | ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കംചെയ്യൽ |
| അടങ്കൽ | 2,12,99,368/-(വികസനഫണ്ട്) |
| ചെലവ് | 68,60,000/- |
| ബിൽ നം. & തീയതി | 20190147003100887996,തീയതി 06-01-2021 |

2020-21 സാമ്പത്തിക വർഷം, ഹെൽത്ത് ഓഫീസർ കണ്ണൂർ കോർപ്പറേഷൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച് സുലേഖ (പദ്ധതി ചെലവ് സംബന്ധിച്ച സോഫ്റ്റ് വെയർ ) പരിശോധിച്ചതിൽ 284/21 നമ്പരായി ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കംചെയ്യൽ എന്ന പദ്ധതി നിർവഹണം നടത്തിയതായി കാണുന്നു. ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ ആകെ അടങ്കൽ തുകയായ 2,12,99,368/-(വികസനഫണ്ട്) രൂപയിൽ 68,60,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ചതായും കാണുന്നു. എന്നാൽ തുക പ്രസ്തുത പദ്ധതിനിർവഹണത്തിനു വിനിയോഗിച്ചതിന്റെ ഫയലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.AE-98/2020-21/ബി1 തീയതി : 31/05/2022 )നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മേൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 68,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-60 ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങൽ-മരുന്ന് സ്റ്റോക്കിലെടുത്തില്ല -ചെലവ് തുക ₹18150/- നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 11/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) ഗവ.ആയുർവേദ ഡിസ്പെൻസറി,പള്ളിക്കുന്ന് |

| | |
|---|---|
| അടങ്കൽ | ₹40,00,000 /-( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നമ്പർ/തുക | 42/20-21/₹4,00,000 |
| ബിൽ തീയതി | 01-01-2021 |

മെഡിക്കൽ ഓഫീസർ (ആയുർവേദം) ,ഗവ.ആയുർവേദ ഡിസ്പെൻസറി,പള്ളിക്കുന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രൊജക്റ്റിൽ കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ 6 ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. പി.എച്ച്.സി. എളയാവൂരിന് മരുന്നുവാങ്ങുന്നതിനായി ബിൽ നം.42/20-21 പ്രകാരം ₹4,00,000 ഔഷധിക്ക് കൈമാറിയിട്ടുണ്ട് (രസീത് നം.1400016313 തി.06-01-2021). 9 ഘട്ടമായി ആവശ്യപ്പെട്ട മരുന്നുകൾ ഔഷധി ലഭ്യമാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം.90196851 തി.29-01-2021 പ്രകാരം ഇന്ദുകാന്തം കഷായം (ക്രമ നം.4&5) 442 ബോട്ടിൽ (200ml.) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.173 ലെ രേഖപ്പെടുത്തൽ പ്രകാരം 110 ബോട്ടിൽ മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. 332 ബോട്ടിൽ കഷായം കുറവാണ്. കൂടാതെ 25-10-2021 വരെ വിതരണം നടത്തിയതിന്റെ കണക്കിലും പൊരുത്തക്കേട് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. AE-7/2020-21/ബി1 തീയതി : 30-03-2022 ന് 11-04-2022 ന് മെഡിക്കൽ ഓഫീസർ ഗവ.ആയുർവേദ ഡിസ്പെൻസറി , പള്ളിക്കുന്ന് മുഖേന ആയുഷ് പി.എച്ച്.സി.എളയാവൂരിലെ നിലവിലെ മെഡിക്കൽ ഓഫീസർ ,സ്റ്റോക്ക് എടുത്ത സമയത്തുള്ള മെഡിക്കൽ ഓഫീസറുടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഔഷധി മരുന്ന് ലഭ്യമാക്കിയ സമയത്ത് 110 ബോട്ടിൽ മാത്രമാണ് ലഭ്യമാക്കിയതെന്നും ഷോർട്ടേജ് ഉള്ള കാര്യം പിന്നീട് ചാർജ്ജ് എടുത്ത മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ നിലവിൽ ചാർജ്ജ് ഉള്ള മെഡിക്കൽ ഓഫീസറുടെ മറുപടിയിൽ മരുന്നിൽ ഷോർട്ടേജ് വന്ന കാര്യം പറഞ്ഞു ബോധ്യപ്പെടുത്തിയിട്ടില്ല എന്നും ഇൻവോയ്സിലോ മറ്റ് രജിസ്റ്ററുകളിലോ ഇത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ല എന്നും ഔഷധിയിൽ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ ഷോർട്ടേജ് ഉണ്ടായിട്ടില്ല എന്ന് അറിയിച്ചതായും പറയുന്നു.
മേൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക ₹18260, (332X55=18260,ഒരു ബോട്ടിലിന് 55/- രൂപ എന്ന നിരക്കിൽ) നിരാകരിക്കുന്നു. ഇൻവോയ്സ് നം.90196851 തി.29-01-2021 ലെ മരുന്നുകൾ സ്റ്റോക്കിലെടുക്കുന്ന സമയത്ത് ആയുഷ് പി.എച്ച്.സി.എളയാവൂരിന്റെ ചുമതല ഉണ്ടായിരുന്ന മെഡിക്കൽ ഓഫീസറിൽ നിന്ന് തുക ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ് , അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ , ഗവ.ആയുർവേദ ഡിസ്പെൻസറി , പള്ളിക്കുന്നിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

1-61 ലാപ് ടോപ്പ് കുട്ടികൾക്ക് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0027/21 |
| പ്രൊജക്റ്റിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 2,77,220/-(വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | 2,77,220/- |
| ബിൽ നം.&തീയതി | 03/2020-21,തീയതി 19-02-2021 |
| നിർവഹണഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബിരുദ/ഉന്നത ബിരുദ വിദ്യാഭ്യാസത്തിന് സഹായകരമായി സൗജന്യമായി ലാപ് ടോപ്പ് നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

സർക്കുലർനം.ഡിഎ1/363/2019/തസ്വഭവ,തീയതി 20/01/2020 പ്രകാരം ത.സ്വ.ഭ സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക വേണ്ടി വാങ്ങുന്ന ലാപ് ടോപ്പുകൾ CPRCSപോർട്ടിലിൽ നിന്നു തന്നെ വാങ്ങേണ്ടതും ഓർഡർ നൽമ്പോൾ പോർട്ടിലിൽ അതത് സമയത്തുള്ള വില നൽകേണ്ടതുമാണ്. സി.പി.സി.ആർ.എസ് വഴി 10 ലാപ് ടോപ്പുകൾ ഈ പദ്ധതിക്കായി വാങ്ങുന്നതിന് വേണ്ടി പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 2,77,220/- രൂപ മേൽ ബിൽ നമ്പർ പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ലാപ് ടോപ്പ് ലഭ്യമാക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഐ ടി മിഷന് 799011400003959എന്ന അക്കൗണ്ട് നമ്പറിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട്.(ഒരു ലാപ് ടോപ്പിന് 27722/-രൂപ പ്രകാരം 10 ലാപ് ടോപ്പിന് 27722x 10=277220/- രൂപ) എന്നാൽ നാളിതുവരെയായും ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ലഭ്യമാക്കുകയുണ്ടായില്ല.

സർക്കുലർ നം. ഡിഎ1/153/2020-തസ്വഭവ,തീയതി 07/09/2020 പ്രകാരം,വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ്പ് അടിയന്തിരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ ലാപ് ടോപ്പ് കാലതാമസം കൂടാതെ CPRCSമുഖേന ലഭ്യമാക്കുന്നതിന് ഐടിമിഷൻ നടപടി സ്വീകരിക്കേണ്ടതാണെന്നും, നിർദ്ദിഷ്ട സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ് ടോപ്പ് CPRCSമുഖേന ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന ലാപ് ടോപ്പ് വാങ്ങാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ലാപ് ടോപ്പ് സ്പെസിഫിക്കേഷൻ മേൽ സൂചിത സർക്കുലർ പ്രകാരംതന്നെ ആയിരിക്കേണ്ടതും, ടെണ്ടർ തുക മേൽ സർക്കുലർ വിലയേക്കാൾ കുറവായിരിക്കേണ്ടതുമാണ്. ലാപ് ടോപ്പുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് വേണ്ടി ഇത്തരം ഒരു സർക്കുലർ നിലവിലുണ്ടായിരുന്നിട്ടും ആയത് പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്ക് യഥാസമയം ലാപ് ടോപ്പുകൾ ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്.

അപേക്ഷ നൽകിയ വിദ്യാർത്ഥികളിൽ കൂടുതലും രണ്ടാം വർഷ/മൂന്നാംവർഷ വിദ്യാർത്ഥികൾ ആയതിനാൽ ലാപ് ടോപ്പ് കിട്ടുമ്പോഴേക്കും പഠനകാലം കഴിഞ്ഞിരിക്കും. വിദ്യാർത്ഥികൾക്ക് താമസം കൂടാതെ ലാപ് ടോപ്പുകൾ ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. ലാപ് ടോപ്പുകൾ നാളിതുവരെയായും ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രൊജക്ടിനുവേണ്ടി മുൻകൂറായി നൽകിയ 2,77,220/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാപ് ടോപുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത വിവരവും ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ അപേക്ഷകളും പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-62 സിനിയർ വെറ്ററിനറി സർജൻ - പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ

1)മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ ഉൽപാദനക്ഷമത വളർത്തുന്ന പ്രോജക്ടുകൾ ഒന്നുംതന്നെ നടപ്പാക്കിയില്ല-വിശദീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സീനിയർ വെറ്ററിനറി സർജൻ

സ.ഉ(കൈ) 17/2018/തസ്വഭവ തീയതി.02.02.18 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉൽപാദന മേഖലയിലെ സ്ഥായിയായ വളർച്ചയുണ്ടാകുന്ന പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത് അതീവ പ്രാധാന്യത്തോടെ ചെയ്യേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. പാൽ , മുട്ട, മാംസ്യം എന്നിവയുടെ ഉൽപാദനവും ഉൽപന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ് എന്ന് പറഞ്ഞിട്ടുണ്ട്. (ഖ.2.2(1), 92 എന്നിവ കാണുക).മുഖ്യ തൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ പ്രത്യേക കന്നുകുട്ടി പരിപാലനം (വിഹിതം ഒടുക്കൽ) മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യ വർധന എന്നിങ്ങനെ മൂന്ന് പ്രൊജക്ട് മാത്രമാണ് സീനിയർ വെറ്റിനറി സർജൻ നടപ്പിലാക്കിയിട്ടുള്ളത്. പഴയ മുനിസിപ്പാലിറ്റി പ്രദേശത്ത് സംരഭകരെ കണ്ടെത്തുക ബുദ്ധിമുട്ടാണ് എന്ന സത്യം അംഗീകരിക്കുമെങ്കിലും കൂട്ടിചേർത്ത 5 പഞ്ചായത്തുകളിൽ മൂന്നെണ്ണ (എടക്കാട്, എളയാവൂർ, ചേലോറ)ത്തിൽ സംരംഭകരെ കണ്ടെത്തുക ബുദ്ധിമുട്ടുള്ള കാര്യമല്ല എന്ന് തീർച്ചയാണ്. സാധാരണക്കാരായ ക്ഷീരകർഷകർക്കും മൃഗസംരക്ഷണം തൊഴിലാക്കിയ മറ്റ് കർഷകർക്കും തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കെ നഗരസഭയിൽ പദ്ധതി പ്രാവർത്തികമാക്കാൻ പറ്റിയ പ്രദേശങ്ങൾ ഉണ്ടായിട്ട് പോലും ഉൽപ്പാദനവർദ്ധനക്കുതകുന്ന പദ്ധതികൾ കാലാകാലങ്ങളായി ഒന്നുംതന്നെ നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

2)പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്റ്റ് നമ്പർ | 66/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സിനിയർ വെറ്റിനറി സർജൻ,എടക്കാട് |
| ഫണ്ടിനം | വികസനഫണ്ട് -ജനറൽ |
| ബിൽ നമ്പർ/തിയതി | 20190147001400031143/9.6.2020 |
| ചെലവ് തുക | 3,12,500 രൂപ |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(പ്രോ.നം.ട0045/14)യുടെ ഭാഗമായി ബിൽ നം.20190147001400031143/9.6.2020 പ്രകാരം 312500 രൂ. നിർവ്വഹണ ഉദ്യോഗസ്ഥൻ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയരക്ടരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-63 ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകൽ ബത്ത നൽകൽ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രേഖകൾ ലഭ്യമാക്കിയില്ല

1)

| | |
|---|---|
| പദ്ധതിയുടെ പേര്.നം | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകൽ ബത്ത നൽകൽ 2/21 |

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ ,റൂറൽ(പള്ളിക്കുന്ന്) |
| അടങ്കൽ | 14500000/-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 1,45,00,000/- |

2)

| | | |
|---|---|---|
| പദ്ധതിയുടെ പേര്.നം | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകൽ ബത്ത നൽകൽSO918/21 | |
| നിർവ്വഹണം | സി.ഡി.പി.ഒ ,റൂറൽ(പള്ളിക്കുന്ന്) | |
| അടങ്കൽ | 2,54,600/-വികസന ഫണ്ട് പൊതുവിഭാഗം | |
| ചെലവ് | 2,54,600/- | Biill.No 02/20-21 Dt.22.5.2020 ₹254600<br>എളയാവൂർ സോൺ |

കണ്ണൂർ കോർപറേഷൻ പരിധിയിലെ 40 ശതമാനമെങ്കിലും വൈകല്യമുള്ള വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം/ബത്ത നൽകുന്നതിനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.പ്രൊജക്ട് പരിശോധനക്ക് താഴെപ്പറയുന്ന രേഖകൾ കൂടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണകുറിപ്പിലൂടെ (നം.AE.87/20-21/B1 തീയതി.25.05.2022) നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

1.വൈകല്യമുള്ളവരുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

2.ഗുണഭോക്താക്കളുടെ അപേക്ഷ

3.അംഗികരിച്ച ഗുണഭോക്തൃ ലിസ്റ്റ്

4.ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയ സാക്ഷ്യപത്രം

5.സ്കൂൾ/കോളേജ് പ്രധാനാദ്ധ്യാപകന്റെ സാക്ഷ്യപത്രം

6.പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട്.

മേൽ കാണിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-64 പോഷകാഹാരവിതരണം അപാകതകൾ പരിഹരിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര്.നം | അംഗൻവാടി പോഷകാഹാര പ്രൊജക്ടുകൾ 258/21 |
| നിർവ്വഹണം | സി.ഡി.പി.ഒ, അർബൻ |
| അടങ്കൽ | 15000000/-വികസന ഫണ്ട് പൊതുവിഭാഗം<br>6000000/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | ₹14978346 (വികസന ഫണ്ട് പൊതുവിഭാഗം)+ |

| | |
|---|---|
| | ₹5093098 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>=₹20071444 |

കണ്ണൂർ കോർപറേഷൻ പരിധിയിലെ വിവിധ അംഗൻവാടികളിലെ കുട്ടികൾക്ക് 2020-21 വർഷത്തേക്ക് പോഷകാഹാര വിതരണം നടത്തുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ്.പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ അന്വേഷണകുറിപ്പിന് (AE.No.88 തീയതി.28.05.2022)നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

1.സ്റ്റോക്ക്, വിതരണരജിസ്റ്റർ

2.കുട്ടികളുടെ ഹാജർ നില കാണിക്കുന്ന പത്രിക(2020-2021)

3.അംഗീകരിച്ച പദ്ധതി രേഖ

4.2020-21 വർഷം അംഗൻവാടി സെന്ററുകളിൽ വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിവിധ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ 2020-21 വർഷം പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ ₹20071444 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-65 വിനിയോഗ സാക്ഷ്യപത്രവും കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടില്ല ₹2500000/- ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്.നം | വയോമിത്രം സാമൂഹ്യ സുരക്ഷാമിഷന് നഗരസഭയുടെ വിഹിതം നൽകൽ S304/21 |
| നിർവ്വഹണം | സി.ഡി.പി.ഒ,റൂറൽ(പള്ളിക്കുന്ന്) |
| അടങ്കൽ | 2500000/-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | BRN.20190147001100964909Dt.19.01.2021<br>₹2500000/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.05.2013 ലെ സ.ഉ.(സാധാ)നം.1209/2013 തസ്വഭവ ഉത്തരവ് ഖണ്ഡിക (5)പ്രകാരം വിഹിതം നൽകുന്ന തദ്ദേശ സ്ഥാപനത്തിന്റെ കൗൺസിൽ തീരുമാനം ഖണ്ഡിക (6) അനുസരിച്ച് സാമൂഹ്യ സുരക്ഷാമിഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെങ്കിലും,ആയത് ഫയലിൽ ലഭ്യമല്ല,വിനിയോഗ സാക്ഷ്യപത്രവും, കൗൺസിൽ തീരുമാനവും പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ ₹25,00,000/- തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (AE 88/2020-21/ബി1 തീയതി 25.05.2022) നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

## 1-66 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ - എൻജിനീയറുടെ വാല്യേഷൻ ഇല്ലാതെ അവസാന ഗഡു അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 39/2020-21 |
| ചെലവ് | 3239396 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം പട്ടികജാതിക്കാരായ 31 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ഗുണഭോക്താവിന് അനുവദിക്കുന്ന പരമാവധി തുകയായ 1,50,000/- രൂപയിൽ മുൻകൂറായി 50% തുകയായ 75,000/- രൂപയും പിന്നീട് പണി പൂർത്തിയായതിനു ശേഷം എൽ.എസ്.ജി.ഡി എൻജിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ബാക്കി തുകയും അനുവദിക്കണമെന്നാണ് മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. മേൽ പ്രൊജക്ട് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി മുൻകൂർ നൽകിയ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവും അനുവദിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വാലേഷൻ നടത്തിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. മൂല്യനിർണ്ണയം നടത്താതെ വാലേഷൻ സർട്ടിഫിക്കറ്റ് നൽകി അവസാന ഗഡു കണക്കാക്കി അനുവദിച്ചത് ശരിയായ നടപടിയല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കെട്ടിട നമ്പർ | തുക | ബിൽ നമ്പർ /തീയ്യതി |
|---|---|---|---|---|
| 1 | ആരംഭൻ ശാരദ, ആരംഭൻ ഹൗസ്, കൊറ്റാളി, പുല്ലൂപ്പി | 13/336 | 75000/- | ബിൽ നം. എൽ. എസ്. ജി. ഡി 53/20-21 തീയതി.15.01.2021 |
| | | | 75000/- | ബിൽ നം. എൽ. എസ്. ജി. ഡി 83/20-21 തീയതി.11.03.2021 |
| 2 | സി.ജഗദീശൻ വലിയന്നൂർ, വലിയകുണ്ട് കോളനി, പി.ഒ.വാരം. | 16/947 | 75000/- | എൽ. എസ്. ജി. ഡി 72/20-21 തീയതി.26.02.21 |
| | | | 75000/- | എൽ. എസ്. ജി. ഡി 99/20-21 തീയതി.28.03.2021 |

| | | | | |
|---|---|---|---|---|
| 3 | കല്ലേൻ മാധവൻ, കല്ലേൻ ഹൗസ്, പുല്ലൂപ്പി ലക്ഷം വീട് കോളനി,കൊറ്റാളി.പി.ഒ | 13/412 | 75000/- | എൽ. എസ്. ജി. ഡി 67/20-21 തീയതി.20.02.21 |
| | | | 75000/- | എൽ. എസ്. ജി. ഡി 97/20-21 തീയതി.27.03.21 |
| 4. | ശകുന്തള.എം, മടക്കടിയൻ ഹൗസ്, അത്താഴക്കുന്ന്, കൊറ്റാളി.പി.ഒ | 13/599 | 75000/- | എൽ. എസ്. ജി. ഡി 67/20-21 തീയതി.20.02.21 |
| | | | 75000/- | എൽ. എസ്. ജി. ഡി 99/20-21 തീയതി.28.03.21 |
| 5 | മനോജ് കുമാർ, കനകത്തൂർ ഹൗസ്,കക്കാട്. | Xi/434 | 75000/- | എൽ. എസ്. ജി. ഡി 50/20-21 /06.01.2021 |
| | | | 75000/- | എൽ. എസ്. ജി. ഡി 97/20-21 /27.03.2021 |
| 6. | ലളിത.ടി, നൂപുരം, പുളിമുക്ക്, കക്കാട്.പി.ഒ | X/758 | 75000/- | എൽ. എസ്. ജി. ഡി 49/20-21 /31.12.20 |
| | | | 26500/- | എൽ. എസ്. ജി. ഡി 83/20-21 തീയതി /15.03.2021 |
| | | | 36250/- | എൽ. എസ്. ജി. ഡി 92/20-21 തീയതി/30.03.2021 |
| 7 | വസുമതി.എ, ആരംഭൻ. എ ആരംഭൻഹൗസ്,അത്താഴക്കുന്ന്. | 9/1030 | 75000/- | എൽ. എസ്. ജി. ഡി 97/20-21 /27.03.2021 |
| | | | 75000/- | എൽ. എസ്. ജി. ഡി 97/20-21 /27.03.2021 |
| 8 | അരവിന്ദൻ.എ, അരിങ്ങളയൻ ഹൗസ്, കൊറ്റാളി.പി.ഒ | 13/327 | 75000/- | എൽ. എസ്. ജി. ഡി 50/20-21 /06.01.2021 |
| | | | 75000 | എൽ. എസ്. ജി. ഡി 97/20-21 /27.03.2021 |

വാലേഷനില്ലാതെ അവസാന ഗഡു അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-AE-112/2020-21/ബി1 തീയതി : 09.06.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മതിയായ രേഖകൾ ഹാജരാക്കിയില്ല.

1-67 അപേക്ഷയോടൊപ്പം നൽകിയ ബാങ്ക് അക്കൗണ്ടിനു പകരം മറ്റൊരു അക്കൗണ്ടിലേക്ക് ധനസഹായം കൈമാറി- വിശദീകരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 35/20-21 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് പഠനമുറി നിർമ്മാണം എന്ന 2020-21 വർഷത്തെ പദ്ധതി പ്രകാരം 9 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായത്തിനു അർഹരായ ഗുണഭോക്താവിന്റെ ബേങ്ക് അക്കൗണ്ടിലേക്കാണ് 2 ഗഡുക്കളായി പണം കൈമാറുന്നത്. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവായ സുബിഷ സുഗുണൻ അപേക്ഷയോടൊപ്പം നൽകിയ ബേങ്ക് അക്കൗണ്ടിനു പകരം മറ്റൊരു അക്കൗണ്ടിലേക്ക് പണം നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ നൽകുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷയിൽ നൽകിയ അക്കൗണ്ട് നമ്പർ | തുക കൈമാറിയ അക്കൗണ്ട് നമ്പർ | ബിൽ നമ്പർ/തുക |
|---|---|---|---|

| | | | |
|---|---|---|---|
| സുബിഷ സുഗുണൻ D/o സുഗുണൻ സ്നേഹ നിലയം, എളയാവൂർ | 31457166874 (എസ്ബിഐ) | 42412210045951 IFS Code-SYNB0004241 | 1)ബിൽ നം.20190147002200993484 തീയതി.27.01.2021/തുക50,000<br>2)ബിൽ നം.20190147002201410209/ തീയതി.28.03.2021/തുക.75,000/- |

ഗുണഭോക്താവ് നൽകിയ ബേങ്ക് അക്കൗണ്ടിലല്ലാതെ മറ്റൊരു അക്കൗണ്ടിലേക്ക് ധനസഹായം കൈമാറിയതിന്റെ കാരണം വ്യക്തമല്ല. തുക കൈപ്പറ്റിയത് യഥാർത്ഥ ഗുണഭോക്താവ് തന്നെയാണെന്ന് തെളിയിക്കുന്ന ടിയാരിയിൽ നിന്നുള്ള സത്യവാങ്മൂലവും ഡിവിഷൻ കൗൺസിലറുടെ സർട്ടിഫിക്കറ്റും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ഗുണഭോക്താവിന് നൽകിയ 1,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-68 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്യേഷനില്ലാതെ അവസാന ഗഡു അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നം | S070/21 |
| ചെലവ് | 6,68,029/- |
| ഫണ്ട് | വികസന ഫണ്ട് (ScP) |

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കുന്നതിനു വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുവാനാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്യുന്നത്. 2019-20 വർഷത്തെ പ്രോജക്റ്റ് പ്രകാരം 10 ഗുണഭോക്താക്കൾക്കാണ് 2019-20 ൽ ധനസഹായം അനുവദിച്ചിട്ടുള്ളത്. പരമാവധി തുകയായ 2,00,000/- രൂപയിൽ 50,000/-രൂപ മുൻകൂറായും എൽ.എസ്.ജി.ഡി അസിസ്ററന്റ് എൻജിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ 75,000/- രൂപ രണ്ടാം ഗഡുവായും പഠനമുറി പൂർത്തിയാക്കി അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി 75,000/- രൂപയിൽ അർഹമായ തുകയുമാണ് അനുവദിക്കുന്നത്. മേൽ പ്രൊജക്റ്റ് പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മുൻകൂറായി ഒന്നാം ഗഡുവും വാല്യേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവും 2020-21 വർഷം മൂന്നാം ഗഡുവും അനുവദിച്ചിട്ടുണ്ട്. പഠനമുറി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അവസാന ഗഡു അനുവദിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യേഷൻ നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. പരിശോധന നടത്താതെ തീയതിയോ ഓഫീസിന്റെ സീലോ ഇല്ലാതെ വാല്യേഷൻ സർട്ടിഫിക്കറ്റ് നൽകിയത് അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ വാല്യേഷൻ സ്റ്റേറ്റ്മെന്റ് ഇല്ലാതെ അവസാന ഗഡുവായി നൽകിയ 668029/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അവസാന ഗഡു നൽകിയത് | |
|---|---|---|---|
| | | ബിൽ നമ്പർ | തുക |
| 1 | അമർ.പി,S/o റീജ.പി, അതിരകം, കോളനി, മുണ്ടയാട് | എൽ.എസ്.ജി.ഡി59/20-21 /20.01.2021 | 75,000 |
| 2 | നിതീഷ്.കെ,S/oഅനീഷ് കുമാർ. | എൽ.എസ്.ജി.ഡി18/20-21 | 75,000 |

| | | | |
|---|---|---|---|
| | എം.കെ, നിതീഷ് നിവാസ് , മണൽ | /06.10.2021 | |
| 3 | ചന്ദന.കെ,D/oപൈങ്കുടിയൻ ബൈജു, പൈങ്കുടിയൻ, മുണ്ടയാട് | എൽ.എസ്.ജി.ഡി159/20-21 /20.01.2021 | 75000 |
| 4 | അനുഗ്രഹ്.പി,S/oസീമ.പി,നന്ദനം, കിഴുത്തള്ളി | എൽ.എസ്.ജി.ഡി 125/20-21/07.10.2021 | 75,000 |
| 5 | ശ്രീലക്ഷ്മി.കെ,D/oദിവ്യ. കെ, നാരായണീയം പള്ളിയാംമൂല | എൽ.എസ്.ജി.ഡി 98/20-21/27.03.2021 | 75,000 |
| 6 | ശരണ്യ പനയൻ, D/o കെ.കൃഷ്ണൻ, ശരണ്യ നിവാസ്, മാതുമ്മൽ വളപ്പ് | എൽ.എസ്.ജി.ഡി 24/20-21/07.10.2021 | 53,829 |
| 7 | ആദിൽ.കെ.വി, S/o ജയദീപ്, എടക്കാടൻ ഹൗസ്, ചൊവ്വ. | എൽ.എസ്.ജി.ഡി 25/20-21/07.10.2021 | 75,000 |
| 8 | അഭിൻ കൃഷ്ണ, S/o മഹേഷ്.പി, പറമ്പൻ ഹൗസ്, ഇടച്ചേരി | എൽ.എസ്.ജി.ഡി 23/20-21/05.01.2021 | 56,000 |
| 9 | ശ്രീനന്ദ.എ,D/o റീജ.എ, ഇടച്ചേരി യൻ ഹൗസ്, അത്താഴക്കുന്ന്. | എൽ.എസ്.ജി.ഡി 75/20-21/01.03.2021 | 69,100 |
| 10 | ആദിത്യ.കെ, സജീവൻ.കെ, ജിതിൻ നിവാസ്, കൊറ്റാളി | എൽ.എസ്.ജി.ഡി 84/20-21/11.03.2021 | 39100 |
| | | ആകെ | 6,68,029 |

ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-69 പട്ടികജാതി വികസന പ്രൊജക്ട്-വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ-കെട്ടിടത്തിന്റെ അവകാശം തെളിയിക്കുന്ന രേഖയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം | 39/21 |
| ബിൽ നമ്പർ | 1)201901470022009455 45/15.01.2021തുക-75,000/-<br>2)201901470022012321 13/11.03.2021 തുക 75,000/- |
| ഫണ്ട് | വികസന ഫണ്ട് (ScP) |

2020-21വർഷം നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന്റെ ഒരു ഗുണഭോക്താവായ ശ്രീമതി

അജിത.കെ, വട്ടപ്പറമ്പിൽ ഹൗസ്, കൊറ്റാളി(പിഒ) എന്നവർക്ക് 9/1158(പഴയ 5/446/ നമ്പർ വീട് വാസയോഗ്യമാക്കുന്നതിനായി 1,50,000/- രൂപ രണ്ട് ഗഡുക്കളായി അനുവദിച്ചിട്ടുണ്ട് .ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ പുഴാതി സോണൽ ഓഫീസറുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ടി കെട്ടിടം പറമ്പൻ ഗോപാലന്റെ (വട്ടപ്പറമ്പിൽ ഹൗസ്) ഉടമസ്ഥതയിലാണ്. പുഴാതി വില്ലേജ് ഓഫീസറുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് (നം.52888053/31.12.2020) പ്രകാരം അജിത പറമ്പൻ ഗോപാലന്റെ മകളാണ്. എന്നാൽ അതേ സർട്ടിഫിക്കറ്റിൽ അജിതയുടെ (അപേക്ഷകയുടെ) പിതാവിന്റെ പേര് അച്ചുതൻ എന്നാണ് എഴുതിയിട്ടുള്ളത്. ജാതി സർട്ടിഫിക്കറ്റിലും പിതാവിന്റെ പേര് അച്ചുതൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാസയോഗ്യമാക്കുന്ന കെട്ടിടം ഗുണഭോക്താവിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കാതെ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താവിന് നൽകിയ തുകയായ 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാസയോഗ്യമാക്കിയ കെട്ടിടം ഗുണഭോക്താവിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന കൃത്യമായ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-70 കിഴക്കേക്കര പട്ടിക ജാതി കോളനിയിൽ സാംസ്കാരിക നിലയം നിർമ്മാണം-വൈദ്യുതി ചാർജ്ജ് ഒടുക്കിയതിൽ അവ്യക്തത

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | : കിഴക്കേക്കര പട്ടിക ജാതി കോളനിയിൽ സാംസ്കാരിക നിലയം നിർമ്മാണം |
| പ്രൊജക്റ്റ് നമ്പർ | :965/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | :₹40,00,000 /-( വികസന ഫണ്ട്) |
| BRN/തുക/തീയതി | :20190147004100924424 ₹15,79,816 11-01-2021<br>:20190147004101417139 ₹17,02,711 29-03-2021 |

കിഴക്കേക്കര പട്ടിക ജാതി കോളനിയിൽ അംഗൻവാടി പ്രവർത്തിച്ചു വരുന്ന കെട്ടിടം പൊളിച്ച് മാറ്റി സാംസ്കാരിക നിലയം നിർമ്മാണം നടത്തുകയായിരുന്നു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനായി 24-02-2020 ന് സൈറ്റ് കൈമാറിയിട്ടുണ്ട്.സൈറ്റിൽ ലഭ്യമായ ഇലക്ട്രിസിറ്റി കണക്ഷൻ കൺസ്ട്രക്ഷൻ ഉപയോഗത്തിനായി തരം മാറ്റുന്നതിന് 20-08-2020 ന് അപേക്ഷ നൽകിയിട്ടുണ്ട്. സൈറ്റ് കൈമാറിയതിനു ശേഷം കണക്ഷൻ തരം മാറ്റാൻ ആറ് മാസത്തെ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമല്ല. 29-04-2021 ലെ ഇ1/796/2020 നമ്പർ കത്ത് പ്രകാരം പ്രസ്തുത കണക്ഷൻ(കൺസ്യൂമർ നം.1166581020220) ഡിസ്മാന്റിൽ ചെയ്യുന്നതിന് സെക്രട്ടറി അപേക്ഷ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനായി എടുത്ത താത്കാലിക കണക്ഷന്റെ ബിൽ തുക കോൺട്രാക്ടർ ഒടുക്കണം എന്ന നിബന്ധനയോടെ ആണ് മേൽ കണക്ഷൻ തരം മാറ്റി നൽകിയത്. എന്നാൽ വൈദ്യുത ചാർജ്ജ് ഒടുക്കിയത് സംബന്ധിച്ച് യാതൊരു

രേഖകളും ഫയലിൽ ലഭ്യമല്ല. നിർമ്മാണ പ്രവർത്തി നടന്നു വന്ന കാലത്തെ വൈദ്യുതി ചാർജ്ജ് വർക്ക് ബില്ലിൽ കുറവ് വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ AE-117/2019-20/ബി1 തീയതി :08/06/2022 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. AE-116/2019-20/ബി1 തീയതി :08/06/2022 നമ്പറായി സെക്രട്ടറിക്ക് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത കണക്ഷൻ സംബന്ധിച്ചോ വൈദ്യുത ബില്ലിന്റെ ഒടുക്ക് സംബന്ധിച്ചോ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും വൈദ്യുതി ബില്ലുകളിലെ തുക സെക്രട്ടറി ഒടുക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഒടുക്ക് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-71 നമ്പ്യാർ മൊട്ട ബ്രാഞ്ച് റോഡ് ടാറിംഗ് റീ ടാറിംഗ് – കരാറുകാരനു അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | So 261/21, 204/20 |
| പ്രൊജക്ടിന്റെ പേര് | നമ്പ്യാർ മൊട്ട ബ്രാഞ്ച് റോഡ് ടാറിംഗ് റീ ടാറിംഗ് (മൈഥിലി വീട് മുതൽ ടി.കെ. രാജീവൻ വീട് വരെ |
| അടങ്കൽ | 525000 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം. ബുക്ക് നമ്പർ | 196/18-19 |

കണ്ണൂർ കോർപ്പറേഷന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മേൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനു ടെണ്ടർ സമർപ്പിച്ച കരാറുകാരനായ ആർ.ധർമ്മരാജ് എന്നവരുടെ ടെണ്ടർ കൌൺസിൽ തീരുമാനം നം.30/14.11.19 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാക്കിയത് പ്രകാരം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ തെറ്റായി പ്രവൃത്തിമൂല്യം കണക്കാക്കിയത് വഴി 2510.27/- രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവ് | റേറ്റ് | ആകെ മൂല്യം | | വ്യത്യാസം |
|---|---|---|---|---|---|
| | | | കണക്കാക്കിയത് | കണക്കാക്കേണ്ടത് | |
| 6 | 72.611 $M^2$ | 326 $M^2$ | 24671.19 | 23671.19 | 1000 |
| 7 | 405.63 $M^2$ | 58 $M^2$ | 23671.19 | 23526.54 | 144.65 |
| 8 | 405.63 $M^2$ | 13.34 $M^2$ | 6776.72 | 5411.10 | 1365.62 |
| | | | | ആകെ | 2510.27 |

ടിയാന് അനുവദനീയമായതിലും അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-72 മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, എം ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള മരാമത്തുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

ഫയലുകൾ ഹാജരാക്കാത്ത മരാമത്ത് പ്രവൃത്തിയുടെ വിവരം

1)നിർവ്വഹണ ഉദ്യോഗസ്ഥ-ശ്രീമതി ലിസ്സ പുതുശ്ശേരി-അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നം | പ്രോജക്ട് നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 61/21 | സ്വച്ഛ് ഭാരത്-പൊതു സ്ഥാപനങ്ങളിൽകക്കൂസ് നിർമ്മാണം | 1,95,996 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെ എൻ സി/ ബി1/148/2022, തീയതി 5-4-2022 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. തുടർന്ന്, 2020-21 വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ /കെ.എൻ.സി/ ബി1/AR-45/2022 തിയതി.13.04.2022നമ്പരായി ഓഡിറ്റ് റിക്വിസിഷനും കൈമാറിയിട്ടുണ്ട്. ആയതിന് ശേഷം എം.ബുക്കും ഫയലുകളും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണവും( നം - AE-/ 110/2020-21/ബി1 തീയതി : |
| 2 | 172/ 21 | സൗത്ത് ബസാർ മൊട്ടമ്മൽറോഡ് റീ ടാറിംഗ് ബ്രാഞ്ച് റോഡ് ഗിരിജാ ദേവിയു ടെ വീട് വരെ ടാറിംഗ് | 5,39,316 | |
| 3 | 173/21 | സൗത്ത് ബസാർ ഡിവിഷനിൽ മൊട്ടമ്മൽ റോഡ് മുതൽ ഡോ. ഗിരിജാ ദേവിയുടെ വീട് വരെയുള്ള റോഡ് ടാറിംഗ് | 2,49,808 | |
| 4 | 175/ 21 | ടെമ്പിൾ ഡിവിഷനിൽ യോഗശാല റോഡ് (കുന്നിറക്കം മുതൽ പഞ്ചായത്ത് അതിർത്തി വരെ) റീ ടാറിംഗ് | 13,04,754 | |
| 5 | 176/ 21 | താണയിൽ ഹെൽത്ത് ഡിവിഷൻ ഓഫീസ് കെട്ടിടം നിർമ്മാണം. | 4,23,267 | |
| 6 | 273/21 | തായത്തെരു ഡിവിഷനിൽ എസ്.പി. സി.എ റോഡിലെ ഫുട്പാത്ത് ഓവുചാൽ പരിഷ്ക്കരണം | 8,45,000 | |

| | | | | |
|---|---|---|---|---|
| 7 | 794/21 | ആനയിടുക്ക് സ്കൂൾ നവീകരണം | 5,76,935 | |
| 8 | 800/21 | താണ മുനിസിപ്പൽ കാൽടെക്സ് സെപ്റ്റിക് ടാങ്ക് പുനരുദ്ധാരണം. | 4,72,207 | 08/06/2022) നല്കുകയുണ്ടായി. എന്നിട്ടും ഫയലുകളും രേഖകളും ഹാജരാക്കുകയുണ്ടായില്ല. |
| 9 | 1207/21 | തായത്തെരു സ്കൂൾ ചുറ്റുമതിൽ പുനർ നിർമ്മാണം | 4,77,891 | |
| 10 | 1318/21 | ജവഹർ സ്റ്റേഡിയത്തിന് പടിഞ്ഞാറ് ഭാഗത്ത് ഓട്ടോ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തൽ. | 2,50,62 | |
| | | ആകെ | 5110236 | |

2)നിർവ്വഹണ ഉദ്യോഗസ്ഥൻ-വത്സൻ പടിഞ്ഞാറെപ്പുരയിൽ-എക്സിക്യൂട്ടീവ് എഞ്ചിനീയർ((EE-III)

| ക്രമ നമ്പർ | പ്രൊജക്റ്റ് നം | പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 28/21 | കേരള വാട്ടർ അതോറിറ്റിക് കുടിവെള്ള കരംനൽകൽ | 10073124 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെ.എൻ.സി/ബി1/148/ 2022, തീയതി 5-4-2022 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. തുടർന്ന് 2020-21 വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ/കെ.എൻ.സി/ബി1/ AR-41/ 2022 തിയതി. 13.04.2022 നമ്പരായി ഓഡിറ്റ് റിക്വിസിഷനും കൈമാറിയിട്ടുണ്ട്.എന്നിട്ടും പ്രവൃത്തി കളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കാത്തതിനാൽ ഫയലുകളും രജിസ്റ്ററുകളും |
| 2 | 103/21 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം നൽകൽ | 1683234 | |
| 3 | 169/21 | തെരുവ് വിളക്ക് ലൈൻവലിക്കൽ | 9472979 | |
| 4 | 287/21 | കലക്ടേർസ് അറ്റ് സ്കൂൾ | 9472979 | |
| 5 | 381/21 | തെരുവ് വിളക്ക് ലൈൻ വലിക്കൽ | 2801971 | |
| 6 | 927/21 | തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 1363500 | |
| 7 | 941/21 | കനാൽപ്പാലം അംഗൻവാടി റോഡ് | 549367 | |

| | | | | |
|---|---|---|---|---|
| | | ടാറിഗ് | | |
| 8 | 1182/21 | എസ്.എൻ ഗോവർദ്ധിനി റോഡ് ടാറിഗ് | 9924 | ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണവും നൽകുകയു ണ്ടായി.(നം - AE-/ 100/2020-21/ബി1 തീയതി : 02/06/2022 ). എന്നിട്ടും മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. |
| 9 | 1184/21 | ഹാജി റോഡ് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 1752113 | |
| 10 | 1187/21 | കല്ലാളത്തിൽ ഗോപാലൻ റോഡ്(ചക്കാട്ടിൽ പീടിക റോഡ്) റീ ടാറിങ്ങ് | 147491 | |
| 11 | 1260/21 | തെരുവ് വിളക്ക് വാങ്ങൽ | 2573851 | |
| | | ആകെ | 3,99,00,533 | |

3)നിർവ്വഹണ ഉദ്യോഗസ്ഥൻ- ശ്രീ.ഗിരീഷ്.എ.അസി.എഞ്ചിനീയർ(എളയാവൂർ സോണൽ )

| ക്രമ നമ്പർ | പ്രൊജക്ട് നം. പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | 55/21 -താഴെ ചൊവ്വ പാതിരിപ്പറമ്പ് സി.എസ്.ഐ സെമിത്തേരി എ.കെ.ജി റോഡിൽ പാർശ്വഭിത്തി നിർമ്മാണവും റോഡ് പുനരുദ്ധാരണവും | 400000 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെ.എൻ.സി/ബി1/148/ 2022, തീയതി 5-4-2022 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. തുടർന്ന് 2020-21 വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ/കെ.എൻ.സി/ ബി1/ AR-49/ 2022 തിയതി. 13.04.2022 നമ്പരായി ഓഡിറ്റ് റിക്വിസിഷനും കൈമാറിയിട്ടുണ്ട്. എന്നിട്ടും പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളും |
| 2 | 56/21-ഡിവിഷൻ 21 ൽ സി.കെ.മുനീർ ജനത റോഡ് റീടാറിംഗ് | 220000 | |
| 3 | 83/21- ഡിവിഷൻ 23-ൽ പഞ്ചായത്ത് ഓഫീസ് കുന്നോൻ മുക്ക് റോഡ് റീടാറിംഗ് | 259491 | |
| 4 | 84/21- ഡിവിഷൻ-23 ൽ വായനശാല- കനകവല്ലി റോഡ് ടാറിംഗും റീ ടാറിംഗും | 350000 | |
| 5 | 85/21-ഡിവിഷൻ 25-ൽ പവ്വക്കൻ റോഡ് റീടാറിംഗ് | 543982 | |
| 6 | 90/21-ഡിവിഷൻ 21 ൽ | 169702 | |

| | | | |
|---|---|---|---|
| | ഭുവനേശ്വരി അമ്പലം പെരിങ്ങളായി അതിർത്തിറീ ടാറിംഗ് | | |
| 7 | 91/21- ഡിവിഷൻ 23-ൽ ചെറിയാൻമുക്ക് വട്ടപ്പറമ്പ്റോഡ് റീ ടാറിംഗ് | 247969 | |
| 8 | 95/21- ഡിവിഷൻ-23 ൽ ചെറിയാൻ മുക്ക് വട്ടപ്പറമ്പ് റോഡ് സെബാസ്റ്റ്യന്റെ വീട് മുതൽ ജിജി വീട് വരെ ടാറിംഗ്. | 180000 | |
| 9 | 96/21-ഡിവിഷൻ 23-ൽ മുണ്ടയാട് ഗ്രാമീണ വായനശാല തറചമ്പ്രത്ത്റോഡ് ടാറിംഗ് | 492000 | |
| 10 | 98/21- ഡിവിഷൻ 28-ൽ ചൊവ്വപാലം എ.കെ.ജിമന്ദിരം റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് | 126000 | |
| 11 | 102/21-ഡിവിഷൻ-21 ൽ തച്ചന്റെ വളപ്പ് മീത്തലെ കുന്നുമ്പ്രം റോഡ്ടാറിംഗ് | 240000 | രജിസ്റ്ററുകളും ഹാജരാക്കാത്തതിനാൽ ഫയലുകളും രജിസ്റ്ററുകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണവും നൽകുകയുണ്ടായി.(നം - AE-/ 107/2020-21/ബി1 തീയതി : 09/06/2022 ) എന്നിട്ടും മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുക യുണ്ടായില്ല. |
| 12 | 115/21-ഡിവിഷൻ -25 ൽ കെ.ടി റോഡ് കാപ്പിരിച്ചേരി ഫുട്പാത്ത് കോൺക്രീറ്റ് | 240000 | |
| 13 | 137/21- എളയാവൂർ നോർത്ത് ഡിവിഷനിൽ ജനശക്തി ക്ലബ്ബ് കാച്ചിപീടിക റോഡ് റീടാറിംഗ് | 347062 | |
| 14 | 140/21 -ഡിവിഷൻ 28ൽ കിഴക്കേക്കര ഹരിജൻ കോളനിയിൽ ചുറ്റമതിൽ നിർമ്മാണം | 1080327 | |
| 15 | 141/21-ഡിവിഷൻ 27-ൽ എടചൊവ്വ അങ്കണവാടിക്ക് (സെന്റർ നമ്പർ.52) കെട്ടിട നിർമ്മാണം | 1157683 | |
| 16 | 143/21- ഡിവിഷൻ 21 ൽ കാച്ചിപ്പീടികചാലിൽ റോഡ് റീടാറിംഗ് | 399614 | |
| 17 | 147/21 ഡിവിഷൻ 22 ൽ കേളോത്ത് മുക്ക് മുതൽചിത്ര രമേശൻ വീട് വരെ ടാറിംഗും കോൺക്രീറ്റിങ്ങും | 319790 | |
| 18 | 151/21- ഡിവിഷൻ 21 -ൽ ചേലോറ അതിർത്തിപുഞ്ചേൻ റോഡ് ടാറിംഗ് | 402678 | |
| 19 | 152/21 ഡിവിഷൻ 29 ൽ യാദവതെരു എസ്.എൻകോളേജ് | 45000 | |

| | | |
|---|---|---|
| | റോഡ് റീ ടാറിംഗ് | |
| 20 | 153/21- ഡിവിഷൻ 21 ൽ എസ്.എൻ കോളേജ് കൈനാട്ടി റോഡും എസ്.എൻ കോളേജ് ഹൈവേ റോഡും റീടാറിംഗ്. | 736000 |
| 21 | 154/21- ഡിവിഷൻ -24 ൽ വി.സി.കോളനി കനാൽ റോഡ് ടാറിങ്ങും കോൺക്രീറ്റും | 360000 |
| 22 | 306/21 -എളയാവൂർ സോണലിലെ വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ | 268193 |
| 23 | 470/21 -എളയാവൂർ വെറ്ററിനറി ഹോസ്പിറ്റൽ കാബിൻ നിർമ്മാണം. | 68747 |
| 24 | 471/21- എളയാവൂർ യു.പി.സ്കൂൾ നായനാർ റോഡ് പുനരുദ്ധാരണം. | 424213 |
| 25 | 529/21 – ഡിവിഷൻ-27 ഇൻകം ടാക്സ് ചീനങ്കണ്ടി കോവിൽ റോഡ് റീ ടാറിംഗ് | 249640 |
| 26 | 573/21-ഡിവിഷൻ-29 ഉമാമഹേശ്വരി ക്ഷേത്രം കിഴുത്തള്ളി റോഡ് റീ ടാറിംഗ് | 399083 |
| 27 | 603/21 -ഡിവിഷൻ -28 ൽ പാതിരിപ്പറമ്പ് എ.കെ.ജി.റോഡിൽ പാർശ്വഭിത്തിക്ക് കൈവരി നിർമ്മാണം. | 189674 |
| 28 | 648/21- ഡിവിഷൻ 23 -കനകവല്ലി റോഡ് ജയൻ വക്കീലിന്റെ വീടിനു സമീപം റോഡ് റീ ടാറിംഗ്. | 349198 |
| 29 | 649/21- ഡിവിഷൻ 23 കാട്ടച്ചോൽ വടക്കേ വളപ്പ് റോഡ് റീ ടാറിംഗ്. | 118321 |
| 30 | 650/21-ഡിവിഷൻ 23 മുണ്ടയാട് വയൽ റോഡ് റീ ടാറിംഗ്. | 309881 |
| 31 | 671/21- ഡിവിഷൻ 21-ൽ എളയാവൂർ റൂറൽ വർക്കേഴ്സ് കോളനിയിൽ സാംസ്കാരിക നിലയം പുനരുദ്ധാരണം. | 69917 |
| 32 | 681/21 ഡിവിഷൻ-29ൽ ചാലിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് | 435000 |
| 33 | 697/21 ഡിവിഷൻ 23ൽ താർ റോഡ്എളയാവൂർ അമ്പലം റോഡ് റീടാറിംഗ്. | 1089199 |
| 34 | 704/21- ഡിവിഷൻ 26-ൽ ഇ.എം.എസ് റോഡ് സൈഡ് ഐറീഷ് ഡ്രെയിൻ | 26000 |

| | | |
|---|---|---|
| 35 | 707/21- ഡിവിഷൻ-27 ൽ ബൈബിൾ ഭവൻ -പ്രത്യാശ ഭവൻ പിറക് വശം കരിക്കൻ പറമ്പ് -പനയം പറമ്പ് റോഡ് റീ ടാറിംഗ്. | 386391 |
| 36 | 714/21-ഡിവിഷൻ 29 ൽ കിഴക്കേക്കര പോലീസ് നഗർ ഹൗസിംഗ് കോളനി റോഡ് | 360000 |
| 37 | 724/21-ഡിവിഷൻ-29 ൽ പാട്യം ഗോപാലൻ എ.കെ.ജി ക്ലബ് റോഡ് റീ ടാറിംഗ്. | 524181 |
| 38 | 729/21- ഡിവിഷൻ 23-ൽ കാട്ടമച്ചാൽ പന്നിക്കുന്ന് റോഡ് റീ ടാറിംഗ് | 680000 |
| 39 | 733/21-എളയാവൂർ സോണൽ വാർഡ് 28 ലെ ഹരിജൻ കോളനി ഫുട്പാത്ത് കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം. | 1230776 |
| 40 | 734/21- സിൽവർ സ്റ്റാർ എടചൊവ്വ വയൽ റോഡ് റീ ടാറിംഗ്/ടാറിംഗ്/ സംരക്ഷണ ഭിത്തി നിർമ്മാണം. | 912390 |
| 41 | 737/21-മട്ടന്നൂർ റോഡ് എടചൊവ്വ വയൽ റോഡ് റീടാറിംഗ് | 568229 |
| 42 | 738/21- അതിരകം ഹോമിയോ ഡിസ്പൻസറി മയ്യാല പീടിക കനാൽ റോഡ് ടാറിംഗ്. | 700000 |
| 43 | 743/21- റീ ടാറിംഗ് ആന്റ് പ്രോവിടിങ്ങ് ഡ്രൈൻ അറ്റ് ചാലക്കുന്ന് ബൗണ്ടറി റോഡ് | 79034 |
| 44 | 744/21 എടചൊവ്വ അംഗനവാടിക്ക് മുകളിൽ സാസ്കാരിക നിലയം പണിയൽ | 478426 |
| 45 | 745/21-ഇരുപത്തി രണ്ടാം ഡിവിഷനിൽ വാണീവിലാസം കുടത്തിൽ താഴെ റോഡ് പുനരുദ്ധാരണം. | 91046 |
| 46 | 749/21 -എളയാവൂർ സോണൽ 28 വാർഡ് പാതിരിപ്പറമ്പ് പഞ്ചായത്ത് കിണർ മുൻവശം . പാതിരിപ്പറമ്പ് അങ്കണവാടി ഫുട്പാത്ത് കോൺക്രീറ്റ് | 190000 |
| 47 | 750/21-ഡിവിഷൻ 27 ൽ ഭാർഗവ മന്ദിരം ഇടചൊവ്വ വയൽ റോഡ് റീ ടാറിംഗ് | 260000 |
| 48 | 752/21- ഡിവിഷൻ 27-ൽ | 239949 |

| | | |
|---|---|---|
| | ഇ.എം.എസ് റോഡ് റീ ടാറിംഗ് | |
| 49 | 753/21-ഡിവിഷൻ 22 ൽ പുനക്കൽ പുത്തലത്ത് റോഡ് റീ ടാറിംഗ് | 650548 |
| 50 | 755/21-ഡിവിഷൻ -22 ൽ ഗ്രാമീൺ ബാങ്ക് റോഡ് നെല്ലിക റീ ടാറിംഗ്. | 204881 |
| 51 | 758/21-ഡിവിഷൻ 21ൽ ചന്ത്രോത്ത് പീടിക കച്ചേരി വളപ്പ് റോഡ് റീ ടാറിംഗ്. | 233332 |
| 52 | 762/21 – ഡിവിഷൻ 24 ൽ കണ്ണോത്ത്മുക്ക് എടചൊവ്വ റോഡ് റീ ടാറിംഗ്. | 84967 |
| 53 | 765/21 -ഇ.എം.എസ് റോഡ് ബാക്കി ഭാഗം റീ താറിംഗ് | 239151 |
| 54 | 766/21-ഡിവിഷൻ -24 ൽ ഗ്രാമീണവായനശാല പൌണ്ട് അതിരകം യു.പി.സ്കൂൾ റോഡ് റീ ടാറിംഗ്. | 863369 |
| 55 | 767/21-മൈലപ്രം ആശാരി ബാലസൺ വീട് മുതൽ ഭാനുമതി ടീച്ചറുടെ വീട് വരെ ഇടവഴി റോഡ് ടാറിംഗ്. | 560000 |
| 56 | 768/21-എളയാവൂർ സോൺ വാർഡ് 28 കസ്തൂരിച്ചാൽ കണ്ടൻചാൽ റോഡ് ടാറിംഗ് കലുങ്ക് നിർമ്മാണം. | 850000 |
| 57 | 1220/21-ഡിവിഷൻ 24 ൽ അതിരകം യു.പി.സ്കൂൾ മയ്യാല പീടിക കനാൽ റോഡ് ടാറിംഗം. | 300000 |
| 58 | 1305/21-ഡിവിഷൻ 27ൽ അമ്പൻ മുക്ക് എടചൊവ്വ വയൽ റോഡ് ബാക്കി ഭാഗം കോൺക്രീറ്റ്. | 300000 |
| 59 | 1336/21-അമ്പൻമുക്ക് എടചൊവ്വ വയൽ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് | 59974 |
| 60 | 1339/21-വാർഡ് 23 പന്നികുന്ന് കാട്ടമച്ചാൽ റോഡ് ടാറിംഗ്. | 59519 |
| | ആകെ | 2,34,20,527 |

4)നിർവ്വഹണ ഉദ്യോഗസ്ഥൻ-പ്രീയ ആർ നായർ-( അസി.എഞ്ചിനീയർ)

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 54/21 | ഹാരീസ് ഡോക്ടർ വീട് മുതൽ ഷൈജ വീട് വരെ റീടാറിംഗ്-ഡിവിഷൻ-11 | 2,81,204 | 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമാ യിട്ടുള്ള ഓഡിറ്റ് നോട്ടീസ് നം. കെഎസ്എ-കെ.എൻ.സി/ബി1/148/ 2022, തീയതി 5-4-2022 (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 11(3), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 5, എന്നിവ പ്രകാരമുള്ളത്) സ്ഥാപന നിർവ്വഹണാധികാരി എന്ന നിലയിൽ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ട ുള്ളതാണ്. തുടർന്ന് 2020-21 വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ആവശ്യപ്പെട്ട കൊണ്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം കെ.എസ്.എ/ കെ.എൻ.സി/ബി1/ AR-24/2022 തിയതി. 10.03.2022 നമ്പരായി ഓഡിറ്റ് റിക്വിസിഷനും കൈമാറിയിട്ടുണ്ട്. എന്നിട്ടും പ്രവൃത്തി കളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല |
| 2 | 58/21 | ഡിവിഷൻ 11 ൽ കൊട്ടക്കകം കനാൽ റോഡ് മുതൽ രാഘവൻ വീട് വരെ റീ ടാറിംഗ് | 1,39,523 | |
| 3 | 60/21 | ഡിവിഷൻ 13-ൽ ഗായത്രി ടാക്കീസ് ശാദുലിപള്ളി മുതൽ യുവധാര ക്ലബ്ബ് വരെ റീ ടാറിംഗ് സൈഡ് കോൺക്രീറ്റിങ്ങ് | 4,39,624 | |
| 4 | 89/21 | ഡിവിഷൻ 11-ൽ നമ്പ്യാർമൊട്ട റോഡ് മുതൽ കനാൽ റോഡ് വരെയുള്ള ഫുട്പാത്ത് നവീകരണം | 3,50,000 | |
| 5 | 94/21 | ഡിവിഷൻ 6 ൽ ചെട്ടിപീടിക ഗാന്ധി സ്ട്രീറ്റ് ഫുട്പാത്ത് കോൺക്രീറ്റിംഗ് | 1,35,725 | |
| 6 | 101/21 | ഡിവിഷൻ 12 ൽ ഒണ്ടേൻ പറമ്പിൽ ഗ്യാസ് ഗോഡൗൺ റോഡ് സൈഡ് കോൺക്രീറ്റിങ്ങ് | 1,36,060 | |
| 6 | 118/21 | ഡിവിഷൻ 11 ൽ കുനിയിൽ പീടിക റോഡ് മുതൽ പരപ്പിൻ മൊട്ടവരെയുള്ള ഫുട്പാത്ത് കോൺക്രീറ്റിങ്ങ് | 3,39,274 | |
| 7 | 122/21 | അത്താഴക്കുന്ന് മാപ്പിള എൽ.പി.സ്കൂൾ റോഡ് റീ താറിംഗ് | 3,03,694 | |
| 8 | 186/21 | ഡിവിഷൻ 11 ൽ കണ്ടമ്പേത്ത് കരുണാകരൻ റോഡ് ട്രാൻസ്ഫോർമർ മുതൽ എം.സി ചന്ദ്രൻ വീട് വരെ ടാറിംഗ്/ റീടാറിംഗ് | 1,08,103 | |
| 9 | 190/21 | പി.പി.ലക്ഷ്മണൻ റോഡ് റീ താറിംഗ് | 4,28,773 | |
| 10 | 426/21 | ഡിവിഷൻ 13 ലും 9 ലും ഉള്ള അത്താഴക്കുന്ന് കല്ലുകെട്ട് ചിറ റോഡ് റീടാറിംഗ് | 9,29,124 | |
| 11 | 482/21 | ഡിവിഷൻ 11 ൽ കൊറ്റിയത്ത് റോഡ് അമൃദ ഡോക്ടർ വീട് മുതൽ കരിമ്പിൻ തോട്ടം വരെ റോഡ് റീതാറിംഗ് | 2,98,456 | |

| | | | | |
|---|---|---|---|---|
| 12 | 665/21 | തീയ്യാടത്ത് റോഡ് മുതൽ കനാൽ റോഡ് വരെ ടാറിംഗ്-ഡിവിഷൻ-9 | 2,00,000 | |
| 13 | 667/21 | കക്കാട് നോർത്ത് ഡിവിഷനിലെ സായിപ്പ റോഡ് റീ ടാറിംഗ് വൈഡനിംഗ് | 1,49,459 | |
| 14 | 668/21 | ഡിവിഷൻ 13 ൽ കാരക്കാടൻ പ്രകാശൻ വീട് മുതൽ കല്ലൻ പത്മിനിവീട് വരെ റീ ടാറിംഗ്, ബ്രാഞ്ച് റോഡ് ടാറിംഗ് ഇന്റർ ലോക്കിങ്ങ് | 7,71,065 | |
| 15 | 678/21 | ഡിവിഷൻ 7 ൽ രാമതെരു ഡോക്ടർ വീട് മുതൽ ജയന്റെ വീട് വരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് | 1,45,020 | |
| 16 | 932/21 | വട്ടവളപ്പ് റോഡ് റീ ടാറിംഗ് &കോൺക്രീറ്റിംഗ്-ഡിവിഷൻ.8 | 8,37,073 | |
| 17 | 944/21 | ബാങ്ക് നഗർ ഹൌസിംഗ് കോളനി സെക്ടർ റോഡ് ടാറിംഗ്-ഡിവിഷൻ-12 | 5,28,468 | |
| 18 | 946/21 | ഡിവിഷൻ -7 ൽ ടി.സി ശ്രീധരന്റെ വീട് മുതൽ ടി.കെ.ഗിരീശന്റെ വീട് വരെ ഫുട്പാത്ത് നിർമ്മാണം. | 8,00,000 | |
| 19 | 948/21 | പുഴാതി എച്ച്.എസ്.എസ്. അറ്റകുറ്റപ്പണി | 9,96,035 | |
| 20 | 949/21 | സാധുബീഡി കമ്പനി ശ്രീനാരായണ സ്കൂൾ റോഡ് | 9,70,538 | |
| 21 | 1061/21 | ഓലച്ചേരി രാമചന്ദ്രന്റെ വീട് മുതൽ ശ്രീവൽസൻ വീടിന്റ മുൻവശംവരെ ടാറിംഗും റീ ടാറിംഗും ഡിവിഷൻ 7 | 39,116 | |
| 22 | 1091/21 | ഡിവിഷൻ 9 ൽ സാംസ്കാരികനിലയം റോഡ് റീടാറിംഗ് | 7,26,379 | |
| 23 | 1316/21 | ഡിവിഷൻ 9 ൽ കൊറ്റാളി സാംസ്കാരിക നിലയം റോഡ്മുതൽ കല്ലുകെട്ട് ചിറ വരെറീ ടാറിംഗും ഗിരിജൻകട മുതൽ കാണ്ടൻ റോഡ് വരെ കോൺക്രീറ്റിംഗും താറിംഗും | 9,03,361 | |
| | | ആകെ | 1,09,56,074 | |

1-73 കരാർ ചമയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിർദ്ദേശിച്ച പ്രകാരമുള്ള സമയപരിധിക്കകം കരാർ ചമച്ചിട്ടില്ല. (ജി.ഒ(പി)13/2012/പിഡബ്ള്യൂഡി/01.02.12) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖ.2009.6) കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാറുടമ്പടി വയ്ക്കാത്തപക്ഷം 10 ദിവസം വരെ കരാർ തുകയുടെ 1 ശതമാനം പലിശ ഈടാക്കേണ്ടതാണ്. 10 ദിവസം കഴിഞ്ഞ് കരാർ വയ്ക്കാത്ത കരാറുകാരുടെ കരാർ റദ്ദാക്കേണ്ടതാണ്. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരെ നിശ്ചിത സമയപരിധിക്ക ശേഷം കരാർ ചമക്കാനം പ്രവൃത്തി ചെയ്യാനം അനവദിച്ചത് ഗുരുതരമായ അപാകമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ 1 ശതമാനം പിഴ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1)നിർവ്വഹണ ഉദ്യോഗസ്ഥൻ -പ്രിയ നായർ ( അസിസ്റ്റന്റ് എഞ്ചിനീയർ)

| ക്രമ നം | പ്രോജക്ട് | കരാറുകാരൻ | കൗൺസിൽ തീരുമാനം | സെലക്ഷൻ നോട്ടീസ് നം/ തീയതി | കരാർ തീയതി/ കരാർ തുക | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|---|
| 1 | 1278/21 നല്ലാനി പീടിക മുതൽ ഷാജിയുടെ വീട് വരെ ടാറിംഗ് | ഇ.ഷമൽ | 19/16.12.2019 | A4/119/20 തീയതി. 23.12.2019 | 19.02.2020/ 1,54,411 | 1,544 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1317/21 മണ്ടൂർകാവ് ഫുട്പാത്ത് കോൺക്രീറ്റിംഗ് ഡിവിഷൻ-11 | എസ്.മനോജ് കുമാർ | 19/16-12-2019 | PZA4/1951/20 തീയതി. 23.12.2019 | 17-01-2020/ 4,45,921 | 4,459 |
| 3 | 351/21 കാനം പീടിക രാഘവൻ വീട് നടപ്പാത പുനരുദ്ധാരണം-ഡിവിഷൻ-6 | ഇ.ഷമൽ | 20/06-11-2020 | PZA4/2660/20 തീയതി. 11.11.2020 | 16-12-2020/ 1,71,800 | 1,718 |
| 4 | 188/21 പുഴാതി സോണലിൽ 129,133,134 നമ്പർ അംഗനവാടികൾക്ക് അറ്റകുറ്റപ്പണി. | എസ്. മനോജ് കുമാർ | 70/06-12-2018 | PZA4/5549/18 തീയതി. 12-12-2018 | 28-01-2019/ 1,49,815 | 1,498 |
| 5 | 1165/21 .അംബേദ്കർ കോളനിറോഡ് റീ ടാറിംഗും ഡ്രെയിൻ നവീകരണവും, ഡിവിഷൻ-9 | എസ്.മനോജ് കുമാർ | 49/14.01.2020 | PZA4/2973/20 തീയതി. 28-01-2020 | 20-02-2020/ 6,09,685 | 6097 |
| 6 | 1100/21 ധനലക്ഷ്മി കമ്പനി കനാൽ റോഡ് വീതി കൂട്ടലും റീടാറിംഗും ഫുട്പാത്ത് നിർമ്മാണവും ഡിവിഷൻ-12 | എസ്.മനോജ് കുമാർ | 19/16-12-2019 | PZA4/1950/20 തീയതി 23-12-2019 | 17-01-2020/ 4,68,573 | 4686 |
| 7 | 1106/21 ജനകീയ റോഡ് റീ ടാറിംഗ് ഡിവിഷൻ-8 | ഇ.ഷമൽ | 30/14-11-2019 | PZA4/1960/20 തീയതി.12.12.2019 | 03.02.2020 601276.64 | 6,013 |
| | ആകെ | | | | | 26,015 |

2)നിർവ്വഹണ ഉദ്യോഗസ്ഥൻ- അലസ്റ്റർ ജോസഫ് വാൻഡ്രേക്ക്(അസിസ്റ്റന്റ് എഞ്ചിനീയർ)

| ക്രമ നം | പ്രോജക്ട് | കരാറു കാരൻ | കൗൺസിൽ തീരുമാനം | സെലക്ഷൻ നോട്ടീസ് നം/ തീയതി | കരാർ തീയതി/ കരാർ തുക | ഈടാ ക്കേണ്ട പിഴ തുക |
|---|---|---|---|---|---|---|
| 1 | 818/21 ചൊവ്വ ഡിവിഷനിൽ ഫോറസ്റ്റ് ഓഫീസിന്റെ സൈഡിൽ കൂടി യുള്ള റോഡ് | പ്രജീഷ്. കെ വി | 36/14-11-2019 | E1/26009/19 തീയതി. 15-11-2019 | 10-12-2019/ 4,70,459.46 | 4705 |

| | | | | | | |
|---|---|---|---|---|---|---|
| | റീടാ റിംഗ് | | | | | |
| 2 | 1343/21 ചൊവ്വ ഡിവിഷനിൽ അമ്പൻ ജയന്റെ വീടിനു സമീപം റോഡ് കോൺക്രീറ്റ് | മുഹമ്മദ് ഹാഷിഖ് | 37/14-11-2019 | E1/25880/19 തീയതി. 20-11-2019 | 10-12-2019/ 3,17,621.17 | 3176 |
| 3 | 824/21 വെത്തില പള്ളി ഡിവിഷനിൽ SFS സ്കൂൾ റോഡിൽ നിന്നും കമ്പി ചന്ദ്രൻ വീട് മുതൽ ഐക്കാൻ വളപ്പിൽ ഷഹനാസ് വീട് വരെ ടാറിംഗ്- റീ ടാറിംഗ് | എം ടി മുഹമ്മദ് കുഞ്ഞി | 96/14-11-2019 | E1/27747/19 തീയതി. 15-11-2019 | 26-12-2019/ 11,38,070.31 | 11,381 |
| 4 | 167/21 വെത്തി ലപള്ളി ഡിവിഷനിൽ ഷംസൂന്റെ വീട് മുതൽ ഖയറൂ ന്റെ വീട് വരെ റോഡ് റീ ടാറിംഗ് | ദേവസ്യ ടി.ഡി | 28/16-12-2019 | E1/28410/19 തീയതി. 28-12-2019 | 28-01-2020/ 1,78,122.03 | 1781 |
| 5 | 166/21 വെത്തില പള്ളി ഡിവിഷനിൽ പൂത്തോട്ട കാവിന്റെ മുൻഭാഗത്തുള്ള റോഡ് റീ ടാറിംഗ് | ദേവസ്യ ടി.ഡി | 28/16-12-2019 | E1/25882 /19തീയതി. 28-12-2019 | 28-01-2020/ 1,78,567 | 1786 |
| 6 | 165/21 വെത്തില പള്ളി ഡിവിഷനിൽ പൂത്തോട്ട കാവ്അസീമി ന്റെ വീടിന്റെ വലതു ഭാഗ ത്തുള്ളറോഡ്ടാറിംഗ് -റീടാറിംഗ് | ദേവസ്യ ടി.ഡി | 28/16-12-2019 | E1/27005/19 തീയതി 13-12-2019 | 28-01-2020/ 1,21,718.80 | 1217 |
| | ആകെ | | | | | 24,046 |

3)നിർവ്വഹണ ഉദ്യോഗസ്ഥൻ-ഷാജിൽ.ടി(അസിസ്റ്റന്റ് എഞ്ചിനീയർ-III)

| ക്രമ നം | പ്രോജക്റ്റ് | കരാറു കാരൻ | കൗൺസിൽ തീരുമാനം | സെലക്ഷൻ നോട്ടീസ് നം/ തീയതി | കരാർ തീയതി / കരാർ തുക | ഈടാ ക്കേണ്ട പിഴ തുക |
|---|---|---|---|---|---|---|
| 1 | 356/21 കസനക്കോട്ട ഡിവിഷനിൽ മന്നത്തുവീട്ട മുതൽ ലുലു വീട്ടുവരെ റോഡ് റീടാറിംഗ് | ദേവസ്യ ടി.ഡി | 44/25-08-2020 | E5/16340 /20തീയതി.14-09-2020 | 03-11-2020/ 4,00,627.21 | 4006 |
| 2 | 688/21 കാനത്തൂർ ഡിവിഷനിൽ ബി.ആർ.ബി പ്രസ്സ് | സുനിൽ കുമാർ കെ.എം | 29/14-11-2019 | E5/27426 /19തീയതി.18-11-2019 | 09-12-2019/ 2,67,608.00 | 2676 |

| | | | | | | |
|---|---|---|---|---|---|---|
| | മുതൽ മേസ്തിരിയുടെ വീട്ടുവരെ കോൺക്രീറ്റിംഗ് | | | | | |
| 3 | 159/21 കാനത്തുർ ഡിവിഷനിൽ ഡോക്ടർ വേണുഗോപാലിന്റെ വീട്ട മുതൽ ആർട്ടിലറി റോഡ് വരെ ഓവുചാൽ പുനരുദ്ധാരണം | ദേവസ്യ ടി.ഡി | 29/14-11-2019 | E5/26991 /19തീയതി.18-11-2019 | 27-12-2019/ 5,72,757.40 | 5728 |
| 4 | 157/21 കസനക്കോട്ട ഡിവിഷനിൽ മുഴത്തടം സുഭാഷ് റസിഡൻസ് മുതൽ അഴീക്കോടൻ നാരായണന്റെ വീട്ടുവരെ റോഡ് റീ ടാറിംഗ് | ദേവസ്യ ടി.ഡി | 68/04-11-2019 | E5/26980 /19തീയതി.08-11-2019 | 27-12-2019/ 4,84,756.14 | 4848 |
| 5 | 833/21 കസനക്കോട്ട ഡിവിഷനിൽ മുഴത്തടം കച്ചേരി ഹൗസിനടുത്തും വട്ടത്തുവീടിനടുത്തും നടപ്പാത പുനരുദ്ധാരണം | ദേവസ്യ ടി.ഡി | 29/14-11-2019 | E5/26262 /19തീയതി.18-11-2019 | 27-12-2019/ 2,67,370.11 | 2674 |
| | ആകെ | | | | | 19932 |

1-74 വാർഷിക തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സുതാര്യമായി നടപ്പിലാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 116/21 (സ്പിൽ ഓവർ) വാർഷിക തെരുവ് വിളക്ക് അറ്റകുറ്റപ്പണി-2019/20 |
| ഫയൽ | ഇ5-12036/17,20024/19(2),20024/19(5),20024/19(3),20024/19(8),20024/19(4),20024/19(1), 20024/19(6 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവ് തുക | |
|---|---|---|---|
| തനതു ഫണ്ട് | 1200000 | ഇല്ല | |
| മെയിന്റനൻസ് ഗ്രാന്റ് | 5981900 | എളയാവൂർ | 797250 |
| | | കണ്ണൂർ സർക്കിൾ I | 393000 |
| | | പുഴാതി | 913358 |
| | | ചേലോറ | 686530 |
| | | കണ്ണൂർ സർക്കിൾ III | 284000 |

| | | | |
|---|---|---|---|
| | | എടക്കാട് | 1157875 |
| | | പള്ളികുന്ന് | 628760 |
| | | കണ്ണൂർ സർക്കിൾ II | 245000 |
| ആകെ | 71,81,900 | 51,05,773 | |

മേൽ പ്രോജക്ട് പ്രകാരം പഴയ നഗരസഭാ പ്രദേശത്തും കൂട്ടിച്ചേർക്കപ്പെട്ട 5 സോണൽ ഓഫീസ് പരിധികളിലുമായി തെരുവ് വിളക്ക് റിപ്പയർ നടത്തുന്നതിനായി ടെൻഡർ വിളിച്ച് സ്വകാര്യവ്യക്തികൾക്ക് കരാർ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2011 ലെ നം.3055/ഡിഎ3/11 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടപ്പാക്കുന്നതിന് മുമ്പായി നഗരസഭയും കെഎസ്ഇബിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ഇലക്ട്രിക്കൽ സെക്ഷനുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തിയപ്പോൾ ലഭിച്ച തെരുവു വിളക്കുകളുടെ എണ്ണം ലഭ്യമാക്കേണ്ടതാണ്.ഇത് പ്രകാരമാണ് കരാർ നിശ്ചയിച്ചതെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല

കരാറുകാരന് ഓരോ മൂന്ന് മാസം കണക്കുകൂട്ടി ഓരോ പാർട്ട് ബിൽ തുക നൽകുമ്പോഴും കരാർ കാലയളവിൽ ടിയാൻ ഓരോ വാർഡിലും ചെയ്ത റിപ്പയർ പ്രവൃത്തികൾ സംബന്ധിച്ച് അതാത് വാർഡ് കൗൺസിലർമാർ രേഖാമൂലം സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. ഇതിൻ പ്രകാരം കൗൺസിലർമാർ നൽകിയ റിപ്പയർ പ്രവൃത്തികളുമായി ബന്ധപ്പെട്ട സാക്ഷ്യപത്രത്തിൽ റിപ്പയർ ചെയ്ത പ്രവൃത്തികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല,ആയത് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ കരാർ നിബന്ധന (10) പ്രകാരമുള്ള പരാതി രജിസ്റ്റർ സൂക്ഷിക്കുവാനും പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-75 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

കണ്ണൂർ കോർപ്പറേഷനിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പേരിൽ എസ്.ബി.ഐ, കണ്ണൂർ സിവിൽ സ്റ്റേഷൻ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 00000067376454234) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 08.06.2022 വരെ ലഭിച്ച 5695493/- രൂപയുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക നാളിതുവരെ കൈമാറിയിട്ടില്ല. ഈ അക്കൗണ്ടിലുള്ള തുക നഗരസഭ അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-76 പയ്യാമ്പലം ശ്മശാനം അപാകതകൾ

A)പയ്യാമ്പലം - ശാന്തിതീരം ശ്മശാനം (നടത്തിപ്പും പരിപാലനവും സൂക്ഷിപ്പും ) ഉപനിയമങ്ങൾ -2017 പ്രകാരമുള്ള പരിശോധന റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

1) പയ്യാമ്പലം - ശാന്തിതീരം ശ്മശാനം (നടത്തിപ്പും പരിപാലനവും സൂക്ഷിപ്പും) ഉപനിയമങ്ങൾ -2017 ലെ

അധ്യായം 3 ക്രമനമ്പർ 3 പ്രകാരം ശ്മശാനത്തിന്റെ പ്രവർത്തനക്ഷമത എല്ലാ മാസാന്ത്യത്തിലും സാങ്കേതിക വിഭാഗം മേധാവി പരിശോധിക്കേണ്ടതും ആയതു സംബന്ധിച്ച ഒരു റിപ്പോർട്ട് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

2) മേൽ ഉപനിയമത്തിലെ അധ്യായം 3 ക്രമനമ്പർ 4,5 എന്നിവ പ്രകാരം സാങ്കേതികവിഭാഗം മേധാവി ശ്മശാനത്തിന്റെ സാങ്കേതിക ക്ഷമതയും പശ്ചാത്തലസൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി പബ്ലിക്ക് വർക്ക്സ് ഓവർസിയറെ നിയോഗിച്ചിരിക്കേണ്ടതും പബ്ലിക്ക് വർക്ക്സ് ഓവർസിയർ ആയതു മാസാന്ത്യപരിശോധന നടത്തി റിപ്പോർട്ട് സാങ്കേതിക വിഭാഗം മേധാവിക്ക് കൈമാറേണ്ടതുമാണ്.പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

3) അധ്യായം 3 ക്രമനമ്പർ 8 പ്രകാരം ശ്മശാനത്തിന്റെ ഉപഭോക്തൃഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ആരോഗ്യവിഭാഗത്തിൽ സൂക്ഷിക്കേണ്ടതും ആയതു മാസാന്ത്യത്തിൽ റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മേലൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ ഹാജരാക്കിയ രജിസ്റ്ററിൽ റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മേലൊപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

4)അധ്യായം 3 ക്രമനമ്പർ 1 പ്രകാരം ശ്മശാനവും പരിസരവും വൃത്തിയുള്ളതും ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചു പരിപാലിക്കേണ്ടതിനു ആവശ്യമായ നിർദ്ദേശങ്ങൾ നടത്തിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥനും ജീവനക്കാർക്കും ആരോഗ്യവിഭാഗം മേധാവി നൽകിയിരിക്കേണ്ടതും ഇത് സംബന്ധിച്ച മാസാന്ത്യ റിപ്പോർട്ട് ആരോഗ്യ വിഭാഗം മേധാവി തയ്യാറാക്കേണ്ടതും സെക്രട്ടറി ആയത് പരിശോധിച്ച് മേലൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ ഇപ്രകാരമുള്ള ഒരു റിപ്പോർട്ട് ഓഡിറ്റിൽ സമർപ്പിച്ചിട്ടില്ല.റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മേൽപ്പറഞ്ഞ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

B)സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിൽ പരിപാലിക്കുന്നില്ല .

പയ്യാമ്പലം വാതക ശ്മശാനത്തിൽ നിലവിൽ ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള സ്റ്റോക്ക് രജിസ്ററർ കൃത്യതയാർന്ന രീതിയിൽ പരിപാലിക്കുന്നതായി കാണുന്നില്ല. ലഭ്യമാക്കിയ ഗ്യാസ് സിലിണ്ടറുകളിൽ എത്ര എണ്ണം ഉപയോഗിച്ചു എന്നതിനെപ്പറ്റി വ്യക്തമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ലഭിക്കുന്നില്ല. 06/08/2021 ന് രശീതി നം 2443125 പ്രകാരം 19 ഗ്യാസ് സിലിണ്ടർ ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻബാക്കിയുള്ള 18/02/2021 ലെ ബിൽ നം 1387153 പ്രകാരം വാങ്ങിച്ച 40 ഗ്യാസ് സിലിണ്ടർ കൂടി കൂട്ടിയാൽ 06/08/2021 ന് ആകെ 59 (40+19) ഗ്യാസ് സിലിണ്ടർ സ്റ്റോക്കിൽ ഉള്ളതായി രജിസ്റ്ററിൽനിന്ന് വ്യക്തമാവുന്നുണ്ട്.ഇതിൽ മുഴുവൻ ഗ്യാസ് സിലിണ്ടറും ഉപയോഗിച്ചതായി ജെ.എച്ച്.ഐ. റിമാർക്സ് കോളത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ 12/08/2021 ന് ലഭ്യമായ 20 ഗ്യാസ് സിലിണ്ടർ ഉൾപ്പെടെ 79 എണ്ണം( 20+59) സ്റ്റോക്കിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയതിൽ പൊരുത്തക്കേട് ഉള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു.ഇത് സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്. ഗ്യാസ് വാങ്ങുന്നത് സംബന്ധിച്ച വൗച്ചർ നമ്പർ/തിയതി,വൗച്ചർ പ്രകാരം ലഭ്യമായ ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം,ഗ്യാസ് സിലിണ്ടറുകളിൽ ഉപയോഗിച്ചതിന്റെ എണ്ണം , നീക്കിയിരുപ്പ് വിവരം എന്നിവ കൃത്യമായി വെളിവാക്കുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. പയ്യാമ്പലം ശ്മശാനവുമായി ബന്ധപ്പെട്ട് ശവദാഹത്തിന് വേണ്ടി എത്തിക്കുന്ന മൃതദേഹങ്ങളുടെ പേര് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നത് ഗ്യാസ് ക്രിമറ്റോറിയത്തിലാണോ, പരമ്പരാഗത രീതിയിലാണോ എന്നത് രേഖപ്പെടുത്തുന്നില്ല.അതുകൊണ്ട്തന്നെ മേൽപറഞ്ഞ കാലയളവിൽ എത്ര മൃതദേഹങ്ങൾ ഗ്യാസ് ക്രിമറ്റോറിയം വഴി സംസ്കരിച്ചു എന്നത് വ്യക്തമാവുന്നില്ല.

C)മൃതദേഹങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല – ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അളവ് വ്യക്തമല്ല

പയ്യാമ്പലം ശ്മശാനത്തിൽ 17/02/2020 മുതൽ 16/02/2021 വരെ ശവദാഹം നടത്തുന്നതിനായി 630 ടൺ കീറിയ വിറകും 55 ടൺ ചിരട്ടയും ഇറക്കിയതായി ഫയൽ നം E1-2745/16 പ്രകാരം വ്യക്തമാവുന്നുണ്ട്. എന്നാൽ വിറക് ,ചിരട്ട എന്നിവ ഉപയോഗിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ ഫയലിൽ നിന്ന് ലഭ്യമല്ല. ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് എത്ര കിലോഗ്രാം വിറക് ,എത്ര കിലോഗ്രാം ചിരട്ട ഉപയോഗിക്കുന്നു എന്നതിന് ആസ്പദമായ ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.അതിനാൽ തന്നെ ഒരു വർഷം ആവശ്യമായ വിറകിന്റെയും ചിരട്ടയുടേയും അളവ് നിജപ്പെടുത്തുന്നത് എങ്ങനെയെന്ന് വ്യക്തമല്ല. അതുകൊണ്ട് ഈ ഇനത്തിൽ എത്ര രൂപയാണ് ചിലവഴിക്കേണ്ടതെന്ന കാര്യത്തിൽ നഗരസഭയ്ക്ക് കൃത്യമായ നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നില്ല. ഇതുകാരണം പാഴ്ച്ചെലവുകൾ ഉണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നു .വിറകിന്റെയും ചിരട്ടയുടേയും ഉപയോഗത്തിന്റെ കൃത്യമായ കണക്ക് ലഭിക്കുന്നതിനാവശ്യമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.ശ്മശാനവുമായി ബന്ധപ്പെട്ട് ശവദാഹത്തിന് വേണ്ടി എത്തിക്കുന്ന മൃതദേഹങ്ങളുടെ പേര് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നത് ഗ്യാസ് ക്രിമറ്റോറിയത്തിലാണോ, പരമ്പരാഗത രീതിയിലാണോ എന്നത് രേഖപ്പെടുത്തുന്നില്ല.അതുകൊണ്ട്തന്നെ മേൽപറഞ്ഞ കാലയളവിൽ എത്ര മൃതദേഹങ്ങൾ പരമ്പരാഗത രീതിയിൽ സംസ്കരിച്ചു എന്നത് വ്യക്തമാവുന്നില്ല.

മേൽ സാഹചര്യത്തിൽ ഒരു മൃതദേഹം പരമ്പരാഗത രീതിയിൽ സംസ്കരിക്കാൻ എത്ര അളവ് വിറക് , ചിരട്ട എന്നിവയാണ് വേണ്ടത് എന്നും ഗ്യാസ് ക്രമറ്റോറിയത്തിൽ സംസ്കരിക്കാൻ എത്ര അളവ് ഗ്യാസ് ആണ് വേണ്ടത് എന്നും കണ്ടെത്തുന്നതിനായി ശ്മശാനം ജീവനക്കാർ ,ഹെൽത്ത് ഇൻസ്പെക്ടർ ,മറ്റ് സാങ്കേതിക വിഭാഗം ജീവനക്കാർ ,ഇതുമായി ബന്ധപ്പെട്ട മറ്റുള്ളവർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് അളവ് നിർണ്ണയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-77 നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം- റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭാ സെക്രട്ടറിയുടെ പേരിൽ പെൻഷൻ ഫണ്ടിനായി (ടിപിഎ624) എന്ന അക്കൗണ്ട് നിലവിലുണ്ട്. ചട്ടം 9(3) പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തുക ധനകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭകൾക്ക് നൽകേണ്ടതാണ്. ഈയിനത്തിൽ 2020-21 വർഷം 1,05,60,233/- രൂപ ലഭ്യമായിട്ടുണ്ട്.

നഗരസഭയിൽ നിന്നും 2020-21 ൽ 9 പേർ വിരമിച്ചു. ആകെ 132പേരാണ് നിലവിൽ പെൻഷൻ കൈപ്പറ്റുന്നത്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. കണ്ണൂർ കോർപ്പറേഷൻ നിലവിൽ ഈ തുക ഒടുക്കി വരുന്നില്ല. അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക ലഭ്യമായാൽ മാത്രം സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക ഒടുക്കിയാൽ മതി എന്ന കൌൺസിൽ തീരുമാനത്തെ (14/03/2017 ലെ 34-ാം നമ്പർ തീരുമാനം) തുടർന്നാണ് തുക ഒടുക്കുന്നത് നിർത്തലാക്കിയത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 വർഷം ₹11,24,50,467 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കാൻ ബാക്കി ഉണ്ട് ഈ തുക ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടറെ വിവരം അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.AE-99/2020-21 B1 തി.31.05.2022) മറുപടി ലഭ്യമാക്കിയത്.

കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 309 പ്രകാരം സർക്കാരിലേക്ക് ഏതെങ്കിലുമൊരു തുക ഒടുക്കുന്നതിന് നിരന്തരം വീഴ്ചവരുത്തുന്ന പക്ഷം നഗരസഭഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് നിരോധനം ഏർപ്പെടുത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ പെൻഷൻ വിഹിതം

ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശരിയായ നടപടിയല്ല.

നാളിതുവരെ തനതു ഫണ്ടിൽ നിന്ന് പെൻഷൻ ഫണ്ടിലേക്ക് വകമാറ്റിയ കുടിശ്ശിക തുക, സർക്കാരിൽ നിന്ന് തിരികെ ലഭ്യമാക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-78 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്-നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി തൊട്ടടുത്തുള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ 'കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് 'എന്ന പേരിൽ പെൻഷൻ ഫണ്ട് ആരംഭിക്കുകയും ഓരോ മാസവും ജീവനക്കാരന്റെ മൊത്ത വേതനത്തിൽ നിന്നും 15 ശതമാനം വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിൽ നിന്നാണ് നൽകേണ്ടതെന്ന് മേൽ ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ തനതു ഫണ്ടിൽ നിന്നും പെൻഷൻ നൽകിവരുന്ന സമ്പ്രദായം തന്നെയാണ് കോർപ്പറേഷനിൽ ഇപ്പോഴും തുടർന്നുവരുന്നത്.

ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് ഭാവിയിൽ നഗരസഭയ്ക്ക് പെൻഷൻ നൽകുന്നതിന്റെ ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കും.
(പെൻഷൻ ഫണ്ട് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE99/2020-21/B1 തിയതി31.5.2022) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ലഭ്യമാക്കിയ മറുപടിയിൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഉൾപ്പെടുത്തുകയുണ്ടായില്ല.)

1-79 കോൺഫിഡൻഷ്യൽ റിപ്പോർട്ട് നടപടികൾ പാലിക്കുന്നതായി വ്യക്തമല്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 15(3) (ബി) പ്രകാരം സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കൽ, സെക്രട്ടറി തയ്യാറാക്കിയ മറ്റു ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിവ്യൂ ചെയ്യൽ എന്നിവ മേയറുടെ ചുമതലയാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദവിവരം ഹാജരാക്കുന്നതിനായി AE 61/20-21 തീയതി.30.04.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല.
വകുപ്പ് 17 പ്രകാരം മേയർ എല്ലാ സ്റ്റാന്റിങ്ങ് കമ്മറ്റിയിലും വോട്ടവകാശമില്ലാത്ത എക്സ് ഒഫിഷ്യോ അംഗമാണ്. മേൽ ഓഡിറ്റ് എൻക്വയറിയിൽ ഇത് സംബന്ധിച്ച വിശദവിവരവും തേടിയെങ്കിലും ആയതിനു മറുപടി ലഭിക്കുകയുണ്ടായില്ല.ചട്ടങ്ങൾ പാലിക്കുന്നതിലെ നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-80 ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 50(7) പ്രകാരം നഗരസഭാ സെക്രട്ടറി , സർക്കാർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ കണ്ണൂർ നഗരസഭയിൽ 1975-76 മുതലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ തുടർ നടപടി സ്വീകരിച്ച് അവസാനിപ്പിക്കാതെ നിൽക്കുകയാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന് വിരുദ്ധമായി ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണവും ഭാവിയിൽ സമയബന്ധിതമായി തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നആവശ്യം ഉന്നയിച്ച് AE.62/20-21 ,64/20-21 തീയ്യതി.30.04.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കുകയുണ്ടായില്ല.

കൂടാതെ 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും (ചട്ടങ്ങൾ) 14 (2) (3) എന്നിവ പ്രകാരം നഗരസഭക്ക് റിപ്പോർട്ട് ലഭിച്ച കഴിഞ്ഞാൽ ആയതിന്റെ പകർപ്പ് സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടു കൂടി ഒരു മാസത്തിനകം ഇതിലേക്ക് മാത്രമായി പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗം പരിഗണിക്കേണ്ടതും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് പ്രസക്ത പരാമർശങ്ങളിൽ വ്യക്തമായ തീരുമാനം എടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യവും നഗരസഭ കാലാകാലങ്ങളായി അവർത്തിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.ചട്ടം 15 ൽ നിർദ്ദേശിച്ചവിധം ഓഡിറ്റ് റിപ്പോർട്ട് പൊതുരേഖയാക്കി വാർഡ് കമ്മറ്റികളിൽ ചർച്ചാവിധേയമാക്കേണ്ടതും, നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് എന്ന നിർദ്ദേശവും നഗരസഭ പാലിച്ചു കാണുന്നില്ല.

## 1-81 പി.എം.എ .വൈ നഗരം-ലൈഫ് പദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും പ്രവർത്തന പുരോഗതിയുടെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയായാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ലൈഫ് പദ്ധതി . നഗര പ്രദേശങ്ങളിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനായി കണ്ണൂർ നഗരസഭയിലും വിജയകരമായി നടന്നവരുന്ന മേൽ പദ്ധതിയുടെ 2020-21 വർഷത്തെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2020-21 സാമ്പത്തീക വർഷം നഗരസഭയിൽ പി.എം.എ.വൈ നഗരം-ലൈഫ് പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭയുടെയും ഫണ്ടുകളുടെ വിനിയോഗവിവരം(വരവ്-ചെല്) എത്രയെന്ന് വ്യക്തമല്ല.

2. 2020-21 എത്ര ഗുണഭോക്താക്കൾക്ക് ധന സഹായം നൽകിയിട്ടുണ്ട്. ധനസഹായം നൽകിയതിന്റെയും, കൈപ്പറ്റിയതിന്റെയുംരേഖകൾ(ബില്ലുകൾ,ബിൽബുക്ക്,രജിസ്റ്റർഎന്നിവ) പരി ശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3 പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി ഗഡു തുകകൾ കൈപ്പറ്റി വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുണ്ടങ്കിൽ ആയവരുടെയും തുക കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. വീട് നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ(അംഗീകരിച്ച ഡി.പി.ആർ ഉൾപ്പെട്ടിട്ടുള്ളതും എം.ഐ.എസിൽ രേഖപ്പെടുത്തിയതുമായ) വാർഡ് അടിസ്ഥാനത്തിലുള്ള അന്തിമ ഗുണഭോക്തൃപട്ടിക ഹാജരാക്കിയിട്ടില്ല.

5.വീട് നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചവർ സ.ഉ(സാ.ധാ)നം2803/2016 തസ്വഭവ തീയ്യതി 4.10.2016ലെ ഖണ്ഡിക 111 ൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 200 /- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ ചമച്ചിട്ടില്ല.

6. ഭവന നിർമ്മാണത്തിന്റെ ഭാഗമായുള്ള സാമൂഹ്യ സംഘാടനത്തിൽ രൂപീകൃതമാവുന്ന വാർഡ് തല കമ്മിറ്റി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7.ഭവന നിർമ്മാണത്തിന് പുറം സഹായമായി സ്ഥാപനങ്ങൾ/വ്യക്തികൾ തുടങ്ങിയവർ സൗജന്യമായോ കുറഞ്ഞ നിരക്കിലോ നിർമ്മാണം ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ടെങ്കിൽആയതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല.

8.പി.എം.എ.വൈ . പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവനം ഒരു വർഷത്തിൽ പൂർത്തീകരിക്കേണ്ടതാണ്. കരാർചമച്ച് 6 മാസത്തിനകം ലിന്റെൽ ലെവൽ പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ ഭവന നിർമ്മാണം നടത്തുന്നുഎന്നുറപ്പുവരുത്തുന്നതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്.കൂടാതെപുരോഗതി വിലയിരുത്തുന്ന എക്സിക്യൂട്ടീവ് കമ്മറ്റി റിപ്പോർട്ട്

9.താഴെ തട്ടിലുള്ള സംഘാടനത്തിനും വിവരശേഖരണത്തിനും മോണിറ്ററിംഗിനും കുടുംബശ്രീ സംവിധാനം ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.

10.കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും തത്സമയ റിപ്പോർട്ടിംഗിനും ജിയോടാഗ് സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ/രേഖകൾ

ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ AE102/2020-21ബി1 തീയ്യതി 7.6.2022 ന് മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഭവന നിർമ്മാണം പദ്ധതി സുതാര്യമാക്കേണ്ടതാണ്.

## 1-82 അമൃത് പദ്ധതി - പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം - പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോകുന്നു.

കണ്ണൂർ നഗരസഭയിൽ നടപ്പിലാക്കുന്ന അടൽ മിഷൻ ഫോർ റിജുവനേഷൻ & അർബൻ ട്രാൻസ്ഫർമേഷൻ പദ്ധതി 2015-16 ൽ തുടങ്ങി 2019-20 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും തുടങ്ങിവെച്ച മുഴവൻ പ്രവർത്തികളും പൂർത്തീകരിക്കാൻ കഴിയാത്തതിനെ തുടർന്ന് പദ്ധതി കാലാവധി 2021-22 വരെ ദീർഘിപ്പിക്കുകയുണ്ടായി. എന്നാൽ ഇനിയും പൂർത്തിയാക്കാത്ത പദ്ധതികളുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു. അമൃത് പദ്ധതിക്കായി കണ്ണൂർ നഗരസഭയ്ക്ക് ലഭിച്ച 225.65 കോടി രൂപയിൽ 148.60 കോടി രൂപ (65.85 ശതമാനം) 2021 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

അർബൻ ലോക്കൽ ബോഡി വഴിയും കേരളാ വാട്ടർ അതോറിറ്റി വഴിയുമാണ് പ്രധാനമായും അമൃത് പദ്ധതിയുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കുന്ന പദ്ധതികൾ മിക്കതും പണിപൂർത്തിയായെങ്കിലും അർബൻ ലോക്കൽ ബോഡി വഴി നടപ്പിലാക്കുന്ന പദ്ധതികൾ പലതും ഇഴഞ്ഞു നീങ്ങുകയാണ്. മൾട്ടിലെവൽ കാർ പാർക്കിംഗ് , ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സ്ഥാപിക്കുന്ന സെപ്റ്റേജ് പ്ലാന്റിന്റെ നിർമ്മാണം എന്നിവയുടെ പ്രവർത്തി ശൈശവ ദശയിൽ തന്നെ തുടരുകയാണ്. നഗരസഭയിലെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന മൾട്ടിലെവൽ കാർ പാർക്കിംഗ് എന്ന പദ്ധതിക്ക് പ്രധാനമായും 3 സ്ഥലങ്ങളാണ് കണ്ടെത്തിയത്. ഇതിൽ ഒരു പദ്ധതി ഉപേക്ഷിക്കുകയും ബാക്കി രണ്ടെണ്ണത്തിന്റെ പ്രവൃത്തി മന്ദഗതിയിലുമാണ് നടക്കുന്നത്. സ്റ്റേഡിയം കോർണറിൽ ആരംഭിക്കുന്ന സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തി മാത്രമാണ് പൂർത്തിയായത് . ബാങ്ക് റോഡിൽ ആരംഭിക്കുന്ന സമുച്ചയത്തിന് വെറ്റഡ് ഡ്രോയിംഗ് ലഭിക്കാത്തതിനാൽ പ്രവർത്തി ആരംഭിക്കാനും കഴിഞ്ഞിട്ടില്ല.

ഡ്രയിനേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സീവറേജ് ആന്റ് സെപ്റ്റേജ് മേഖലയിൽ നടപ്പിൽ വരുത്തുന്ന പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പടന്നപ്പാലത്ത് ആരംഭിച്ച സീവറേജ് പദ്ധതിയുടെ പ്രവർത്തനം പ്രാരംഭ ദിശയിൽ തന്നെ നിൽക്കുകയാണ്. പദ്ധതി പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം AE101/2020-21ബി.1തീയ്യതി 3.6.2022 ന് മറുപടി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ആരംഭിച്ച് പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കാനും, നടപ്പിൽവരുത്തിയ പദ്ധതികൾ പരി പാലിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-83 നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ സേവന-വേതനങ്ങൾ ചട്ടപ്രകാരം കണക്കാക്കുന്നതിൽ വീഴ്ച

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന-വേതന വിവരങ്ങൾ രേഖപ്പെടുത്തുന്ന സേവന പുസ്തകത്തിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താതെയും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും രേഖപ്പെടുത്തലുകൾ നടത്തുന്നതായി സേവന പുസ്തക പരിശോധനയിൽവ്യക്തമാവുന്നു. ജീവനക്കാർക്ക് അനുവദിക്കുന്ന സമയബന്ധിത ഗ്രേഡുകൾ, നിയമാനുസൃതമുള്ള അവധികൾ,ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ശമ്പള നിർണ്ണയങ്ങൾ എന്നിവ കണക്കാക്കുമ്പോൾ ജീവനക്കാർ എടുത്ത അസാന്നിദ്ധ്യം (Absence) കുറവ് ചെയ്യാതെ ശമ്പളം നിർണ്ണയിക്കുന്നു. ഇപ്രകാരം തെറ്റായ രീതിയിൽ ശമ്പളം നിർണ്ണയിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കൂടാതെ അസാന്നിദ്ധ്യം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നത് കൃത്യമായ തീയ്യതി വെക്കാതെയും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താതെയുമാണ്.

ജീവനക്കാർക്ക് അനുവദിക്കുന്ന നിയമാനുസൃത അവധികൾ സേവനപുസ്തകത്തിലെ ബന്ധപ്പെട്ട കോള ങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. പരിവർത്തിതാവധി, ആർജ്ജിതാവധി

എന്നിവയുടെ അക്കൗണ്ടുകൾ മിക്ക സേവന പുസ്തകത്തിലും തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത് അതിനാൽ തന്നെ പരിവർത്തിതാവധി, ആർജ്ജിതാവധി എന്നിവ കണക്കാക്കിയതിൽ സുതാര്യതയും കൃത്യതയും ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

ജീവനക്കാർക്ക് അനുവദിക്കുന്ന വാർഷിക ഇൻക്രിമെന്റ് , ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായ ശമ്പള നിർണ്ണയം എന്നിവ കൃത്യമായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. സേവന പുസ്തകത്തിലെ അപാകങ്ങൾ റിട്ടയർമെന്റ് ചെയ്യുന്ന ജീവനക്കാരുടെ പെൻഷൻ നിർണ്ണയത്തിലും അപാകങ്ങൾ സംഭവിക്കുന്നതിന് കാരണമാവുന്നു. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-84 മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയില്ല ₹2247000 ചെലവ് തടസ്സപ്പെടുത്തുന്നു.

കോർപറേഷനിലെ വിവിധ ഉദ്യോഗസ്ഥർക്ക് താഴെപ്പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ നൽകുന്നു.

| തീയ്യതി | വൗച്ചർ നം | തുക | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഫയൽ നം |
|---|---|---|---|---|
| 4/12/2020 | 2317 | 100000 | ശ്രീ.ബിജു.പിവി.A.Ex.E | E2G127170/20 |
| 4/12/2020 | 2318 | 147000 | ശ്രീ.ബിജു.പിവി.A.Ex.E | G1 368/20 |
| 9/12/2020 | 2403 | 2000000 | ശ്രീമതി.അനിത.ഒ ഡെപ്യൂട്ടി സെക്രട്ടറി | A1-27143/20 |

കേരള ഫിനാൻഷ്യൽ കോഡ് (വോള്യം 1) ആർട്ടിക്കിൾ 99 പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി നൽകിയ തുകകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം കോർപറേഷനിലെ വിവിധ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മുൻ കൂറായി നല്കിയ ₹22,47,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ സൂചിപ്പിച്ച ആർട്ടിക്കിൾ പ്രകാരം അഡ്വാൻസായി കൈപ്പറ്റിയ തുകകൾക്ക് മൂന്ന് മാസ സമയ പരിധിക്കുള്ളിൽ അന്തിമബിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അഡ്വാൻസായി വാങ്ങിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുള്ള പക്ഷം ആ തുകയ്ക്ക് അഡ്വാൻസ് തിയതി മുതൽ തുക തിരിച്ചടക്കുന്ന തിയതി വരെയുള്ള കാലത്തേക്ക് 18% വാർഷിക പലിശ ഈടാക്കേണ്ടതായിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ അഡ്വാൻസ് തുക ക്രമീകരിച്ചത് സംബന്ധിച്ച അന്തിമബിൽ സമർപ്പിക്കാത്ത പക്ഷം, അഡ്വാൻസായി വാങ്ങിയ മുഴുവൻ തുകയും 18% വാർഷിക പലിശയോട് കൂടി അഡ്വാൻസ് വാങ്ങിയ തിയതി മുതൽ ഈടാക്കേണ്ടതാണ്. നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പെർമിറ്റ് ഫീ/റെഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ/റെഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് (കെട്ടിടത്തിന്റെ തരം) | പെർമിറ്റ് നം./തിയ്യതി/ കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഈടാക്കിയ ഫീ | ഈടാക്കേണ്ടിയിരുന്ന ഫീ. | കുറവ് |
|---|---|---|---|---|---|
| | എടക്കാട് സോണൽ ഓഫീസ് | | | | |
| 1 | ബപ്പിരിയന്റവിട ജമീല (വാസഗൃഹം) | BA/65/2020-21 തി.14/08/2020 124.94 ച.മീ. 14/08/2020-13 /08/2025 | 567 രൂപ 103289 14/08/2020 | 625 രൂപ | 58രൂപ |
| 2 | നൈനാസ് എം. (വാസഗൃഹം) | BA/79/2020-21 തി.14/08/2020 126.06 ച.മീ. 14/08/2020-13 /08/2025 | 380 രൂപ 103262 14/08/2020 | 630 രൂപ | 250 രൂപ |
| 3 | ചാലിൽ ദൈവത്താൻകണ്ടി സന്ദീപ് (വാസഗൃഹം) | BA/341/2020-21 തി.18/01/2021 154.48 ച.മീ. 18/01/2021-17 /01/2026 | 850 രൂപ 108675 18/01/2021 | 1545 രൂപ | 695 രൂപ |
| 4 | കുഞ്ഞിവളപ്പിൽ ഫൌസത്ത് (വാസഗൃഹം) 59.36(Pro.) | BA/366/2020-21 തി.17/02/2021 121.24 ച.മീ. 17/02/2021- 16/02/2026 | 161 രൂപ 110613 17/02/2021 | 297 രൂപ | 136രൂപ |
| 5 | ചെനാംകണ്ടി സുശിൽ | BA/396/2020-21 | 5022രൂപ | 5391രൂപ | 369രൂപ |

| | | | | | |
|---|---|---|---|---|---|
| | കുമാർ<br>(വാസഗൃഹം) | തി.25/01/2021<br>179.7 ച.മീ.<br>(ക്രമവൽക്കരണം) | 109058<br>25/01/2021 | | |
| 6 | കെ.വി.ബച്ചൻ<br>(വാണിജ്യാവശ്യം) | BA/486/200-21<br>തി.19/02/2021<br>126.96 ച.മീ.<br>19/02/2021-18<br>/02/2026 | 700രൂപ<br>110830<br>19/02/2021 | 1904രൂപ | 1204രൂപ |
| 7 | ആർ.എം.മൻസൂർ<br>(വാണിജ്യാവശ്യം) | BA/505/2020-21<br>തി.09/03/2021<br>356.33ച.മീ.<br>09/03/2021-08<br>/03/2021 | 2241രൂപ<br>112459<br>09/03/2021 | 5345രൂപ | 3104രൂപ |
| 8 | ഹസീന എം.<br>(വാസഗൃഹം) | BA/514/2020-21<br>തി.17/03/2021<br>146.24ച.മീ.<br>17/03/2021-16<br>/03/2026 | 645രൂപ<br>112857<br>17/03/2021 | 731രൂപ | 86രൂപ |
| | | | | ആകെ | 5902രൂപ |
| | എളയാവൂർ സോണൽ ഓഫീസ് | | | | |
| 9 | ജംഷീർ പി.<br>(വാസഗൃഹം) | BA05/2020-21<br>തി.19-02-2022<br>222.32ച.മീ. | 660രൂപ<br>110908<br>19/02/2021 | 2223രൂപ | 1563രൂപ |
| 10 | പാറയിലകത്ത്<br>കരിക്കലകത്ത്<br>സൌജത്ത്<br>(വാസഗൃഹം) | BA 20/2020-21<br>തി.14-08-2020<br>161.48ച.മീ. | 780രൂപ<br>103497<br>14/08/2020 | 1615രൂപ | 835രൂപ |
| 11 | കാട്ടിലെപറമ്പത്ത്<br>ഹസീന<br>(വാണിജ്യം) | BA 107/2020-21<br>തി.28/10/2020<br>239.4 ച.മീ. | 3500രൂപ<br>106045<br>28/10/2020 | 3591രൂപ | 91രൂപ |
| 12 | ശ്രീജിത്ത് ഉണ്ണോലി<br>(വാസഗൃഹം) | BA 192/2020-21<br>19/01/2021<br>153.7 ച.മീ. | 825രൂപ<br>108817<br>19/01/2021 | 1537രൂപ | 712രൂപ |
| 13 | സജിന<br>(വാസഗൃഹം) | BA 193/2020-21<br>14/01/2021<br>140.31 ച.മീ. | 660രൂപ<br>108540<br>12/01/2021 | 702രൂപ | 42രൂപ |

| | | | | | |
|---|---|---|---|---|---|
| 14 | ജനീഷ് എം. (വാസഗൃഹം-അഡീഷൻ) | BA 248/2020-21<br>30/01/2021<br>52.93 ച.മീ.(Pro.)<br>162.30(Total) | 303രൂപ<br>109260<br>30/01/2021 | 529രൂപ | 226രൂപ |
| 15 | സന്തോഷ് കെ.വി. (വാസഗൃഹം) | BA 330/2020-21<br>27/02/2021<br>154.07 ച.മീ. | 848രൂപ<br>112031<br>27/02/2021 | 1541രൂപ | 693രൂപ |
| 16 | ശോഭന കെ. (വാസഗൃഹം) | BA 377/2020-21<br>22/03/2021<br>165.6ച. മീ. | 328രൂപ<br>..................<br>22/03/2021 | 1656രൂപ | 1328രൂപ |
| | | | | ആകെ | 5490 |

പെർമിറ്റ് ഫീ/റെഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്.

2-2 കരാർ ചമയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിർദ്ദേശിച്ച പ്രകാരമുള്ള സമയപരിധിക്കകം കരാർ ചമച്ചിട്ടില്ല. (ജി.ഒ(പി)13/2012/പിഡബ്ള്യൂഡി/01.02.12) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖ.2009.6) കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാറുടമ്പടി വയ്ക്കാത്തപക്ഷം 10 ദിവസം വരെ കരാർ തുകയുടെ 1 ശതമാനം പലിശ ഈടാക്കേണ്ടതാണ്. 10 ദിവസം കഴിഞ്ഞ് കരാർ വയ്ക്കാത്ത കരാറുകാരുടെ കരാർ റദ്ദാക്കേണ്ടതാണ്. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരെ നിശ്ചിത സമയപരിധിക്കു ശേഷം കരാർ ചമക്കാനും പ്രവൃത്തി ചെയ്യാനും അനുവദിച്ചത് ഗുരുതരമായ അപാകമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ 1 ശതമാനം പിഴ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1)നിർവ്വഹണ ഉദ്യോഗസ്ഥൻ -പ്രിയ നായർ ( അസിസ്റ്റന്റ് എഞ്ചിനീയർ)

| ക്രമ നം | പ്രോജക്ട് | കരാറുകാരൻ | കൗൺസിൽ തീരുമാനം | സെലക്ഷൻ നോട്ടീസ് നം/ തീയതി | കരാർ തീയതി/ കരാർ തുക | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|---|
| 1 | 1278/21 നല്ലാനി പീടിക മുതൽ ഷാജിയുടെ വീട് വരെ ടാറിംഗ് | ഇ.ഷമൽ | 19/16.12.2019 | A4/119/20 തീയതി. 23.12.2019 | 19.02.2020/ 1,54,411 | 1,544 |
| 2 | 1317/21 മണ്ടൂർകാവ് ഫുട്പാത്ത് കോൺക്രീറ്റിംഗ് ഡിവിഷൻ-11 | എസ്.മനോജ് കുമാർ | 19/16-12-2019 | PZA4/1951/20 തീയതി. 23.12.2019 | 17-01-2020/ 4,45,921 | 4,459 |
| 3 | 351/21 കാനം പീടിക രാഘവൻ വീട് നടപ്പാത പുനരുദ്ധാരണം-ഡിവിഷൻ-6 | ഇ.ഷമൽ | 20/06-11-2020 | PZA4/2660/20 തീയതി. 11.11.2020 | 16-12-2020/ 1,71,800 | 1,718 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 188/21 പുഴാതി സോണലിൽ 129,133,134 നമ്പർ അംഗനവാടികൾക്ക് അറ്റകുറ്റപ്പണി. | എസ്. മനോജ് കുമാർ | 70/06-12-2018 | PZA4/5549/18 തീയതി. 12-12-2018 | 28-01-2019/ 1,49,815 | 1,498 |
| 5 | 1165/21 .അംബേദ്കർ കോളനിറോഡ് റീ ടാറിംഗും ഡ്രെയിൻ നവീകരണവും, ഡിവിഷൻ-9 | എസ്.മനോജ് കുമാർ | 49/14.01.2020 | PZA4/2973/20 തീയതി. 28-01-2020 | 20-02-2020/ 6,09,685 | 6097 |
